
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്
കേരള സർക്കാർ






# നവകേരളത്തിന്റെ വിജയമുദ്രകൾ

**പുതുവികസന പാതകൾ തുറന്ന്
പത്താം
വർഷത്തിലേക്ക്**

# ആമുഖം



സുസ്ഥിര വികസനത്തിന്റെയും സാമൂഹികനീതിയുടെയും അടിസ്ഥാനത്തിൽ എല്ലാവരെയും ചേർത്തുപിടിക്കുന്ന ഒരു നവകേരളസൃഷ്ടിയാണ് പിണറായി വിജയൻ സർക്കാർ വിഭാവനം ചെയ്യുന്നത്. കഴിഞ്ഞ എട്ടുവർഷമായി അത്തരമൊരു നവകേരളം യാഥാർഥ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏറെ മുന്നോട്ടുപോവാൻ സംസ്ഥാന സർക്കാരിനായി. ഒരിക്കലും സാധ്യമാകില്ലെന്നു കരുതിയ ഗെയിൽ പൈപ്പ്ലൈനും വിഴിഞ്ഞം തുറമുഖവും ദേശീയപാത വികസനവും ഉൾപ്പെടെ ഒട്ടേറെ നേട്ടങ്ങൾ എടുത്തുകാട്ടാവുന്നതാണ്. അത്തരത്തിൽ വിവിധ മേഖലകളിൽ കേരളം കൈവരിച്ച സുപ്രധാന വികസനനേട്ടങ്ങളെയും ക്ഷേമപ്രവർത്തനങ്ങളെയും ഹ്രസ്വമായി അടയാളപ്പെടുത്തുന്ന ഒരു പ്രത്യേക പുസ്തകം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുകയാണ്. പുസ്തകം ഏവർക്കും സ്വീകാര്യമാവുമെന്ന് പ്രതീക്ഷിക്കുന്നു.

ടി.വി. സുഭാഷ്
ഡയറക്ടർ
ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്


**എഡിറ്റർ**
ടി വി സുഭാഷ് ഐ.എ.എസ്

**അഡീഷണൽ എഡിറ്റർ**
സലിൻ മാങ്കുഴി

**ഡപ്യൂട്ടി എഡിറ്റർ**
കെ.പി. സരിത

**എഡിറ്റർ-ഇൻ-ചാർജ്**
കെ എസ് ഇന്ദുശേഖർ

**അസിസ്റ്റന്റ് എഡിറ്റർ**
ദസ്നി എം എച്ച്

**എഡിറ്റോറിയൽ സഹായം**
അജിത കെ ജി

**സർക്കുലേഷൻ ഓഫീസർ**
ശ്രീകാന്ത് എം ഗിരിനാഥ്

**കവർ & ലേഔട്ട്**
രതീഷ് കുമാർ (ഡിജിക്രോ)

**ടൈപ്പ് സെറ്റിങ്ങ്**
വിനിത വി എസ്

**ചിത്രങ്ങൾ**
ഫോട്ടോഗ്രാഫി വിഭാഗം,
ഐപിആർഡി

**അച്ചടി**
കെ ബി പി എസ്
കാക്കനാട്, കൊച്ചി

കോപ്പി 2500
ഏപ്രിൽ 2025
സൗജന്യവിതരണത്തിന്



# വിജയപാതയിൽ നവകേരളത്തിലേക്ക്

**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോകമെമ്പാടുമുള്ള കേരളീയർക്ക് അഭിമാനദീപ്തമായ ഒരു വികാരമാണ് കേരളം. ചരിത്രപരവും സാംസ്കാരികവുമായ സവിശേഷതകൾ കൊണ്ടും ദശകങ്ങളായി നാം ആർജിച്ച ലോകനിലവാരത്തിലുള്ള നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. സമ്പൂർണ്ണ സാക്ഷരത, ഉയർന്ന ജീവിതനിലവാരം, പൊതുജനാരോഗ്യരംഗത്തെ മികവ്, ആയുർ ദൈർഘ്യം, മാതൃ-ശിശു മരണനിരക്കിലെ കുറവ്, ക്ഷേമ പദ്ധതികൾ, ലിംഗസമത്വത്തിലെ മുന്നേറ്റം, അധികാരവികേന്ദ്രീകരണം, ആസൂത്രണത്തിലെ ജനപങ്കാളിത്തം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്. ഇതിനൊപ്പം, ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, മതനിരപേക്ഷത, വർഗീയ കലാപങ്ങളില്ലാത്ത സാമൂഹികാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. കേരളത്തിന്റെ ഈ വേറിട്ടുനിൽക്കൽ ലോകശ്രദ്ധയാകർഷിച്ച ഒന്നാണെന്നു നമുക്കറിയാം.

1957 ൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മുതൽ പിന്നീടിങ്ങോട്ട് അധികാരത്തിൽ വന്ന പുരോഗമന സർക്കാരുകളെല്ലാം കേരളത്തിന്റെ ഈ സാമൂഹിക, സാമ്പത്തിക പുരോഗതിയിൽ അവയുടേതായ പങ്കുവഹിച്ചിട്ടുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ, ക്ഷേമ മേഖലകളിൽ ലോകത്തിനുതന്നെ മാതൃകയായിത്തീർന്ന വിധത്തിൽ വലിയ തോതിലുള്ള മുന്നേറ്റം നമുക്കുണ്ടായി. സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിലും അധികാര വികേന്ദ്രീകരണത്തിലും കുടുംബശ്രീയിലൂടെ സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിലും നമ്മൾ ലോകരാജ്യങ്ങൾക്ക് മാതൃകയായി.

എന്നാൽ, 2016 ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ നമ്മുടെ സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങളില്ലാത്ത, പൊതുവിദ്യാലയങ്ങൾ ഇടിച്ചു നിരത്തപ്പെടുന്ന, വികസന പദ്ധതികളെല്ലാം തന്നെ മുടങ്ങിപ്പോകുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. ദേശീയപാത അതോറിറ്റിയും ഗെയിലുമെല്ലാം ഇവിടുത്തെ പ്രവർത്തനങ്ങൾ തന്നെ നിർത്തിവച്ച് മടങ്ങിപ്പോയ അവസ്ഥ. അത്തരമൊരു സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ നൈരാശ്യത്തെ മറികടക്കാനുതകുന്ന നടപടികളാണ് കഴിഞ്ഞ സർക്കാർ കൈക്കൊണ്ടത്. കേരളത്തിൽ ഒരു കാരണവശാലും നടക്കില്ലായെന്ന് കരുതിയ പല പദ്ധതികളും നടപ്പിൽ വരുത്തി യാഥാർഥ്യമാക്കിയത് ഈ സർക്കാരാണെന്നതാണ് അനിഷേധ്യമായ വസ്തുത. ഗെയ്ൽ പൈപ്പ്ലൈൻ, ദേശീയപാത വികസനം, കൊച്ചി - ഇടമൺ പവർ ഹൈവേ, പുതുവൈപ്പിൻ എൽ പി ജി ടെർമിനൽ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

> കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ ഘട്ടത്തിൽ കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറാൻ തയ്യാറെടുക്കുകയാണ് നാം

നമ്മുടെ പൊതുവിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്കുയർത്തി. പൊതുജനാരോഗ്യ സംവിധാനങ്ങളെ രോഗീസൗഹൃദമാക്കി. മുടങ്ങിക്കിടന്ന വികസന പദ്ധതികളെല്ലാം പൂർത്തിയാക്കി. നമ്മുടെ ജലാശയങ്ങളെയും കൃഷിയിടങ്ങളെയും ഒക്കെ വീണ്ടെടുത്തു. അതിന്റെയൊക്കെ ഫലമായി ജനങ്ങളുടെ വിശ്വാസമാർജിക്കാൻ കഴിഞ്ഞ സർക്കാരിനു കഴിഞ്ഞു. അതുകൊണ്ടുതന്നെയാണ് തുടർഭരണം നൽകാൻ കേരളത്തിലെ ജനങ്ങൾ തയ്യാറായത്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ച് മുന്നോട്ടു പോവുകയാണ് ഈ സർക്കാർ.

ഭരണത്തിന്റെ നാനാതലങ്ങളിൽ മാതൃകാപരമായ മാറ്റങ്ങൾ കൊണ്ടുവന്ന സർക്കാരാണിത്. പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ ഏതെല്ലാം, അവയിൽ നടപ്പാക്കിയവ ഏതൊക്കെ, നടപ്പാക്കാനുള്ളവ ഏതൊക്കെ എന്ന് ജനങ്ങളെ അറിയിക്കുന്ന പ്രോഗ്രസ് കാർഡുകൾ പുറത്തിറക്കി ഒരു പുതിയ ജനാധിപത്യ മാതൃക തീർത്തു. വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കി. ആയിരത്തോളം സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ നൽകുന്നതിന് കെ-സ്മാർട്ട് പോർട്ടലിനു രൂപം നൽകി. ഇ-ഓഫീസ് സംവിധാനങ്ങളെ കാര്യക്ഷമമാക്കി.



ഇന്ത്യയിൽ ഏറ്റവുമധികം നിയമനങ്ങൾ നടത്തുന്ന പബ്ലിക്ക് സർവീസ് കമ്മീഷനാണ് കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ. 30,000 ത്തോളം തസ്തികകൾ സൃഷ്ടിച്ചു. കേന്ദ്ര സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി ലക്ഷക്കണക്കിന് തസ്തികകൾ ഒഴിഞ്ഞു കിടക്കുമ്പോഴാണ് ഇന്ത്യയിലെ മറ്റൊരു സിവിൽ സർവീസിനും അവകാശപ്പെടാനില്ലാത്ത ഈ നേട്ടം കേരളം കൈവരിച്ചത്.

കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ ഘട്ടത്തിൽ കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറാൻ തയ്യാറെടുക്കുകയാണ് നാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനും മെഷീൻ ലേണിങ്ങിനും എല്ലാം മേൽക്കൈവരുന്ന കാലമാണിത്. 2050 ഓടെ ലോകത്തുണ്ടാകുന്ന 75 ശതമാനം തൊഴിലുകളും സ്റ്റെം അഥവാ സയൻസ് ടെക്നോളജി എഞ്ചിനീയറിങ്ങ് മാത്തമാറ്റിക്സ് മേഖലകളിൽ നിന്നായിരിക്കും എന്നാണ് വിദഗ്ധ അഭിപ്രായം. അതു മുന്നിൽ കണ്ടുകൊ
ണ്ടുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തു
ന്നത്. രാജ്യത്തെ ആദ്യത്തെ ജെൻ-എ ഐ കോൺക്ലേവിന് കേരളം വേദിയായി. അന്തർദേശീയ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻ

സ് കേരളത്തിൽ നടക്കുകയുണ്ടായി.

ആഗോള നിക്ഷേപക സംഗമം വിജയകരമായി സംഘടിപ്പിച്ചിരിക്കുകയാണ് നാം. നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ വ്യാവസായിക രംഗത്ത് മികച്ച രീതിയിലുള്ള ഇടപെടലുകൾ നടത്തുകയാണ്. വ്യവസായ സൗഹൃദ സൂചികയിൽ ടോപ് അച്ചീവർ പദവി നേടി കേരളം ഒന്നാമത് എത്തിയിരിക്കുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ ഏകദേശം 92,000 കോടി രൂപയുടെ നിക്ഷേപം വന്നതായാണ് എം എസ് എം ഇ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നത്. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അതിലൂടെ 5 ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന 12,240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. കേരളം 17.3 ശതമാനം വ്യാവസായിക വളർച്ച കൈവരിച്ചതായും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു.

നമ്മുടെ സംരംഭക വർഷം പദ്ധതിയെ വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായാണ് വിലയിരുത്തിയത്. അതിലൂടെ ഇതുവരെ മൂന്നര ലക്ഷത്തിലേറെ സംരംഭങ്ങൾ ആരംഭിക്കാനും 22,500 കോടിയിൽപ്പരം രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനും ഏഴര ലക്ഷത്തോളം തൊഴിലുകൾ സൃഷ്ടിക്കാനും കഴിഞ്ഞു. സ്റ്റാർട്ടപ്പ് മേഖലയിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കു കഴിഞ്ഞു. പുതുതായി ആരംഭിച്ച സ്റ്റാർട്ടപ്പുകളിലൂടെ 62,000 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. കഴിഞ്ഞ എട്ടേമുക്കാൽ വർഷം കൊണ്ട് നമ്മുടെ ഐ ടി കയറ്റുമതി 34,000 കോടി രൂപയിൽ നിന്ന് 90,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസന മേഖലയിൽ കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാവുകയാണ്. ദേശീയപാതാ വികസനം പൂർത്തീകരണത്തോടടുക്കുന്നു. തീരദേശ ഹൈവേയുടെയും മലയോര ഹൈവേയുടെയും പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഇടമൺ-കൊച്ചി പവർ ഹൈവേ പൂർത്തിയാക്കി. കാസർഗോട്ടെ ബേക്കലിനെയും തിരുവനന്തപുരത്തെ കോവളത്തെയും ബന്ധിപ്പിക്കുന്നതാണ് 616 കിലോമീറ്റർ ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാൽ. ജലപാതയുടെ വശങ്ങളിലായി സാമ്പത്തിക വികസന സാധ്യതകളുള്ള ഭൂമി ഏറ്റെടുക്കലിനായി 300 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഡി പി ആർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ എയർസ്ട്രിപ്പിനും 125 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

**1957 ൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മുതൽ പിന്നീടിങ്ങോട്ട് അധികാരത്തിൽ വന്ന പുരോഗമന സർക്കാരുകളെല്ലാം കേരളത്തിന്റെ ഈ സാമൂഹിക, സാമ്പത്തിക പുരോഗതിയിൽ അവയുടേതായ പങ്കുവഹിച്ചിട്ടുണ്ട്**

വ്യവസായ രംഗത്ത് നാം നടത്തുന്ന സുപ്രധാനമായ ഒരു ചുവടുവെപ്പാണ് കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴി. അതിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പാലക്കാട്ട് 1,710 ഏക്കർ ഭൂമിയിൽ 3,806 കോടി രൂപയുടെ ഒരു വ്യവസായ സ്മാർട്ട് സിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽസ്, ഹൈടെക് വ്യവസായങ്ങൾ, ടെക്സ്റ്റൈൽസ്, ഫുഡ് പ്രോസസ്സിങ് തുടങ്ങിയ മേഖലകൾക്കു പ്രാധാന്യം കൊടുക്കുന്നതാകും ഈ ഇൻഡസ്ട്രിയൽ പാർക്ക്. കേരളത്തെ കാർബൺ ന്യൂട്രലാക്കാൻ ഉപകരിക്കുന്നതും 200 കോടി മുതൽ മുടക്ക് പ്രതീക്ഷിക്കുന്നതുമായ ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ കൊച്ചിയിലും തിരുവനന്തപുരത്തും ആരംഭിക്കുകയാണ്. അവയവ മാറ്റിവയ്ക്കലിൽ കേരളത്തിന്റെ ശേഷികളെ മെച്ചപ്പെടുത്താനായി കോഴിക്കോട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ സ്ഥാപിക്കുകയാണ്. തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോംസ് സ്ഥാപിക്കുകയാണ്. ആരോഗ്യരംഗത്തെ പുതിയ സാധ്യതകൾ കണ്ടെത്തുന്ന ഈ കേന്ദ്രത്തിനായി 10 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്.

മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപാദനം, മെഡിക്കൽ സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയുടെ കേന്ദ്രമായി കേരളത്തെ മാറ്റാൻ കഴിയുന്ന കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം യാഥാർഥ്യമാവുകയാണ്. തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം സ്ഥാപിക്കുകയാണ്. ആദ്യ ഘട്ടത്തിനായി അഞ്ച് കോടി രൂപ



**ആദ്യത്തെ കേരള മന്ത്രിസഭ (1957)**
**ഇടത്തുനിന്ന്: ടി.എ. മജീദ്, ജോസഫ് മുണ്ടശ്ശേരി, കെ.പി. ഗോപാലൻ, ടി.വി. തോമസ്, ഡോ.എ.ആർ. മേനോൻ, ഇ.എം.എസ് നമ്പൂതിരിപ്പാട് (മുഖ്യമന്ത്രി), സി. അച്യുതമേനോൻ, കെ.ആർ. ഗൗരി, വി.ആർ. കൃഷ്ണയ്യർ, കെ.സി. ജോർജ്, പി.കെ. ചാത്തൻ**

വകയിരുത്തിയിട്ടുണ്ട്. വൈദ്യുതവാഹനങ്ങളിലെ ഘടകങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനുമായി ഒരു ഇ വി കൺസോർഷ്യം രൂപീകരിക്കുകയാണ്. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എയ്റോസ്പേസ് ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് കേരള സ്പേസ് പാർക്ക് ആരംഭിക്കുകയാണ്.

ശാസ്ത്രസാങ്കേതിക മേഖലയിലെ മുന്നേറ്റങ്ങളെ വ്യവസായ മേഖലയുടെ വളർച്ചക്കായി ഉപ യോഗിക്കാൻ കഴിയുന്ന നാല് സയൻസ് പാർ ക്കുകൾ 1,000 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുകയാണ്. ഡിജിറ്റൽ സയൻസ് പാർ ക്കിന്റെ പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് ആരംഭിച്ചുകഴിഞ്ഞു. റിന്യൂവബിൾ എനർജി, നെറ്റ് സീറോ എമിഷൻ, നാനോ ടെക്നോളജി, ബയോമെഡിക്കൽ എഞ്ചിനീയറിംഗ്, ജീനോമിക് സ്റ്റഡീസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്ങ്, ബിഗ് ഡേറ്റാ സയൻസസ്, മൈക്രോബ യോം, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിങ്ങനെ അതി നൂതന മേഖലകളിലെ 30 മികവിന്റെ കേന്ദ്രങ്ങളാ ണ് സംസ്ഥാനത്തെമ്പാടും ഒരുങ്ങുന്നത്.


ക്ഷേമമേഖലയിലും കാര്യക്ഷമമായ ഇടപെടലുകൾ നടത്തുകയാണ്. ക്ഷേമ പെൻഷനുകൾ ലഭ്യമാ ക്കാനായി പ്രതിവർഷം 11,000 കോടി രൂപയോളം സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. ക്ഷേമ പെൻഷനുകൾക്കായി 2011 മുതൽ 2016 വരെ ചെലവഴിച്ചത് 9,000 കോടി രൂപയായണെങ്കിൽ കഴിഞ്ഞ എട്ടേമുക്കാൽ വർഷം കൊണ്ട് 72,000 കോടിയോളം രൂപയാണ് സർക്കാർ ചെലവഴിച്ചത്. ഭവനരഹിതരില്ലാത്ത, ഭൂരഹിതരില്ലാത്ത ആദ്യ ത്തെ സംസ്ഥാനമായി കേരളത്തെ മാറ്റിയെടു ക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ.

2016 മുതൽക്കിങ്ങോട്ട് ആകെ 3,57,898 പട്ടയങ്ങളാണ് വിതരണം ചെയ്തിരിക്കുന്നത്. മുത്തങ്ങയിൽ സമരം ചെയ്ത ആദിവാസികൾക്ക് ഈ സർക്കാർ പട്ടയം നൽകി. തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചലിൽ ഭൂമിക്കായി നടന്ന സമരം അവസാനിച്ചിരിക്കുകയാണ്. അതോടെ ഭൂരഹിതരായ പട്ടികവർഗക്കാരില്ലാത്ത ആദ്യജില്ലയായി തിരുവനന്തപുരം മാറിയിരിക്കുകയാണ്. 2,730 പട്ടികവർഗ കുടുംബങ്ങൾക്കായി 3,937 ഏക്കർ ഭൂമിയാണ് വിവിധ പദ്ധതികളിലായി ഈ സർക്കാരിന്റെ കാലയളവിൽ മാത്രം നൽകിയിട്ടുള്ളത്. പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ബജറ്റ് വിഹിതം ജനസംഖ്യാനുപാതത്തെക്കാൾ കൂടിയ തോതിൽ അനുവദിക്കുകയാണ്.

ലൈഫ് ഭവന പദ്ധതിയിലൂടെ ഇതിനകം 5,46,327 വീടുകൾ അനുവദിച്ചു. ഇതിൽ 4,37,319 വീടുകൾ പൂർത്തിയാക്കി. 1,09,008 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിഹിതമാണ് സംസ്ഥാന ബജറ്റിൽ ഇക്കുറി ലൈഫിന് വകയിരുത്തിയിരിക്കുന്നത്, 1160 കോടി രൂപ. ആറരലക്ഷം വീടുകൾ എന്ന ലക്ഷ്യത്തിലേക്ക് എത്താനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസി പ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പുനർഗേഹം പദ്ധതി മുഖേന 2,300 ഓളം കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കിയിട്ടുണ്ട്. 390 ഫ്ളാറ്റുകളും കൈമാറി. 944 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ വഴി പട്ടികജാതി വിഭാഗക്കാരുടെ 50,830 വീടുകളുടെയും പട്ടികവർഗ വിഭാഗക്കാ രുടെ 19,739 വീടുകളുടെയും നിർമ്മാണം പൂർ ത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ടര വർഷംകൊണ്ട്



നേട്ടങ്ങൾ പലതും കൈവരിച്ചെങ്കിലും ഇനിയും പല മേഖലകളിലും മുന്നേറാനുണ്ടെന്ന ഉത്തമ ബോധ്യത്തോടെ നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ്

ലൈഫ് മിഷനിലൂടെ മാത്രം പട്ടികജാതി വിഭാഗക്കാരുടെ 1,12,383 ഭവനങ്ങളുടെയും പട്ടികവർഗ വിഭാഗക്കാരുടെ 42,591 ഭവനങ്ങളുടെയും നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവീസിൽ നാല് ശതമാനം സംവരണം ഉറപ്പാക്കി.

2025 നവംബർ ഒന്നോടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുകയാണ്. കഴിഞ്ഞ എട്ട് വർഷത്തെ കണക്കെടുത്താൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുള്ള വിപണി ഇടപെടലിനു മാത്രമായി 14,000 കോടിയോളം രൂപയാണ് വിവിധ മാർഗങ്ങളിലൂടെ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ട 886 സ്ഥാപനങ്ങളിൽ 683 എണ്ണവും പൂർത്തീകരിച്ചു. 42 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ഫലം കാണുന്നുവെന്നാണ് പുറത്തുവന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്. നാക്ക് റാങ്കിങ്ങിൽ എം ജി, കേരള സർവകലാശാലകൾക്ക് എ പ്ലസ് പ്ലസ് ഗ്രേഡും കാലിക്കറ്റ്, കുസാറ്റ്, കാലടി സർവകലാശാലകൾക്ക് എ പ്ലസ് ഗ്രേഡും ലഭിക്കുകയുണ്ടായി. കേരളത്തിലെ 18 കോളേജുകൾക്ക് എ പ്ലസ് പ്ലസ് ഗ്രേഡും 31 കോളേജുകൾക്ക് എ പ്ലസ് ഗ്രേഡും 53 കോളേജുകൾക്ക് എ ഗ്രേഡും ലഭിച്ചു. എൻ ഐ ആർ എഫ് റാങ്കിങ്ങിലെ രാജ്യത്തെ മികച്ച 200 കോളേജുകളിൽ 42 എണ്ണവും കേരളത്തിലുള്ളവയാണ്.

നേട്ടങ്ങൾ പലതും കൈവരിച്ചെങ്കിലും ഇനിയും പല മേഖലകളിലും മുന്നേറാനുണ്ടെന്ന ഉത്തമ ബോധ്യത്തോടെ നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ്. വ്യവസായ വികസനം ത്വരിതപ്പെടുത്തുക, കാർഷിക നവീകരണം സാധ്യമാക്കുക, തദ്ദേശീയമായി തൊഴിലുകൾ സൃഷ്ടിക്കുക, മാലിന്യ നിർമ്മാർജനം കാര്യക്ഷമമാക്കുക, ജീവിതശൈലീ രോഗങ്ങൾ തടയുക, അതിവേഗ യാത്രാസംവിധാനങ്ങളൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കേണ്ടതുണ്ട്. ഭദ്രമായ ക്രമസമാധാന നില, സമാധാനപൂർണ്ണമായ സാമൂഹ്യജീവിതം എന്നിവ ഒൻപത് വർഷം കൊണ്ട് കേരളത്തിന്റെ പ്രത്യേകതയായി. അത്തരമൊരു അന്തരീക്ഷത്തിൽ വികസനത്തിന്റെ പുതിയ കുതിപ്പുകളിലേക്ക് കടക്കുകയാണ് കേരളം ഇപ്പോൾ. അതിനായി നമുക്ക് ഒരേ മനസ്സോടെ നീങ്ങാം.■



# നവകേരളത്തിന്റെ വിജയമുദ്രകൾ

## പുതുവികസന പാതകൾ തുറന്ന 8 വർഷം




# സ്വപ്നം തീരമണഞ്ഞു

**തുറമുഖത്തിന്റെ രണ്ടു മുതൽ നാലുവരെയുള്ള ഘട്ടങ്ങൾ 2028 ൽ പൂർത്തിയാക്കുന്നതോടെ വിഴിഞ്ഞത്ത് സമ്പൂർണ തുറമുഖം യാഥാർഥ്യമാകും**

കേരളത്തിന്റെ വികസനചരിത്രത്തിൽ ഉജ്ജ്വല അധ്യായം തുന്നിച്ചേർക്കുകയാണ് വിഴിഞ്ഞം തുറമുഖം. 2023 ഒക്ടോബറിൽ ചൈനയിൽ നിന്നുള്ള ക്രെയിനുകളുമായി ഷെൻ ഹുവ 15 എ ചരക്കു കപ്പൽ തീരത്ത് നങ്കൂരമിട്ടതോടെ വിഴിഞ്ഞം തുറമുഖപദ്ധതി യാഥാർഥ്യമാവുന്നതിനു തുടക്കമായി. ജൂലൈ ഒന്നിന് ട്രയൽ റൺ ആരംഭിച്ച വിഴിഞ്ഞത്ത് ക്രിസ്മസ് ദിനം വരെ 102 ചരക്കുകപ്പലുകൾ നങ്കൂരമിട്ടുകഴിഞ്ഞു. ഇതിനകം രണ്ടു ലക്ഷത്തിലധികം കണ്ടെയ്നർ കൈകാര്യം ചെയ്ത തുറമുഖം ഡിസംബർ മൂന്ന് മുതലാണ് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയത്. IN TRV 01 എന്നാണ് തുറമുഖത്തിന്റെ രാജ്യാന്തര ലൊക്കേഷൻ കോഡ്.

തുറമുഖത്തിന്റെ രണ്ടു മുതൽ നാലുവരെയുള്ള




ഘട്ടങ്ങൾ 2028ൽ പൂർത്തിയാക്കുന്നതോടെ വിഴിഞ്ഞത്ത് സമ്പൂർണ തുറമുഖം യാഥാർഥ്യമാകും. 8,867 കോടി രൂപയാണ് വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനുള്ള ആകെ മുതൽമുടക്ക്. ഇതിൽ 5,595 കോടി രൂപ സംസ്ഥാന സർക്കാരും 818 കോടി രൂപ കേന്ദ്ര സർക്കാരും നൽകുമെന്നായിരുന്നു വ്യവസ്ഥ. കേരളം വിഴിഞ്ഞത്തിനായി 2159 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. അനേകം പ്രദേശവാസികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കിയും പ്രതിസന്ധികളെ അതിജീവിച്ചും സർക്കാർ വിഴിഞ്ഞത്തെ ചരിത്രത്തിലേക്ക് നങ്കൂരമിടീക്കുകയാണ്.



4 **വ്യവസായ മുന്നേറ്റം**



# വ്യവസായ സൗഹൃദത്തിൽ ആദ്യറാങ്ക്




സുസ്ഥിര സാമ്പത്തികവളർച്ച ഉറപ്പുവരുത്തുന്നതും എല്ലാ ജനവിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നതുമായ, സംരംഭകത്വ സമൂഹമായി സംസ്ഥാനത്തെ മാറ്റുമെന്നുമായിരുന്നു 2016 -ൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വ്യവസായ മേഖലയ്ക്ക് നൽകിയ വാഗ്ദാനം. മുമ്പില്ലാത്ത വിധം ഈ രംഗത്ത് ആത്മവിശ്വാസം സൃഷ്ടിച്ചും പിന്തുണ നൽകിയും നഷ്ടത്തിലായതും കേന്ദ്രം കൈയൊഴിയാൻ  തീരുമാനിച്ചതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തും ഈ മേഖലയിൽ കേരളം പുതുചരിത്രം സൃഷ്ടിച്ചു കഴിഞ്ഞു.

രാജ്യത്തെ ഏറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായനയം തന്നെ പുതുക്കിയ രണ്ടാം പിണറായി വിജയൻ സർക്കാർ 2023ൽ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28ൽ നിന്ന് 15-ാം സ്ഥാനത്തേക്ക് വ്യവസായ കേരളത്തെ നയിച്ചു . ഒരു വർഷത്തിനിപ്പുറം കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് സൂചികയിൽ കേരളം ഒന്നാമതാണ്. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ നമ്മുടെ സർക്കാർ സ്വീകരിച്ച നടപടികളും പരിഷ്കാരങ്ങളും തന്നെയാണ് കേരളത്തെ രാജ്യത്തിനാകെ മാതൃകയാകുന്ന നേട്ടത്തിലേക്ക് നയിച്ചത്.





- കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി യാഥാർഥ്യമാക്കുന്നതിനായി ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. വ്യവസായ ഇടനാഴി യാഥാർഥ്യമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തിന് ലഭിക്കും. ഒരു ലക്ഷത്തിലധികം തൊഴിൽ പ്രത്യക്ഷമായും രണ്ട് ലക്ഷത്തോളം തൊഴിൽ പരോക്ഷമായും സൃഷ്ടിക്കപ്പെടും.
- 50 കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം കോംപോസിറ്റ് ലൈസൻസ്.
- സംരംഭകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഇന്ത്യയിൽതന്നെ ആദ്യമായി സിവിൽ കോടതി അധികാരത്തോടെ സ്റ്റാറ്റ്യൂട്ടറി സമിതി, ഓൺലൈൻ പോർട്ടൽ.
- കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മികച്ച പ്രവർത്തനലാഭം.

**വ്യവസായ ഇടനാഴി യാഥാർഥ്യമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തിന് ലഭിക്കും**

**കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിൽ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ, മന്ത്രി പി. രാജീവ് എന്നിവർ**



4 സംരംഭക പ്രോത്സാഹനം

# ദേശീയശ്രദ്ധ നേടി സംരംഭക വർഷം



നൂതനമായ സാങ്കേതിക വിദ്യകളിലൂന്നിയ വൻകിട വ്യവസായങ്ങൾക്കൊപ്പം കേരളത്തിൽ ഏറ്റവും സാധ്യതയുള്ള മേഖല എം എസ് എം ഇ ആണെന്നതിനാൽ ഈ മേഖലയിൽ ചരിത്രം സൃഷ്ടിക്കണമെന്ന ഇച്ഛാശക്തിയോടെ ആരംഭിച്ച പദ്ധതിയാണ് സംരംഭക വർഷം. എം എസ് എം ഇ മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസായി പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത യോഗത്തിൽ ദേശീയ അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ 3,52,965 സംരംഭങ്ങൾ ആരംഭിച്ചു. 22,674 കോടി രൂപയുടെ നിക്ഷേപവും 7,22,444 തൊഴിലും കേരളത്തിലുണ്ടായി. ഒരു ലക്ഷത്തിലധികം വനിതാ സംരംഭകർ (1,12,448) പദ്ധതിയുടെ ഭാഗമായി കേരളത്തിലുണ്ടായി എന്നതും ശ്രദ്ധേയമാണ്.

# സുസ്ഥിരവികസനത്തിൽ എന്നും ഒന്നാമത്

സുസ്ഥിരവികസന ലക്ഷ്യങ്ങളിലേക്ക് രാജ്യം മുന്നേറുമ്പോൾ, ആ യാത്രയെ നയിക്കുകയാണ് കേരളം. വികസന, ക്ഷേമപ്രവർത്തനങ്ങളിൽ ദിശാബോധവും ആസൂത്രണവും സമയബന്ധിത നിർവഹണവും ഉറപ്പാക്കിയാണ് നമ്മുടെ സംസ്ഥാനത്തിന്റെ മുന്നേറ്റം. അതിനു തെളിവാകുകയാണ് നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിലെ കേരളത്തിന്റെ ഒന്നാം സ്ഥാനം. 2018 ൽ സുസ്ഥിരവികസന സൂചികയ്ക്ക് ആരംഭം കുറിച്ചത് മുതൽ രാജ്യത്ത് ഒന്നാം സ്ഥാനത്താണ് കേരളം. രണ്ടു വർഷത്തിലൊരിക്കൽ നീതി ആയോഗ് പ്രസിദ്ധീകരിക്കുന്ന സുസ്ഥിരവികസന സൂചികയിൽ കഴിഞ്ഞ നാല് തവണയും ഒന്നാമതെത്തിയത് കേരളമാണ്. 2020-21 നേക്കാൾ നാലു പോയിന്റ് ഉയർത്തിയാണ് ഒടുവിൽ കേരളം നേട്ടം ആവർത്തിച്ചത്. പ്രതിസന്ധികൾ പലതുണ്ടെങ്കിലും വികസനവഴിയിൽ കേരളത്തിന്റെ ദിശാബോധവും മികവുമാണ് അംഗീകരിക്കപ്പെടുന്നത്. നോട്ടു



നിരോധനം, നൂറ്റാണ്ടിലെ മഹാപ്രളയം, മഴക്കെടുതികൾ, ഓഖി, നിപ്പ, കോവിഡ് മഹാമാരി, കേന്ദ്രസർക്കാരിന്റെ ആവർത്തിക്കുന്ന സാമ്പത്തിക അവഗണന തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചാണ് നമ്മൾ ഒറ്റക്കെട്ടായി മുന്നേറുന്നത്.



# ഇ – ഭരണത്തിൽ സ്മാർട്ടായി കേരളം

രണ്ടാം പിണറായി വിജയൻ സർക്കാർ 2024 ജനുവരി ഒന്നു മുതൽ ഇ - ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കിയ പദ്ധതിയാണ് കേരള സൊല്യൂഷൻസ് ഫോർ മാനേജിങ്ങ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ അഥവാ കെ സ്മാർട്ട്. ആരംഭം കുറിച്ച നാൾ മുതൽ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതിയിലൂടെ നടപടിക്രമങ്ങളുടെ നൂലാമാലകൾ ഒഴിവാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളും സർട്ടിഫിക്കറ്റുകളും സർക്കാർ ഒറ്റ ക്ലിക്കിൽ ലഭ്യമാക്കി. അതുകൊണ്ടു തന്നെ പൊതുജനം ഇരുകൈയ്യും നീട്ടി സ്വീകരിച്ച ഈ പദ്ധതിയിലൂടെ ഇതിനകം തീർപ്പാക്കിയത് 25.02 ലക്ഷം ഫയലുകളാണ്.

33.18 ലക്ഷം ഫയലുകളാണ് കെ സ്മാർട്ടിലൂടെ ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്വീകരിച്ചത്. ഇതിൽ 75.4 ശതമാനവും തീർപ്പാക്കിക്കഴിഞ്ഞു. ഓരോ ഓഫീസിലെയും ജില്ലയിലെയും ഫയലുകൾ

പരിഹരിച്ചതിന്റെ സ്ഥിതി വിവര കണക്കുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഈ പദ്ധതിയിലൂടെ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി അറിയാനും സാധിക്കും.

ജനന, മരണ, വിവാഹ രജിസ്ട്രേഷനുകൾ, കെട്ടിട പെർമിറ്റ്, സർട്ടിഫിക്കറ്റുകൾ, സാക്ഷ്യപത്രങ്ങൾ, കെട്ടിടങ്ങളുടെ വിവരങ്ങൾ, കെട്ടിട നികുതി ഓൺലൈൻ ആയി അടയ്ക്കാനുള്ള സൗകര്യം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വിവിധ ലൈസൻസുകൾക്കായി അപേക്ഷിക്കുന്നതിനും അവ ലഭ്യമാക്കുന്നതിനും ഉള്ള സൗകര്യം എന്നിവയെല്ലാം മണിക്കൂറുകൾക്കുള്ളിൽ ഓൺലൈനായി അപേക്ഷകന് നൽകുന്ന കെ-സ്മാർട്ട് സംവിധാനം.

2025 ഏപ്രിൽ 10 മുതൽ ത്രിതല പഞ്ചായത്തുകളിലും കെ-സ്മാർട്ട് വിന്യസിക്കും. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കെ സ്മാർട്ടിന്റെ പൈലറ്റ് റൺ ആരംഭിച്ചു കഴിഞ്ഞു. അങ്ങനെ കെ ഫോണിനും കെ ഫൈ പദ്ധതിക്കും പിന്നാലെ കെ സ്മാർട്ട് കൂടി നിലവിൽ വന്നതോടെ കേരളം ഈ രംഗത്ത് രാജ്യത്തിന് മൊത്തം മാതൃകയാവുകയാണ്.

**33.18 ലക്ഷം ഫയലുകളാണ് കെ സ്മാർട്ടിലൂടെ ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്വീകരിച്ചത്. ഇതിൽ 75.4 ശതമാനവും തീർപ്പാക്കിക്കഴിഞ്ഞു**



കെ സ്മാർട്ട് ഉദ്ഘാടനം

# ഭൂമിതർക്കങ്ങളില്ലാത്ത ഭാവിയിലേക്ക്

സമഗ്ര ഭൂവിവരം ഡിജിറ്റൽ സംവിധാനത്തിൽ ലഭ്യമാകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം. എല്ലാവർക്കും ഭൂമി ഉണ്ടാവണമെന്നും അവയ്ക്ക് കൃത്യമായ രേഖകൾ ഉണ്ടാകണമെന്നുമുള്ള സർക്കാരിന്റെ ലക്ഷ്യത്തിലൂന്നിയാണ് ഡിജിറ്റൽ റീസർവേ നടപ്പിലാക്കുന്നത്. ഡിജിറ്റൽ റീ സർവെ പ്രവർത്തനങ്ങളുടെ മൂന്നാംഘട്ടം ആരംഭിച്ചു.






**എന്റെ ഭൂമി പോർട്ടൽ ഉദ്ഘാടനം**

**സംസ്ഥാനത്തുടനീളം ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഡിജിറ്റൽ റീസർവെയുടെ രണ്ടു ഘട്ടങ്ങളിലായി ഇതുവരെ 6.02 ലക്ഷം ഹെക്ടർ ഭൂമിയലധികം അളന്നു**

സംസ്ഥാനത്തുടനീളം ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഡിജിറ്റൽ റീസർവെയുടെ രണ്ടു ഘട്ടങ്ങളിലായി ഇതുവരെ 6.02 ലക്ഷം ഹെക്ടർ ഭൂമിയിലധികം അളന്നു. ഡിജിറ്റൽ റീ സർവെയുടെ ഒന്നാംഘട്ടത്തിൽ സർവെ ആരംഭിച്ച 200 വില്ലേജുകളിലെയും രണ്ടാം ഘട്ടത്തിൽ സർവെ ആരംഭിച്ച 203 വില്ലേജുകളിൽ 47 വില്ലേജുകളിലെയും സർവെ പൂർത്തീകരിച്ച് സർവെ അതിരടയാള നിയമത്തിലെ 9(2) പ്രഖ്യാപനം പ്രസിദ്ധീകരിച്ചു. രണ്ട് ഘട്ടങ്ങളിലായി 44.73 ലക്ഷം ലാൻഡ് പാർസലുകളാണ് അളവ് പൂർത്തിയാക്കിയത്. മൂന്നാംഘട്ടത്തിൽ 200 വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ നടപ്പാക്കുന്നത്.

കേരളം പൂർണ്ണമായും ഡിജിറ്റലായി സർവെ ചെയ്ത് റെക്കാർഡുകൾ തയ്യാറാക്കുന്ന പദ്ധതി എല്ലാ ജില്ലകളിലും 2022 നവംബർ 1 ന് ആണ് തുടക്കമിട്ടത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം-22, കൊല്ലം-12, പത്തനംതിട്ട-12 കോട്ടയം-9, ആലപ്പുഴ-8, ഇടുക്കി-13, എറണാകുളം-13, തൃശൂർ-23, പാലക്കാട്-14, മലപ്പുറം-18, കോഴിക്കോട്-16, വയനാട്-8, കണ്ണൂർ-14, കാസർഗോഡ്-18 എന്നിങ്ങനെ 200 വില്ലേജുകളിലാണ് വിജയകരമായി പൂർത്തിയാക്കി. ഭൂമി സംബന്ധമായ രേഖകൾ സുതാര്യവും കൃത്യവുമാക്കുന്നതിൽ വിപ്ലവകരമായ നേട്ടങ്ങളാണ് ഡിജിറ്റൽ സർവേയിലൂടെ കൈവരിക്കാനായത്. സർവേ നടത്തി സ്ഥാപിച്ച കല്ലുകളും കുറ്റികളും പിഴുതുമാറ്റിയാലും ഡിജിറ്റൽ സർവേയിലൂടെ സൃഷ്ടിക്കപ്പെടുന്ന ഡിജിറ്റൽ വേലികൾ എക്കാലവും നിലനിൽക്കും. കൈയേറ്റ ഭൂമികൾ ഉൾപ്പെടെ കണ്ടെത്തി അത് ഭൂരഹിതർക്ക് വിതരണം ചെയ്യാനുള്ള ശ്രമങ്ങളാണ് റീസർവേയിലൂടെ സർക്കാർ നടത്തുന്നത്. സർക്കാർ ഭൂമി കൈയേറി കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് അത് തിരിച്ചുപിടിക്കാനും കുടിയേറ്റക്കാർക്ക് അവർ താമസിക്കുന്ന ഭൂമി പതിച്ച് നൽകാനുമുള്ള സർക്കാർ ശ്രമങ്ങൾക്ക് സഹായകരമാകുന്ന നടപടിയാണ് ഡിജിറ്റൽ റീസർവേ. ആന്ധ്രാപ്രദേശ് സർക്കാരും സംസ്ഥാനത്തിന്റെ സഹായത്തോടെ രാജ്യത്തിന് മാതൃകയാകുന്ന ഡിജിറ്റൽ റീസർവേ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ നിയമാനുസൃത കൈവശം ഉറപ്പാക്കുന്നതിനും ഭൂരഹിതർക്കുള്ള നീതി ഉറപ്പുവരുത്തുന്നതിനും ഡിജിറ്റൽ റീ-സർവെ വലിയ മാതൃകയാകും.

# സൗജന്യ ചികിത്സയ്ക്ക് രാജ്യശ്രദ്ധ

**കഴിഞ്ഞ നാല് വർഷം കൊണ്ട് 30 ലക്ഷത്തോളം പേർക്ക് ആകെ 7000 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കിയ സംസ്ഥാനം കേരളമാണ്**




രാജ്യത്തെ ഏറ്റവും മികച്ച ആരോഗ്യപരിപാലന സംവിധാനങ്ങളുള്ള നമ്മുടെ കേരളം ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള വിപുലമായ ആരോഗ്യ പരിപാലന ശൃംഖലകളിലൂടെ ഏത് വെല്ലുവിളിയും നേരിടാൻ ശക്തിപ്രാപിച്ചു കഴിഞ്ഞു. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ കേന്ദ്ര സർക്കാരിന്റെ ഉത്കൃഷ്ഠ പുരസ്കാരം, തിരുവനന്തപുരം മെഡിക്കൽകോളേജിലെ അത്യാഹിത വിഭാഗത്തിന് മികവിന്റെ കേന്ദ്രം അംഗീകാരം എന്നിവ ഉൾപ്പെടെ
28 ൽ അധികം അവാർഡുകളാണ് ഒരു വർഷത്തിനുള്ളിൽ ആരോഗ്യകേരളം സ്വന്തമാക്കിയത്.

വിവിധ പദ്ധതികളിലൂടെയാണ് സൗജന്യ ചികിത്സകൾ ഉറപ്പാക്കുന്നത്. സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന കാസ്പ് പദ്ധതിയിൽ അംഗങ്ങളായ 581 സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. ഒരു കുടുംബത്തിലെ ഓരോരുത്തർക്കും അഞ്ച് ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ ലഭിക്കുന്നു. നിലവിൽ കാസ്പിന് കീഴിലുള്ള 42 ലക്ഷം ഗുണഭോക്താക്കളിൽ 20 ലക്ഷത്തിലധികം പേർക്കും പൂർണ്ണമായും സംസ്ഥാനമാണ് ധനസഹായം നൽകുന്നത്. വിവിധ സൗജന്യ ചികിത്സകൾക്കായി പ്രതിവർഷം 1600 കോടി രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. എന്നാൽ കേന്ദ്രം സംസ്ഥാനത്തിന് നൽകുന്നത് 150 കോടി രൂപ മാത്രമാണ്. മൊത്തം ചെലവിന്റെ 10 ശതമാനം മാത്രമാണ് കേന്ദ്രം അനുവദിക്കുന്നത്.



കാസ്പ് പദ്ധതിയിൽ അംഗമല്ലാത്ത അർഹരായവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ഒരു കുടുംബത്തിന് രണ്ട് ലക്ഷം രൂപയുടെ സൗജന്യ ചികിത്സ സഹായം ലഭ്യമാകുന്നു. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വരെ ഈ പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കുന്നു. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ ആരോഗ്യ കിരണം പദ്ധതി വഴിയും സൗജന്യ ചികിത്സ ഉറപ്പാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 7854 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തി.

സ്വകാര്യ മേഖലയിൽ ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന ചികിത്സകൾ സൗജന്യമായോ മിതമായ നിരക്കിലോ സർക്കാർ മേഖലയിൽ തുടങ്ങാൻ കഴിഞ്ഞു. അതിൽ എടുത്തു പറയാവുന്നതാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, റോബോട്ടിക് ശസ്ത്രക്രിയ തുടങ്ങിയവ. ആദ്യമായി ജില്ലാ ആശുപത്രിതലത്തിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കേരളത്തിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ആരംഭിച്ചു. രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചു. അധികദൂരം യാത്ര ചെയ്യാതെ അവരുടെ ജില്ലകളിൽ തന്നെ സൗജന്യ സ്ട്രോക്ക് ചികിത്സ ലഭ്യമാകുന്ന സംവിധാനം 10 ജില്ലകളിൽ യാഥാർത്ഥ്യമാക്കി.

നാഷണൽ സ്റ്റാറ്റിറ്റിക്സ് സർവേ പ്രകാരം പത്ത് വർഷം മുമ്പ് സംസ്ഥാനത്ത് ആരോഗ്യത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചറിനേക്കാൾ ചികിത്സാച്ചെലവ് പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്.



## മാലിന്യമുക്തം നവകേരളം

# വൃത്തിയുള്ള കേരളം



മാലിന്യമുക്ത കേരളം കെട്ടിപ്പടുക്കാനുള്ള കൂട്ടായ ശ്രമങ്ങൾക്കൊടുവിൽ ചരിത്രനേട്ടവുമായി കേരളം. 98.52 ശതമാനം ടൗണുകളും മാലിന്യമുക്തമായി. ആകെ 3060 ടൗണുകളാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ വഴി നേട്ടം കൊയ്തത്. 1034 തദ്ദേശസ്ഥാപനങ്ങളിൽ 1021 ഉം മാലിന്യമുക്തമായി ജനകീയാസൂത്രണം, സമ്പൂർണ സാക്ഷരതായജ്ഞം എന്നിവയ്ക്ക് ശേഷം നടന്ന ഏറ്റവും ജനകീയമായ ക്യാമ്പയിനാണ് മാലിന്യമുക്തം നവകേരളം. തുടക്കത്തിൽ മിനിഎംസിഎഫുകൾ സ്ഥാപിക്കുന്നതിനുപോലും വലിയ ജനപ്രതിരോധങ്ങൾ നേരിടേണ്ടിവന്നു. മനോഭാവമാറ്റത്തിലൂന്നി പരിപാടികൾ ആസൂത്രണം ചെയ്തു. താഴേത്തട്ടു മുതൽ ബോധവത്കരണം നടപ്പാക്കി. നിരീക്ഷണവും ശിക്ഷാനടപടികളും കർശനമാക്കി.

കേരളം ഒത്തുപിടിച്ചാൽ അസാധ്യമായതായി ഒന്നുമല്ലെന്ന് ഈ ക്യാമ്പയിനും തെളിയിച്ചു. സർക്കാർ നിശ്ചയിച്ച 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80 ശതമാനം പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ

**കർശനനിരീക്ഷണം, ബോധവൽക്കരണ പ്രോത്സാഹിപ്പിക്കൽ, ഹരിത വിദ്യാലയങ്ങൾ, ഹരിത ഓഫീസുകൾ ഹരിതസ്ഥാപനങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, വൃത്തിയുള്ള പൊതുസ്ഥലങ്ങളും മാർക്കറ്റുകളും, മാലിന്യമുക്തമായ നീർച്ചാലുകൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ കൈവരിക്കാനുണ്ട്**



**മാലിന്യക്കൂന നീക്കിയ ബ്രഹ്മപുരത്ത് മന്ത്രി എം.ബി.രാജേഷ്**



സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്. ഹരിത മിത്രം ആപ്പിലെ കണക്ക് പ്രകാരം 85,97,815 വീടുകളിലും സ്ഥാപനങ്ങളിലുമാണ് മാർച്ചിൽ ഹരിതകർമ്മസേന എത്തി അജൈവ മാലിന്യം ശേഖരിച്ചത്.

2024 ഒക്ടോബർ രണ്ട് ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച് മാർച്ച് 30 അന്താരാഷ്ട്ര ശൂന്യമാലിന്യദിനത്തിൽ കേരളത്തെ ഖരമാലിന്യമുക്തമാക്കുന്ന തരത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. സംസ്ഥാനത്തെ ആകെയുള്ള 59 മാലിന്യക്കൂനകളിൽ 24 എണ്ണം പൂർണ്ണമായും നീക്കം ചെയ്തു. 56.95 ഏക്കർ ഭൂമി വീണ്ടെടുത്തു. ബ്രഹ്മപുരത്ത് ബയോ മൈനിങ്ങ് അവസാനഘട്ടത്തിലാണ്. ഇതിനകം 24 ഏക്കർ ഭൂമി വീണ്ടെടുത്തു. മാലിന്യസംസ്കരണ പുരോഗതി 80 ശതമാനത്തിൽ നിന്നു 100 ആക്കാനും സുസ്ഥിരമായ സംവിധാനങ്ങൾ ഒരുക്കാനുമുള്ള പ്രവർത്തനങ്ങളാണ് ഇനിയുള്ള ദിവസങ്ങളിൽ നടക്കുക. സമ്പൂർണമായി മാലിന്യമുക്തമായ തദ്ദേശസ്ഥാപനങ്ങളുടെ ജില്ലാതല പ്രഖ്യാപനം ഏപ്രിൽ ഏഴിനുള്ളിൽ നടക്കും.

**ഹരിത പദവി പ്രഖ്യാപനങ്ങൾ**

| കേന്ദ്രം | ഹരിത പദവി നേടിയവ | ശതമാനം ക്രമത്തിൽ |
|---|---|---|
| ടൗൺ | 3060 | 98.52 |
| മാർക്കറ്റ്, പൊതുസ്ഥലം | 3,087 | 95.54 |
| അയൽക്കൂട്ടങ്ങൾ | 2,87,409 | 94.58 |
| ഹരിത വിദ്യാലയങ്ങൾ | 14,321 | 98.52 |
| ഹരിത കലാലയങ്ങൾ | 1370 | 95.11 |
| ഹരിത സ്ഥാപനങ്ങൾ | 57,201 | 94.69 |
| ഹരിത ടൂറിസം കേന്ദ്രം | 317 | 75.65 |

# ഇ - സേവനങ്ങൾ എല്ലാവർക്കും






റവന്യൂ വകുപ്പിന്റെ 12 ഇ-സേവനങ്ങളുടെ ഉദ്ഘാടനം

**www.services.kerala.gov.in പോർട്ടലിൽ വിവിധ വകുപ്പുകളുടെ 500-ലധികം സേവനങ്ങൾ ആദ്യഘട്ടമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ അധിഷ്ഠിത സേവനങ്ങൾക്ക് വേണ്ടി എം- സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാക്കിയിട്ടുണ്ട്**

കേരള സർക്കാരിന്റെ പ്രഖ്യാപിത നയമാണ് 'ഇന്റർനെറ്റ് എന്റെ അവകാശം'. ഇ - സാക്ഷരത നേടിയവർക്ക് നേരിട്ടും അല്ലാത്തവർക്ക് അക്ഷയ സെന്ററുകൾ ഉപയോഗപ്പെടുത്തിയും നമ്മുടെ നാട്ടിൽ സർക്കാർ സേവനങ്ങൾ നേടിയെടുക്കാൻ സാധിക്കുന്ന സാഹചര്യം ഉറപ്പായതോടെ ഭരണനിർവഹണത്തിലും കേരളം രാജ്യത്തിന് മാതൃക സൃഷ്ടിക്കുകയാണ്. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തി ഇ-സേവനം എന്ന കേന്ദ്രീകൃത പോർട്ടലിനു രൂപം നൽകിയിട്ടുണ്ട്. www.services.kerala.gov.in പോർട്ടലിൽ വിവിധ വകുപ്പുകളുടെ 900-ലധികം സേവനങ്ങൾ ആദ്യഘട്ടമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ അധിഷ്ഠിത സേവനങ്ങൾക്ക് വേണ്ടി എം- സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾ വേഗത്തിൽ തിരയുന്നതിനും കണ്ടെത്തുന്നതിനായി ഉപഭോക്തൃ വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർ,വിദ്യാർഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങൾ & നൈപുണ്യവികസനം, സാമൂഹ്യസുരക്ഷ & പെൻഷനേഴ്സ്, പൊതു ഉപയോഗസേവനങ്ങൾ, മറ്റുസേവനങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിൽ 1666 വില്ലേജുകൾക്ക് പ്രത്യേകം ഔദ്യോഗിക വെബ് സൈറ്റുകളും അതിലൂടെ സേവനങ്ങളും ഒരൊറ്റ ക്ലിക്കിൽ ലഭ്യമാക്കാനുള്ള സംവിധാനവും ഏർപ്പെടുത്തി. നിലവിലുള്ള 27 സേവനങ്ങൾക്കു പുറമെ പോയവർഷം 12 സേവനങ്ങൾ കൂടി റവന്യൂ വകുപ്പ് സ്മാർട്ട് സേവന പരിധിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. പ്രവാസികൾക്ക് ഭൂസംബന്ധമായ സേവനങ്ങൾ, ഏത് ഭൂമിയും തിരയാനുള്ള സൗകര്യം ലഭ്യമാക്കുന്നു. www.revenue.kerala.gov.in, കെബിടി അപ്പീൽ -ഓൺലൈൻ സംവിധാനം, റവന്യു റിക്കവറി ഡിജിറ്റൽ പെയ്മെന്റ്, ബിസിനസ് യൂസർ -പാൻ ഉപയോഗിച്ചുള്ള ലോഗിൻ സൗകര്യം, തണ്ടപ്പേർ സർട്ടിഫിക്കറ്റ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, പോക്കുവരവ്, ഭൂപരിപാലനം, ഭൂനികുതി അടയ്ക്കൽ, ലൊക്കേഷൻ സ്കെച്ച്, മുൻ സർവെ റെക്കോഡുകൾ, ഡിജിറ്റൽ സർവെ മാപ്പ്, ലാൻഡ് ഐഡന്റിഫിക്കേഷൻ എന്നീ സേവനങ്ങൾ ഈ പോർട്ടൽ വഴി ലഭിക്കും. ഭൂമികൈമാറ്റം, ഭൂമി രജിസ്ട്രേഷൻ ചെയ്യാനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ, ഓട്ടോ മ്യൂട്ടേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂ നികുതി അടവ്, ഭൂമി തരംമാറ്റം, ഭൂമിയുടെ ന്യായ വില നിർണയം തുടങ്ങിയ സേവനങ്ങളെല്ലാം ഓൺലൈനിൽ ലഭ്യമാകുന്ന നാടായി നമ്മുടെ സംസ്ഥാനം മാറിക്കഴിഞ്ഞു. അതിലൂടെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമുള്ള രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്.



# ദാരിദ്ര്യമില്ലാത്ത നല്ല നാടിലേക്ക്

**അതിദാരിദ്ര്യം തുടച്ചുനീക്കാൻ സമഗ്രവും, ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ വിജയകരമായി നടപ്പിലാക്കി വരുന്ന നാടാണ് കേരളം.**

അതിദാരിദ്ര്യ നിർമ്മാർജനത്തിന് പ്രത്യേക ഊന്നൽ നൽകി പദ്ധതി ആവിഷ്കരിച്ചു. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരം 64,006 കുടുംബങ്ങളെയാണ് അതിദരിദ്രരായി കണ്ടെത്തിയത്. അവയിൽ 69.59 ശതമാനം കുടുംബങ്ങളെയും അതിദാരിദ്ര്യ ത്തിൽ നിന്നും മോചിപ്പിച്ചു. പ്രഖ്യാപിച്ചതിലും വളരെ മുന്നേ, 2025 നവംബർ 1 ഓടെ തന്നെ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറും.

അതിദാരിദ്ര്യം തുടച്ചുനീക്കാൻ സമഗ്രവും, ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ വിജയകരമായി നടപ്പിലാക്കി വരുന്ന നാടാണ് കേരളം. ആശ്രയ, അഗതി രഹിത കേരളം, വിശപ്പ് രഹിത കേരളം തുടങ്ങി അതിദാരിദ്ര്യം ഇല്ലാതാക്കാൻ നമ്മുടെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് അവസാനഘട്ടത്തിലേക്ക് കടക്കുന്ന അതിദാരിദ്ര്യ നിർമ്മാർജന യജ്ഞം. അതിന്റെ കൂടി പിൻബലത്തിലാണ് പോയവർഷവും കേരളത്തെ നീതി ആയോഗിന്റെ ബഹുതല ദാരിദ്ര്യ സൂചിക പ്രകാരം രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തത്. വ്യക്തിപരമായ ദാരിദ്ര്യവും സംസ്ഥാനത്തെ പൊതുസ്ഥിതിയുമടക്കം വിലയിരുത്തി തയ്യാറാക്കുന്ന സൂചികയിൽ 0.55% പേർ മാത്രമാണ് കേരളത്തിൽ ദാരിദ്ര്യമനുഭവിക്കുന്നത്. 2022 ൽ 0.71% മായിരുന്നു കേരളത്തിന്റെ ദാരിദ്ര്യ സൂചിക. എറണാകുളം ജില്ലയാണ് രാജ്യത്തെ ദാരിദ്ര്യമില്ലാത്ത ഏക ജില്ല. ആരോഗ്യത്തിനൊപ്പം വിദ്യാഭ്യാസവും ജീവിത നിലവാരവും കണക്കാക്കി തയ്യാറാക്കുന്ന ദാരിദ്ര്യ സൂചികയ്ക്കൊപ്പം പാർപ്പിടം, പോഷകാഹാര ലഭ്യത, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതിലഭ്യത എന്നിവയിലെല്ലാം കേരളം മുൻപന്തിയിലാണ്. ജനങ്ങൾക്കൊപ്പം നിലകൊള്ളുന്നതിനും അവരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും ഒരു സർക്കാരിന് ലഭിക്കുന്ന അംഗീകാരം കൂടിയാണ് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമെന്ന അംഗീകാരം.

## 4 പട്ടയവിതരണം

# അഞ്ച് ലക്ഷം പട്ടയങ്ങളെന്ന ലക്ഷ്യത്തിലേക്ക്


ഭൂമിയുടെ ഉടമസ്ഥാവകാശം അർഹതയുള്ള എല്ലാവർക്കും ലഭ്യമാക്കുന്നതിനാണ് സംസ്ഥാനസർക്കാരിന്റെ ശ്രമം. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനുള്ളിൽ അഞ്ച് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുകയാണ് ലക്ഷ്യം. കഴിഞ്ഞ എട്ട് വർഷക്കാലത്ത് 3,57,898 പട്ടയങ്ങൾ വിതരണം ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് വർഷംകൊണ്ട് 1,80,887 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തുകഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,77,011 പട്ടയമാണ് വിതരണം ചെയ്തത്. 1.42 ലക്ഷം പട്ടയങ്ങൾകൂടി വിതരണം ചെയ്ത് 10 വർഷം കൊണ്ട് അഞ്ച് ലക്ഷം പട്ടയം എന്ന ലക്ഷ്യത്തിന് സർക്കാർ ഊർജിത പ്രവർത്തനം നടത്തിവരികയാണ്.

ഇതിനായി പട്ടയമിഷൻ തന്നെ രൂപവൽക്കരിച്ചിരുന്നു. മലയോര പട്ടയ വിതരണമാണ് നിലവിൽ ഏറ്റെടുത്ത മറ്റൊരു സുപ്രധാന ദൗത്യം.

**മൂന്ന് വർഷംകൊണ്ട് 1,80,887 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തുകഴിഞ്ഞു**






# ഭക്ഷ്യസുരക്ഷയിലും ഒന്നാമത്

രാജ്യത്തെ ഭക്ഷ്യസുരക്ഷാസൂചികയിൽ 2024 ൽ രണ്ടാം തവണയും കേരളത്തിന് ഒന്നാം സ്ഥാനം. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആധാരമാക്കിയ മാനദണ്ഡങ്ങളിലെല്ലാം ഏറ്റവും മുൻപിൽ. ഇപ്പോഴിതാ മികച്ച ഭക്ഷണം ലഭിക്കാൻ ഭൗതികവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യം സൃഷ്ടിക്കുന്നതിലും നമ്മൾ ഒന്നാമതാണെന്ന് ആവർത്തിച്ച് തെളിയിക്കുകയാണ്. ആധുനികമായ ലാബ് സൗകര്യങ്ങൾ ഉൾപ്പെടെ മികച്ച ഭക്ഷ്യപരിശോധനാ സംവിധാനങ്ങൾ ഉറപ്പാക്കിയും വിവിധ ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കിയും ഭക്ഷ്യസുരക്ഷാകേരളമായി മാറാൻ നമുക്കു കഴിഞ്ഞു.



# ഭക്ഷ്യഭദ്രതയിൽ നിന്ന് പോഷക ഭദ്രതയിലേക്ക്

എല്ലാവർക്കും ഭക്ഷ്യഭദ്രത ഉറപ്പാക്കിയ സംസ്ഥാനവുമാണ് കേരളം. തെരുവോരത്ത് താമസിക്കുന്നവർക്കുൾപ്പെടെ എല്ലാവർക്കും റേഷൻ കാർഡ് പദ്ധതി നടപ്പിലാക്കി. ഈ സർക്കാർ ഇതുവരെ 5,20,563 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. 100 ശതമാനം റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ഭക്ഷ്യഭദ്രതാനിയമത്തിന്റെ പരിധിയിൽ വരാത്ത മുൻഗണനേതര വിഭാഗങ്ങളെയും സർക്കാർ ചേർത്തുപിടിക്കുന്നു. സംസ്ഥാനത്തിന് ലഭ്യമായ ഭക്ഷ്യവിഹിതത്തിൽനിന്ന് സാധ്യമായ അളവിൽ ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷ്യഭദ്രതയിൽനിന്ന് പോഷകഭദ്രതയിലേക്കാണ് കേരളം മുന്നേറുന്നത്.





# ഉയരങ്ങളിൽ ഉന്നതവിദ്യാഭ്യാസം



നവകേരളസൃഷ്ടിയുടെ ഭാഗമായി കേരളത്തെ നവവൈജ്ഞാനിക സമൂഹമാക്കി രൂപപ്പെടുത്തുവാനുള്ള പരിശ്രമമാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടക്കുന്നത്.

ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ മാത്രമല്ല, ഗുണനിലവാരത്തിലും കേരളം ശ്രദ്ധേയമായ പുരോഗതി നേടിക്കഴിഞ്ഞു. 292 സ്ഥാപനങ്ങൾക്ക് നാക് അക്രഡിറ്റേഷൻ ലഭിച്ചു. കേരള, മഹാത്മാഗാന്ധി സർവകലാശാലകൾക്ക് എ ഡബിൾ പ്ലസും കാലിക്കറ്റ്, കുസാറ്റ്, സംസ്കൃത സർവകലാശാലകൾക്ക് എ പ്ലസും ഗ്രേഡുകൾ. 28 കോളേജുകൾക്ക് എ ഡബിൾ പ്ലസ്, 49 കോളേജുകൾക്ക് എ പ്ലസ്, 82 കോളേജുകൾക്ക് എ ഗ്രേഡുകൾ.

എൻഐആർഎഫ് റാങ്കിംഗിൽ സർവകലാശാലകളുടെ പട്ടികയിൽ ആദ്യ നൂറിൽ സംസ്ഥാനത്തെ നാലു സർവകലാശാലകൾ ഇടംനേടി. ദേശീയ തലത്തിൽ കേരള 21, കുസാറ്റ് 34, എം.ജി. 37, കാലിക്കറ്റ് 89 എന്നീ സ്ഥാനങ്ങൾ നേടി. പൊതുപട്ടികയിൽ കേരളയ്ക്ക് 38, കുസാറ്റിന് 51, എംജിക്ക് 67 എന്നീ റാങ്കുകൾ. സ്റ്റേറ്റ് പബ്ലിക് സർവകലാശാലാ പട്ടികയിൽ കേരള 9, കുസാറ്റ് 10, എം.ജി. 11, കാലിക്കറ്റ് 43 എന്നിങ്ങനെ റാങ്ക് നില.

കോളേജുകളുടെ പട്ടികയിൽ രാജ്യത്തെ ആദ്യ നൂറിൽ 16 കോളേജുകൾ, ആദ്യ ഇരുനൂറിൽ ൽ 42 കോളേജുകൾ കേരളത്തിൽ നിന്ന്. ആദ്യ മുന്നൂറിൽ 71 കോളേജുകൾ ഉൾപ്പെട്ടതിൽ 16 എണ്ണം സർക്കാർ കോളേജുകൾ.

2024 നവംബറിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ 63 എൻജിനീയറിംഗ് കോളേജുകളിലെ 248 ബിരുദ പ്രോഗ്രാമുകൾക്കും, അഞ്ച് എൻജിനീയറിങ് കോളേജുകളിലെ 21 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും എൻബിഎ അംഗീകാരം. സംസ്ഥാനത്തെ ആകെ 11 പോളിടെക്നിക് കോളേജുകളിലെ 38 പ്രോഗ്രാമുകൾക്കും എൻബിഎ അംഗീകാരം.

നാക് (NAAC) മാതൃകയിൽ സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്ററും (SAAC), എൻഐആർഎഫ് മാതൃകയിൽ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കും (KIRF) സ്ഥാപിച്ചു.

ധനവകുപ്പിന് കീഴിലെ സ്വതന്ത്ര ഗവേഷണ സ്ഥാപനമായ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ റിപ്പോർട്ടനുസരിച്ച് സ്ത്രീകൾ, എസ്.സി, എസ്.ടി തുടങ്ങിയ വിഭാഗങ്ങൾ ആർജിച്ച വിദ്യാഭ്യാസ നേട്ടങ്ങളിലും കേരളം ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. സ്ത്രീകളുടെയും എസ്.സി, എസ്.ടി വിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തിൽ ഒൻപതു വർഷത്തിനിടെ കേരളത്തിൽ 18.9 ശതമാനം വർധനവുണ്ടായപ്പോൾ ദേശീയതലത്തിൽ വളർച്ച ഏഴു ശതമാനം മാത്രമാണ്. ഉന്നതവിദ്യാഭ്യാസം നേടുന്ന ആൺകുട്ടികളുടെ എണ്ണം സംസ്ഥാനത്ത് 15.6 ശതമാനം വർധിച്ചു കഴിഞ്ഞു.

**സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന സർക്കാർ ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് കുതിക്കുകയാണ്**



4 വാട്ടർ മെട്രോ


# കേന്ദ്രസർക്കാരിന് മാതൃക



മികച്ച യാത്രാനുഭവം പ്രദാനം ചെയ്തും മെട്രോ ട്രെയിനിലേതിന് സമാനമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയും പൂർണ്ണമായും പരിസ്ഥിതി സൗഹൃദവുമായും സജ്ജീകരിച്ച കൊച്ചി വാട്ടർ മെട്രോ സർവീസുകൾക്ക് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. ഇതോടെ രാജ്യത്തെ വിവിധയിടങ്ങളിൽ ഇതേ മാതൃകയിൽ ജലഗതാഗതം ആരംഭിക്കാനുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ തുടക്കമിട്ടു. കേന്ദ്ര തുറമുഖ, ഷിപ്പിങ്ങ്, ജലഗതാഗത വകുപ്പ് കഴിഞ്ഞ നവംബറിലാണ് കൊച്ചി മെട്രോയോട് അഹമ്മദാബാദും വാരണാസിയും ഉൾപ്പെടെ 18 സ്ഥലങ്ങളിൽ വാട്ടർ മെട്രോ നടപ്പാക്കാനുള്ള സാധ്യതാപഠനം നടത്താൻ ആവശ്യപ്പെട്ടത്. കൺസൾട്ടൻസി വിഭാഗം രൂപവൽക്കരിക്കാൻ കെഎംആർഎൽ ഡയറക്ടർ ബോർഡ് അനുമതി നൽകി.  കേരളത്തിനും കെഎംആർഎല്ലിനും വാട്ടർ മെട്രോയ്ക്കും ലഭിച്ച വലിയ അംഗീകാരമായാണ് ഇത് വിലയിരുത്തപ്പെടുന്നത്.

2021 ഡിസംബറിൽ ആരംഭിച്ച കൊച്ചി വാട്ടർ മെട്രോ ഒമ്പത് ടെർമിനലുകളിലായി അഞ്ച് റൂട്ടിലേക്ക് വളർന്നിരിക്കുകയാണ്. 10 ദ്വീപുകളിലായി 38 ടെർമിനലുകളെ പദ്ധതി ബന്ധിപ്പിക്കും. കാര്യക്ഷമവും സുസ്ഥിരവുമായ ഗതാഗതത്തിനായി 78 ഇലക്ട്രിക് ബോട്ടുകളാണ് വിന്യസിക്കുന്നത്. ഇതേവരെ 35 ലക്ഷത്തോളം പേർ യാത്ര ചെയ്തു.







# പ്രതിവർഷം പ്രചാരമേറുന്നു



യാത്രക്കാരുടെ എണ്ണത്തിലും പ്രവർത്തനലാഭത്തിലും നേട്ടമുണ്ടാക്കി കൊച്ചി മെട്രോ. 2024 ഡിസംബറിൽ മാത്രം 32,35,027 പേർ യാത്ര ചെയ്തതോടെ പ്രതിമാസ യാത്രക്കാരുടെ എണ്ണത്തിൽ റെക്കോർഡ് വർധന നേടി. ഡിസംബറിൽ യാത്രാടിക്കറ്റ് ഇനത്തിൽ 10.15 കോടി രൂപ വരുമാനം നേടി മറ്റൊരു നേട്ടവും മെട്രോ കൈവരിച്ചു. 2024 ജൂലൈ മുതൽ പ്രതിദിനം ഒരു ലക്ഷത്തിലേറെ യാത്രക്കാരെ നേടുന്ന മെട്രോ കഴിഞ്ഞ രണ്ടുവർഷമായി തുടർച്ചയായി പ്രവർത്തന ലാഭവും ഉണ്ടാക്കി. 2023ൽ 5.35 കോടിയായിരുന്ന പ്രവർത്തന ലാഭം 2024ൽ 22.94 കോടി രൂപയായാണ് വർധിച്ചത്. പ്രതിദിന യാത്രക്കാരുടെ എണ്ണം 1.5 ലക്ഷത്തിലെത്തിക്കാനാണ് 2025 ൽ ലക്ഷ്യമിടുന്നത്. നിരക്കുകളുടെ യുക്തിസഹമായ ഏകീകരണം, വിദ്യാർഥികൾക്ക് നൽകിയ നിരക്കിളവ്, സോഷ്യൽ മീഡിയ വഴിയുളള പ്രചരണം, കൃത്യതയാർന്ന സർവീസ്, വൃത്തി, ജീവനക്കാരുടെ മികച്ച പെരുമാറ്റം, തുടങ്ങിയ നിരവധി ഘടകങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായിച്ചു. ടിക്കറ്റിങ്ങിനായി ഏറ്റവും കൂടുതൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്ന രാജ്യത്തെ ഏക മെട്രോയാണിത്. ഈ വർഷം ടിക്കറ്റിങ്ങ് സമ്പ്രദായം സമ്പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ കൂടുതൽ യുവാക്കളെ ആകർഷിക്കുകയാണ് ലക്ഷ്യം. വിവിധ മെട്രോസ്റ്റേഷനുകളിൽ നിന്നുള്ള 'മെട്രോ കണക്ട്' വൈദ്യുത ബസ് സർവീസ് ആരംഭിച്ചതും അഭിമാനമാണ്.





# സ്മാർട്ടാണ് സ്റ്റാർട്ടപ്പ് കേരളം

സ്റ്റാർട്ടപ്പ് രംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റം ഉറപ്പാക്കിയ നാടാണ് കേരളം. വൈവിധ്യമുള്ള ആശയങ്ങളും മികച്ച പദ്ധതികളും മികച്ച വനിതാ പ്രാതിനിധ്യവുമാണ് കേരള സ്റ്റാർട്ടപ്പിന്റെ മുഖമുദ്ര. ദേശീയതലത്തിൽ അംഗീകാരവും ആയിരം കോടി രൂപാ മൂല്യമുള്ള യൂണികോൺ കമ്പനികളും വഴികാട്ടിയായി ഇൻകുബേഷൻ കേന്ദ്രങ്ങളുമെല്ലാം ഉൾപ്പെടുന്ന സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് രംഗം കുതിപ്പിന്റെ വഴിയിലാണ്.

ആകെയുള്ള 6261 സ്റ്റാർട്ടപ്പുകളിലായി 65,000 ത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. സ്റ്റാർട്ടപ്പ് മിഷനിലൂടെ സർക്കാർ പൂർണമായ സാമ്പത്തിക സഹായം ഉൾപ്പടെയുള്ള പിന്തുണ നൽകുന്നു. കഴിഞ്ഞ വർഷം മാത്രം ആരംഭിച്ചത് 1074 സ്റ്റാർട്ടപ്പുകളാണ്. ലോകനിലവാരത്തിലുള്ള ഉൽപന്നങ്ങളും സേവനങ്ങളും ഉൾപ്പെടുന്ന പുതുമയുള്ള സംരംഭങ്ങളാണ് ഇവയിലേറെയും. ചെറിയ ഗ്രാമങ്ങളിൽ ആരംഭിച്ച് ലോകമെമ്പാടുമുള്ള വിദ്യാഭ്യാസത്തിന്റെയും, പുത്തൻ സാങ്കേതിക നിർമ്മിതികളുടെയും ഡിജിറ്റൽ ടെക്നോളജിയുടെയും ലോകത്ത് പുതുമയാർന്ന കണ്ടെത്തലുകൾ സമ്മാനിക്കുന്ന ഇവ പുതിയ കാലത്തിന്റെ പ്രതീക്ഷയാണ് .

എയ്റോസ്പേസും പ്രതിരോധവും മേഖലയിൽ പ്രവർത്തിക്കുന്ന ടു ഇൻഫിനിറ്റി ലോജിസ്റ്റിക്സ് ,വിനോദ പരിപാടികളുടെ ലൈബ്രറി ശേഖരമൊരുക്കുന്ന 24 LIV എന്റർടെയ്ൻമെന്റ്സ്, വൻകിട സംരംഭങ്ങൾക്ക്  ഐ.ടി അസറ്റുകൾ കൈകാര്യം ചെയ്യാൻ എ.എം ടൂൾ വികസിപ്പിച്ച 2HATS ലോജിക് സൊല്യൂഷൻസ്, ആരോഗ്യ മേഖലയിലെ സിക്സ്റ്റിഫോർ കോഡൺ പ്രൈവറ്റ്







സ്റ്റാർട്ടപ്പ് മിഷന്റെ ഹഡിൽ കേരള 2024 സന്ദർശിക്കുന്ന മുഖ്യമന്ത്രി

**വർഷം തോറും ഹഡിൽ ഗ്ലോബൽ പോലുള്ള വമ്പൻ സംരംഭക പ്രദർശന കൂട്ടായ്മ ഒരുക്കുന്ന കേരളം പുതിയ സംരംഭങ്ങൾക്കുള്ള ആശയ രൂപകൽപന, ബിസിനസ് തന്ത്രങ്ങൾ, ഫണ്ട് സമാഹരണം, കമ്പോളവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ മാർഗനിർദേശം നൽകുന്നു**

ലിമിറ്റഡ്, മാലിന്യ സംസ്കരണരംഗത്ത് സജീവമായ ആക്രി ആപ്പ്, ഗ്രീൻമ സൊല്യൂഷൻസ്, എ.ഐ സാങ്കേതികത ഉപയോഗിച്ച് ആരോഗ്യ സംരക്ഷണ രംഗത്ത് പുതിയ മാറ്റങ്ങൾ ലക്ഷ്യമിടുന്ന ആൽമാവ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, വൈവിധ്യമാർന്ന തീം അലങ്കാര ഓപ്ഷനുകൾ വാഗ്ദാനം ചെയ്യുന്ന tsEhete Decor, ക്രിയേറ്റീവ് വേൾഡ് നെറ്റ്വർക്ക്, ബിൽഡിംഗ് ഉൽപന്നങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ഏകജാലക ഇ-സൊല്യൂഷൻ കവറിംഗ്സ് ഓൺലൈൻ, ബ്ലാക്ക് ആൻഡ് സിൽവർ സെറ്റ് മുണ്ട് വിൽക്കുന്ന നെയ്ത്തുകാരി, കൈത്തറി വസ്ത്രങ്ങളിൽ ട്രൻഡിങ് ഫാഷൻ സ്യൂ ഹാൻഡ്‌ലൂം സ്റ്റോർ തുടങ്ങിയവയെല്ലാം കേരളത്തിന്റെ സാങ്കേതിക വിജ്ഞാന വ്യവസ്ഥയിൽ വിടർന്ന സ്റ്റാർട്ടപ്പ് ആശയങ്ങളാണ്.

വ്യവസായ രംഗത്ത് സ്റ്റാർട്ടപ്പുകൾ, വിദ്യാർഥികൾ, വനിതാ സംരംഭകർ എന്നിവർക്ക് പിന്തുണ നൽകുന്ന കേരളം സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരം, സൂപ്പർ ഫാബ് ലാബ്, സാമ്പത്തിക പിന്തുണ, ഗ്രാമീണ മേഖലകളിൽ പ്രോത്സാഹനം, ഇൻകുബേറ്ററുകൾ, പുതിയ ആശയങ്ങൾക്ക് സാങ്കേതിക സഹായം തുടങ്ങിയവയെല്ലാം ഉറപ്പാക്കുന്നു.

തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ആൻഡ് ഇന്നോവേഷൻ ഹബ്ബായ നമ്മുടെ നാട്ടിൽ 2026 ഓടെ 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയെന്ന എന്ന പ്രഖ്യാപിത ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചാൽ ഒന്നരലക്ഷത്തിലധികം പേർക്ക് ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

വർഷം തോറും ഹഡിൽ ഗ്ലോബൽ പോലുള്ള വമ്പൻ സംരംഭക പ്രദർശന കൂട്ടായ്മ ഒരുക്കുന്ന കേരളം പുതിയ സംരംഭങ്ങൾക്കുള്ള ആശയ രൂപകൽപന, ബിസിനസ് തന്ത്രങ്ങൾ, ഫണ്ട് സമാഹരണം, കമ്പോളവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ മാർഗനിർദേശം നൽകുന്നു. സ്ത്രീകൾ നേതൃത്വം നൽകുന്നതോ സ്ത്രീകൾ മാത്രം ചേർന്ന് രൂപം നൽകിയതോ സ്ത്രീകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതോ ആയ നിരവധി സ്റ്റാർട്ടപ്പ് കമ്പനികളുണ്ട് കേരളത്തിൽ. വനിതാ സംരംഭകരെ ലക്ഷ്യമിട്ട് വായ്പാ പദ്ധതികളും പരിശീലന കളരികളുമൊക്കെയായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ രംഗത്തെത്തിയതോടെ സംരംഭക രംഗത്തെ വനിതാ സാന്നിധ്യത്തിൽ പോയവർഷം ഒരു പതിറ്റാണ്ടിനിടയിലെ ഏറ്റവും മികച്ച വളർച്ചയുമുണ്ടായി.

# ഐ.ടി മുന്നേറ്റം

ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ കമ്പനി, ആദ്യത്തെ ഐ.ടി പാർക്ക്, ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് എന്നിവയെല്ലാം ആരംഭിച്ചത് കേരളത്തിലാണ്. ഐ.ടി രംഗത്തെ കയറ്റുമതി ഇപ്പോൾ 90,000 കോടി രൂപ കടന്നു. 2016 ൽ സർക്കാർ ഐ.ടി പാർക്കുകളിൽ 78,068 പേരാണ് തൊഴിലെടുത്തിരുന്നത്. ഇപ്പോൾ 1,47,200 പേർ ഇവിടെ ജോലി ചെയ്യുന്നു. രാജ്യത്തെ ആദ്യത്തെ ഐ ടി പാർക്കായ തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ ടോറസ് ഡൗൺടൗൺ സംരംഭം യാഥാർഥ്യമാകുന്നതും മികച്ച നേട്ടമാണ്.

മൂന്ന് ഐ ടി പാർക്കുകളിലായി 155.85 ലക്ഷം ച.അടി ബിൽറ്റ് അപ് സ്പേസ് എന്നത് നിലവിൽ 223 ലക്ഷം ച.അടി ബിൽറ്റ് അപ് സ്പേസ് ആക്കി. 19,066 കോടി രൂപയുടെ സോഫ്റ്റ്‌വെയറുകളാണ് 2022-23 സാമ്പത്തികവർഷത്തിൽ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യപ്പെട്ടത്.

തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങൾ ഐടി



ഹബ്ബുകളായി പ്രവർത്തിച്ച് സംസ്ഥാനത്തിന്റെ വികസനക്കുതിപ്പിന് വേഗം കൂട്ടുന്നു.

ടെക്നോപാർക്ക്, തിരുവനന്തപുരം
കമ്പനികൾ 490, ജീവനക്കാർ 75,000

ഇൻഫോ പാർക്ക്, കൊച്ചി
കമ്പനികൾ 328, ജീവനക്കാർ 70,000

സൈബർ പാർക്ക്, കോഴിക്കോട്
കമ്പനികൾ 184, ജീവനക്കാർ 2200

ഇതോടൊപ്പമാണ് ആഗോള ഐടി സ്ഥാപനങ്ങളുടെ വരവും. 100 പേർക്ക് തൊഴിൽ എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഐബിഎം രണ്ട് വർഷം പൂർത്തിയാക്കുമ്പോൾ രണ്ടായിരത്തിലധികമാളുകൾക്ക് തൊഴിൽ നൽകിയിരിക്കുന്നു. യു എസ് ടി ഗ്ലോബൽ പുതിയ ക്യാമ്പസ് കേരളത്തിൽ സ്ഥാപിക്കുന്നതോടെ കമ്പനിയുടെ ആഗോളതലത്തിലെ ജീവനക്കാരിൽ 20% പേരും കേരളത്തിലാകും. ടാറ്റ എലക്സിയുടെ 60% ജീവനക്കാരും ഇപ്പോൾ തന്നെ കേരളത്തിലാണ്. ടിസിഎസ്, ഡി-സ്പേസ്, സഫ്രാൻ,സിസ്ട്രോം തുടങ്ങി വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്ന അൻപതോളം വൻകിട കമ്പനികൾ കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയോ നിക്ഷേപവാഗ്ദാനം നൽകുകയോ ചെയ്തിട്ടുണ്ട്.

**സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങളിൽ കേരളം വളരുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് കേരളത്തിൽ നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ ഉണ്ടായിട്ടുള്ള വർധനവ്**



4 **വൈദ്യുതി**

# പവർ കട്ടില്ലാത്ത കേരളം

പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും പൂർണ്ണമായും ഒഴിവായ ഭരണമികവിലാണ് സംസ്ഥാനത്തെ വൈദ്യുതി മേഖല. ആഭ്യന്തര വൈദ്യുതി ഉൽപാദനത്തിൽ കഴിഞ്ഞ എട്ടുവർഷം കൊണ്ട് 1679.169 മെഗാവാട്ടിന്റെ വർധനവാണ് ഉണ്ടായിട്ടുള്ളത്. ജലവൈദ്യുത പദ്ധതികൾ വഴി 179.65 മെഗാവാട്ടും, സൗരോർജം വഴി 1499.519 മെഗാവാട്ടുമാണ് ഉയർത്തിയത്. 2016 -ൽ സൗരോർജ പദ്ധതികളുടെ സ്ഥാപിതശേഷി 16.499 ആയിരുന്നത് നിലവിൽ 1516.018 മെഗാവാട്ട് ആയി വർധിപ്പിച്ചു. പുരപ്പുറ സൗരോർജ പദ്ധതി, സ്വകാര്യനിലയങ്ങൾ, ഭൗമോപരിതല നിലയങ്ങൾ, ഫ്ളോട്ടിങ്ങ് സോളാർ പദ്ധതികൾ അടക്കം ഇതിൽപ്പെടുന്നു. ജലവൈദ്യുത ഉൽപാദന രംഗത്തും ദ്രുതഗതിയിലുള്ള വളർച്ചയാണ് രേഖപ്പെടുത്തിയത്. ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 179.65 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കഴിഞ്ഞ എട്ടര വർഷങ്ങൾക്കുള്ളിൽ (2016-2024) പൂർത്തിയാക്കിയത്. ഇതിൽ വൈദ്യുതി ബോർഡ് നേരിട്ട് 150.60 മെഗാവാട്ടും സ്വകാര്യസംരംഭകർ മുഖേനെ 29.05 മെഗാവാട്ടും പൂർത്തിയാക്കി.

സംസ്ഥാനത്തിന്റെ പ്രസരണ ഇടനാഴി 220 കിലോ വാട്ട് ആയിരുന്നത് 400 കിലോ വാട്ടിലേക്ക് ഉയർത്താൻ 10,000 കോടിയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിയാണ് നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി തൃശൂർ-അരീക്കോട് 400 കെ.വി ലൈൻ 2019ൽ കമ്മീഷൻ ചെയ്തു. ഇടമൺ-കൊച്ചി പവർ ഹൈവേ, തിരുനെൽവേലി- ഇടമൺ 400 കെ.വി അന്തർസംസ്ഥാന കോറിഡോർ, തമിഴ്നാട്ടിലെ പുഗലൂർ-തൃശൂർ എച്ച് വിഡിസി ലൈനും പൂർത്തിയാക്കി. അരീക്കോട് നിന്ന് മാനന്തവാടി വഴി കാസർഗോഡുവരെ 400 കെ.വി ഗ്രീൻ കോറിഡോർ സ്ഥാപിക്കാനുള്ള നടപടികളും ഉഡുപ്പി-കാസർഗോഡ് 400 കെ.വി അന്തർസംസ്ഥാന പ്രസരണലൈൻ നിർമ്മാണവും പുരോഗമിക്കുന്നു.







വരും വർഷങ്ങളിൽ ഏകദേശം 1500 മെ.വാ. വൻകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 മെ.വാ. സ്ഥാപിത ശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടം, 240 മെ.വാ. ശേഷിയിൽ ലക്ഷ്മി പദ്ധതി, 450 മെ.വാ. ശേഷിയുള്ള ശബരിഗിരി എക്സ്റ്റെൻഷൻ പദ്ധതി എന്നിവ ഇതിൽ പെടുന്നു. നിലവിൽ 187.536 മെ.വാ. ശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 92 മെ.വാ.ശേഷിയുള്ള ചെറുകിട പദ്ധതികളും 2030 നുള്ളിൽ പൂർത്തീകരിക്കും.

60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ വിപുലീകരണ പദ്ധതി (വാർഷിക വൈദ്യുതി ഉൽപാദനം - 153.9 ദശലക്ഷം യൂണിറ്റ്) പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപാദനം ആരംഭിച്ചു.

24 മെഗാവാട്ട് ശേഷിയുള്ള ചിന്നാർ (വാർഷിക വൈദ്യുതി ഉൽപാദനം 76.45 ദശലക്ഷം യൂണിറ്റ്)ഉം ഈ വർഷം പൂർത്തിയാക്കും. ഒന്നര ദശാബ്ദത്തിലധികമായി നിർമ്മാണം ഇഴഞ്ഞു നീങ്ങുകയായിരുന്ന 40 മെഗാവാട്ട് ശേഷിയുള്ള തൊട്ടിയാർ ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു.

# ഉയർന്ന വേതനം തൊഴിൽസുരക്ഷ



രാജ്യത്തെ തന്നെ ഏറ്റവും മികച്ച തൊഴിലാളി സൗഹൃദ-തൊഴിൽ സൗഹൃദ സംസ്ഥാനമാണ് കേരളം. തൊഴിലാളി താൽപര്യം സംരക്ഷിക്കുന്നതിൽ സർക്കാർ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിച്ചുപോരുന്നത്. വിവിധ മേഖലകളിൽ മിനിമം വേതനം നടപ്പാക്കി. തൊഴിൽതർക്കങ്ങൾ കുറഞ്ഞു. മികച്ച വ്യവസായ അനുകൂല അന്തരീക്ഷമാണ് സംസ്ഥാനത്തുള്ളത്. തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാനുള്ള പദ്ധതികളിലും സർക്കാർ പ്രാധാന്യം നൽകുന്നു.



റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 2023-24 ലെ ഇന്ത്യൻ സ്റ്റേറ്റ്സ് സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളുടെ ഹാൻഡ്ബുക്ക് പ്രകാരം, ഇന്ത്യയിൽ ഏറ്റവും ഉയർന്ന ഗ്രാമീണ തൊഴിലാളി വേതനമുള്ള സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിൽ ഉൾപ്പെടുന്ന കേരളത്തിലെ ഗ്രാമീണ തൊഴിലാളികൾ ദേശീയ ശരാശരിയേക്കാൾ ഗണ്യമായി വരുമാനം നേടുന്നു. ഗ്രാമീണ മേഖലയിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് 893.6 രൂപ, കർഷക തൊഴിലാളികൾക്ക് 807.2 രൂപ, കാർഷികേതര തൊഴിലാളികൾക്ക് 735 രൂപ എന്നിങ്ങനെയാണ് കേരളത്തിൽ ശരാശരി ദിവസക്കൂലി. ദേശീയ ശരാശരിയുടെ ഇരട്ടിയോളമാണിത്. കെട്ടിടനിർമ്മാണ



തൊഴിലാളികളുടെ ദിവസക്കൂലി ദേശീയ ശരാശരി 417.3 രൂപയും കർഷകതൊഴിലാളികളുടേത് 372.7 രൂപയും കാർഷികേതര തൊഴിലാളികളുടേത് 371.4 രൂപയുമാണ്.

തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കി തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും തൊഴിൽ സുരക്ഷയും ഉറപ്പാക്കാൻ തൊഴിൽ വകുപ്പ് ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്. തൊഴിൽ മേഖലയിലെ തർക്കങ്ങൾ കേരളത്തിൽ തുലോം കുറവാണ്. രാജ്യത്ത് തന്നെ പൊതുമേഖലാ നിയമനങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന സംസ്ഥാനമാണ് കേരളം. 85 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച ഏക സംസ്ഥാനവും കേരളമാണ്. ഇന്ത്യ റേറ്റിങ്സ് ആൻഡ് റിസർച്ചിന്റെ പഠനത്തിലും സംസ്ഥാനം തൊഴിൽ മേഖലയിൽ കൂടുതൽ വളർച്ച കൈവരിച്ചതായി കണ്ടെത്തിയിരുന്നു.



ക്രമസമാധാനം

# വർഗീയകലാപങ്ങളില്ലാത്ത നാട് ക്രമസമാധാനം സുഭദ്രം




**ക്രമസമാധാനപാലനം തങ്ങളുടെ കൂടെ ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ പോലീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന അന്തരീക്ഷമാണ് കേരളത്തിലുള്ളത്**

ദേശീയതലത്തിൽ തന്നെ ഏറ്റവും നല്ല ക്രമസമാധാന നിലയുള്ള സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. മറ്റു പല സംസ്ഥാനങ്ങളുടെ താരതമ്യത്തിൽ വർഗീയകലാപങ്ങളില്ലാത്ത നാടാണ് കേരളം. കുറ്റാന്വേഷണ മികവിൽ ദേശീയ തലത്തിൽ തന്നെ മുൻനിരയിലുള്ള സംസ്ഥാന പോലീസ് പോയവർഷം തെളിയിച്ച പ്രമുഖ കേസുകൾ വലിയ വാർത്തയായതാണ്. അന്തർസംസ്ഥാന ലഹരിക്കടത്ത് സംഘത്തലവനെ ഒഡീഷയിൽ നിന്ന് പിടികൂടി. കേരളം കണ്ട ഏറ്റവും വലിയ ആസൂത്രിത എ.ടി.എം കൊള്ള നടത്തിയ പ്രതികളെ തൃശ്ശൂർ പോലീസ് പിടികൂടി. സൈബർ തട്ടിപ്പിലൂടെ നാലു കോടി രൂപ അപഹരിച്ച പ്രതികളെ രാജസ്ഥാനിൽ നിന്ന് കോഴിക്കോട് സിറ്റി സൈബർ പോലീസ് പിടികൂടി. കണ്ണൂർ വളപട്ടണത്ത് വ്യാപാരിയുടെ വീട്ടിൽ നിന്ന് ഒരു കോടി രൂപയും 300 പവൻ സ്വർണവും കവർന്ന





കേസിലെ പ്രതിയെ കണ്ണൂർ സിറ്റി പോലീസ് വിദഗ്ധമായി പിടികൂടി. ഇപ്പോൾ വ്യാപകമായ വെർച്വൽ അറസ്റ്റ് തട്ടിപ്പിന്റെ മുഖ്യ പ്രതിയെ ബംഗാളിൽ നിന്ന് കേരള പോലീസ് പിടികൂടി. കാസർഗോഡ് പുച്ചക്കാട് സ്വദേശിയായ വ്യാപാരിയിൽനിന്നും മന്ത്രവാദത്തിന്റെ പേരിൽ അഞ്ചു കിലോഗ്രാം സ്വർണം തട്ടിയെടുത്ത് കൊലപ്പെടുത്തിയ കേസിൽ പ്രതികളെ പോലീസ് അറസ്റ്റു ചെയ്തു.

ക്രമസമാധാനപാലനം തങ്ങളുടെ കൂടെ ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ പോലീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന അന്തരീക്ഷമാണ് കേരളത്തിലുള്ളത്. സംസ്ഥാനത്തെ ഏറ്റവും വലിയ എംഡിഎംഎ വേട്ടയിൽ 3.407 കിലോഗ്രാം എംഡി എംഎയും പ്രതിയെയും കാസർകോഡ് പോലീസ് പിടികൂടി. രാജ്യത്ത് ആദ്യമായി മയക്കുമരുന്ന് നിർമ്മാണ കേന്ദ്രം ഹൈദരാബാദിൽ നിന്ന് കണ്ടെത്തുകയും ഉടമസ്ഥനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കേരളാ പൊലീസാണ് അത് ചെയ്തത്. 7.64 കോടി രൂപയുടെ കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ തട്ടിപ്പിന്റെ മുഖ്യപതികളെ ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് പിടികൂടി. ആലപ്പുഴ എറണാകുളം ജില്ലകളിൽ ഭീതി പടർത്തിയ കുറുവ സംഘാംഗത്തെ അറസ്റ്റ് ചെയ്തു. ചെറുവണ്ണൂർ ജ്വല്ലറി കവർച്ച കേസ് പ്രതികളെ നേപ്പാൾ അതിർത്തിയിൽ നിന്നും പോലീസ് അറസ്റ്റ് ചെയ്തു. ഇത് ഏതാനും ഉദാഹരണങ്ങൾ മാത്രം. കഴി ഞ്ഞ ദിവസം കോടതി പ്രതിക്ക് വധശിക്ഷ വിധിച്ച ഷാരോൺ വധക്കേസ് പൊലീസിന്റെ കുറ്റാന്വേഷണ മികവിന്റെ മറ്റൊരുദാഹരണമാണ്.

# സൈബർ സുരക്ഷയിലും മുന്നിൽ



ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും തുടർന്ന് കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ സിറ്റികളിലും മാത്രമായിരുന്നു സൈബർ ക്രൈം പോലീസ് സ്‌റ്റേഷൻ ഉണ്ടായിരുന്നത്. റേഞ്ച് അടിസ്ഥാനത്തിലായിരുന്നു അവയുടെ പ്രവർത്തനം. സംസ്ഥാനത്ത് സൈബർ അതിക്രമങ്ങൾ വർധിച്ചുവന്ന പശ്ചാത്തലത്തിൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്‌റ്റേഷനുകൾ സ്ഥാപിച്ചു. സർക്കാരിന്റെ നൂറുദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2020 നവംബറിൽ മറ്റ് പതിനഞ്ചു പോലീസ് ജില്ലകളിൽക്കൂടി സൈബർ ക്രൈം പോലീസ് സ്‌റ്റേഷനുകൾ സ്ഥാപിച്ചതോടെ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നു.

സാങ്കേതികപരിജ്ഞാനവും യോഗ്യതയും അന്വേഷണവൈദഗ്ധ്യവും ഉള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് ഓരോ സൈബർ ക്രൈം പോലീസ് സ്‌റ്റേഷനിലും നിയോഗിച്ചിരിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനുള്ള അത്യന്താധുനിക സംവിധാനങ്ങളും എല്ലാ പോലീസ് സ്റ്റേഷനിലുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള അതിക്രമങ്ങൾ, ഓൺലൈൻ തട്ടിപ്പ് എന്നിങ്ങനെയുള്ള സൈബർ




കുറ്റകൃത്യങ്ങൾ തടയാൻ  സൈബർ പോലീസ് സജ്ജമാണ്. അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സാങ്കേതികരംഗത്തെ വിസ്മയകരമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കേരളാപോലീസിന്റെ സൈബർ ഡോം സംഘവും ഈ മേഖലയിൽ അതീവജാഗ്രത കാഴ്ചവയ്ക്കുന്നു.

- മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കേരളാ പോലീസ് സൈബർഡോംമിന് 2020ലെ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് ലഭിച്ചു.
- 2020ൽ  ഡേറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ എക്സലൻസ് അവാർഡും ലഭിച്ചു.
- സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിലുള്ള മികവ് പരിഗണിച്ച് സൈബർ ഡോമിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു.
- 2020ൽ Elets Awards for Excellence സൈബർ ഡോമിന് ലഭിക്കുകയും ഇന്ത്യലെ ഏറ്റവും മികച്ച സൈബർ സെക്യൂരിറ്റി ഏജൻസിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

4 **പട്ടികവിഭാഗക്ഷേമം**

# പട്ടികവിഭാഗം ജനതയ്ക്ക് ഭൂമിയും ഭവനവും





**പട്ടികജാതി വികസന വകുപ്പിന്റെ ഐ ടി ഐ കൾക്കുള്ള വിവിധ ട്രേഡുകൾ പാസ്സായി യു എ ഇ യിൽ തൊഴിൽ ലഭിച്ചവർക്ക് മന്ത്രി ഒ ആർ കേളു വീസ കൈമാറുന്നു.**

ഭൂരഹിതരായ പട്ടികവിഭാഗങ്ങൾക്ക് ഭൂമിയും വീടും ഉറപ്പാക്കി. ഭവനനിർമ്മാണത്തിനായി ഒൻപത് വർഷത്തിനുള്ളിൽ 33,058 പട്ടികജാതിക്കാർക്ക് 1653 ഏക്കർ ഭൂമിയാണ് നൽകിയത്. ഭൂരഹിത ഭവന പുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55ൽ നിന്നും 70 ആക്കി. വരുമാനപരിധി 1,00,000 രൂപയായും ഉയർത്തി.

എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയാണ് തിരുവനന്തപുരം. പട്ടികവർഗക്കാർക്ക് ഭൂമി നൽകാനായി ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം തുടങ്ങിയവ നടപ്പാക്കിവരുന്നു. കഴിഞ്ഞ ഒൻപത് വർഷം കൊണ്ട് 8919 പട്ടികവർഗ കുടുംബങ്ങൾക്ക് 8573.54 ഏക്കർ ഭൂമി വിതരണം ചെയ്തു.

പാവപ്പെട്ടവരുടെ ഭവനസ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്ന ലൈഫ് പദ്ധതിയിൽ 1,14,610 പട്ടികജാതി ഗുണഭോക്താക്കൾക്കായി 1561.3 കോടി രൂപ അനുവദിച്ചു. 43,629 പട്ടിക വർഗ ഗുണഭോക്താക്കൾക്കായി 802 കോടിയും നൽകി.

2021 ൽ ആരംഭിച്ച അപൂർണ ഭവനങ്ങളുടെ പൂർത്തീകരണ - പുനരുദ്ധാരണ പദ്ധതിയായ സേഫ് വഴി ലക്ഷം രൂപ വീതം 20,829 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

2025-26 വർഷത്തിൽ 10000 കുടുംബങ്ങൾക്കും സേഫിൽ ധനഹായം അനുവദിക്കും. പട്ടികവർഗത്തിൽ നാല് വർഷം കൊണ്ട് 8401 കുടുംബങ്ങൾക്ക് 2.5 ലക്ഷം രൂപ വീതം നൽകി.

2016 മുതൽ 2025 വരെ 1062 ഉന്നതികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതികൾ ഏറ്റെടുത്തു. ഉന്നതികളിലെ അടിസ്ഥാനസൗകര്യവികസനത്തിനായി കഴിഞ്ഞ ഒൻപത് വർഷത്തിനുള്ളിൽ 1037.89 കോടി രൂപ കോർപ്പസ് ഫണ്ട് ഇനത്തിലും നൽകി.



# പുരോഗതിയുടെ പാതകൾ

നാടിന്റെ വലിയ പ്രതീക്ഷകളിലൊന്നായ ദേശീയപാത 66ന്റെ പ്രവൃത്തി - അതിവേഗം പുരോഗമിക്കുകയാണ്. 5580 കോടി രൂപ കേരളം സ്ഥലം ഏറ്റെടുക്കലിന് കേന്ദ്രത്തിന് നൽകി. തിരുവനന്തപുരം ബൈപാസ്, കഴക്കൂട്ടം ഫ്ളൈ ഓവർ. പാലൊളി - മൂരാട് പാലങ്ങൾ, നീലേശ്വരം റെയിൽവേ ഓവർ ബ്രിഡ്ജ് എന്നീ പ്രവൃത്തികൾ പൂർത്തിയായി. മലപ്പുറം ജില്ലയിൽ ദേശീയ പാത വികസനം അന്തിമ ഘട്ടത്തിലേക്ക്. വെങ്ങളം - രാമനാട്ടുകര, തലപ്പാടി - ചെങ്കള റീച്ചുകളും അന്തിമഘട്ടത്തിൽ. അരൂർ - തുറവൂർ ഫ്ളൈ ഓവർ പ്രവൃത്തിയും അതിവേഗം പുരോഗമിക്കുന്നു.

ഏറെക്കാലമായി ഇഴഞ്ഞു നീങ്ങുകയായിരുന്ന കുതിരാൻ ടണൽ പ്രവൃത്തി പൂർത്തിയാക്കി. കൃത്യമായ ആസൂത്രണത്തോടെ നടത്തിയ ഏകോപിത പ്രവർത്തനങ്ങളിലൂടെ ആണ് കുതിരാൻ ടണൽ പൂർത്തിയാക്കിയത്. മൂന്നാർ - ബോഡിമേറ്റ്, നാട്ടുകാൽ - താണാവ് എന്നീ ദേശീയപാത പ്രവൃത്തിയും പൂർത്തീകരിച്ചു.

കൂടുതൽ ദേശീയ പാത പ്രവൃത്തികൾക്ക് സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻ ഫീൽഡ് എന്നീ പാതകൾക്ക് മാത്രമായി 2370.59 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് കേരളം വഹിക്കാൻ തീരുമാനിച്ചത്. എറണാകുളം ബൈപാസ് (NH 544), കൊല്ലം - ചെങ്കോട്ട ഗ്രീൻഫീൽഡ് (NH 744) എന്നീ രണ്ടു പാത നിർമ്മാണങ്ങൾക്ക് ആയി 741.35 കോടി രൂപയുടെ സാമ്പത്തിക ബാധ്യത. ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനായി 1629.24 കോടി രൂപയുടെ പാക്കേജ്. ഭൂമി ഏറ്റെടുക്കലിന്റെ അമ്പത് ശതമാനം തുകയായ 930.41 കോടി രൂപ സംസ്ഥാനം വഹിക്കും. ഈ തുക കിഫ്ബിയിൽ നിന്നും അനുവദിക്കും. സർവീസ് റോഡ് നിർമ്മാണത്തിന് 477.33 കോടി രൂപയും സംസ്ഥാനമാണ് വഹിക്കുക. ഈ തുക സംസ്ഥാനം അഞ്ച് വർഷത്തിനകം നൽകും. ചരക്ക് സേവന നികുതി ഇനത്തിൽ 210.63 കോടി രൂപയും റോയൽറ്റി ഇനത്തിൽ 10.87 കോടി രൂപയും ഒഴിവാക്കി സംസ്ഥാനം അധികബാധ്യത വഹിക്കാനും തീരുമാനിച്ചു.

# തീരദേശ പാത

507.865 കിലോമീറ്റർ തീരദേശ പാത കിഫ്ബി വഴി വികസിപ്പിക്കുന്നു.

ഇതിൽ മൂന്ന് റീച്ചുകൾ പൂർത്തിയാക്കി. അഴീക്കോട് - മുനമ്പം പാലം നിർമ്മാണം പുരോഗമിക്കുന്നു. 39 റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുകയാണ്.



ഇതോടെ ഈ മൂന്നു പാതകളുടെ ഭൂമി ഏറ്റെടുക്കലും വേഗത്തിൽ ആയി. ഇതോടൊപ്പം പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് പാതയുടെ ഭൂമി ഏറ്റെടുക്കലും പുരോഗമിക്കുന്നു. എൻ എച്ച് 766 (കോഴിക്കോട് - മുത്തങ്ങ),എൻ എച്ച് 185 ൽ അടിമാലി- കുമളി, എൻ എച്ച് 183 ൽ മുണ്ടക്കയം - കുമളി എന്നീ പാതകളുടെ നവീകരണം സാധ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ചർച്ചകൾ തുടരുകയാണ്. കേരളത്തിലെ ദേശീയപാതാ വികസനം സംബന്ധിച്ച വിശദമായ നിർദേശങ്ങൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്.



## ചുരംപാത 3 വളവുകൾ കൂടി വീതി കൂട്ടും

വയനാട്ടിലേക്ക് ഉള്ള താമരശ്ശേരി ചുരം റോഡിലെ മൂന്ന് ഹെയർപിൻ വളവുകൾകൂടി വീതികൂട്ടി നിവർത്തുന്നതിന് ഭരണാനുമതിയായി. കേരള പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ആറ്, ഏഴ്, എട്ട് വളവുകളാണ് നവീകരിക്കുക. ഇതിനായി, പിഡബ്ല്യുഡി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 37.16 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിച്ചു. മൂന്ന്, അഞ്ച് വളവുകളുടെ നവീകരണം നേരത്തേ പൂർത്തിയാക്കിയിരുന്നു.

# മലയോര ജനതയുടെ സ്വപ്നസാഫല്യം



സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന മലയോരപാതയുടെ നിർമ്മാണം പൂർത്തിയായ റീച്ചിന്റെ 34 കിലോമീറ്റർ ദൈർഘ്യമുള്ള കോടഞ്ചേരി-കക്കാടംപൊയിൽ റീച്ച് തുറന്നു. 195 കോടി ചെലവിട്ടാണ് റീച്ചിന്റെ പണി പൂർത്തിയാക്കിയത്. കേരള റോഡ് ഫണ്ട് ബോർഡാണ് പദ്ധതിയുടെ നിർവഹണ ഏജൻസി.

ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലൂടെയും കടന്നുപോകുന്ന മലയോരപാത കാസർകോട്ടെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ വ്യാപിച്ചുകിടക്കുന്നതും തന്ത്രപ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതുമായ റോഡാണ്. കേരളത്തിലെ ഏറ്റവും നീളം കൂടിയ സംസ്ഥാന പാതയായ എസ്എച്ച് 59 ആണ് മലയോരപാതയായി നാമകരണം ചെയ്തത്.

സർക്കാർ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ഇതിന്റെ ആകെ നീളം 1,166 കിലോമീറ്ററാണ്. 54 റീച്ചുകളിലായി നടത്തുന്ന നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബിയാണ് ധനസഹായം നൽകുന്നത്. 793.68 കിലോമീറ്റർ റോഡിന് 3593 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി നൽകിയിരിക്കുന്നത്. 506.73 കിലോമീറ്റർ സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്യുകയും



മലയോര ഹൈവേയുടെ കോഴിക്കോട് ജില്ലയിലെ ആദ്യ റീച്ച് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു

അതിൽ 481.13 കിലോമീറ്റർ പ്രവൃത്തി കരാറിൽ ഏർപ്പെട്ട് ആരംഭിച്ചു. 166.08 കി. മി. റോഡിന്റെ നിർമ്മാണം ഇതുവരെ പൂർത്തിയായി. 1288 കോടി രൂപ ഇതുവരെ മലയോര പാതയുടെ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 250 കിലോമീറ്റർ മലയോര ഹൈവേയുടെ നിർമ്മാണം 2025 ഡിസംബറോടെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യം.

12 മീറ്റർ വീതിയിൽ രണ്ടുവരിയായി പൂർണമായും ബിഎംബിസി നിലവാരത്തിൽ നിർമിക്കുന്ന മലയോര പാതയിൽ മെച്ചപ്പെട്ട റോഡ് പ്രതലവും മാർക്കിംഗുകളും അടിസ്ഥാന സുരക്ഷാ സംവിധാനങ്ങളും ഉണ്ടാകും. റോഡിന്റെ അടിത്തറ ശക്തിപ്പെടുത്തി കൂടുതൽ കാലം നിലനിൽക്കുന്ന ഫുൾ ഡെപ്ത് റെക്ലമേഷൻ (എഫ്ഡിആർ) ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ മലയോര പാതയുടെ നിർമ്മാണത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

# പ്രാദേശിക സമ്പദ് വ്യവസ്ഥ വളരുന്നു

ഉത്തരവാദിത്ത ടൂറിസം മേഖലയിൽ വലിയ കുതിപ്പാണ് കേരളം നേടിയത്. ഉത്തരവാദിത്ത ടൂറിസത്തിന്റെ പുതിയ മാതൃകകൾ കേരളം സൃഷ്ടിച്ചു. എക്സ്പീരിയൻഷ്യൽ ടൂറിസം വികാസം പ്രാപിക്കുന്ന കാലമാണ് ഇത്. ഈ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കാനുള്ള കേരളത്തിന്റെ വഴി ആണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ. ഇതിനായി വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നൽകുന്നു. വില്ലേജ് ടൂറിസം, കൾച്ചറൽ ടൂറിസം , ഫെസ്റ്റിവൽ ടൂറിസം, ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം തുടങ്ങിയവയുടെ സാധ്യതകളെയാണ് ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നത്. ഇതിനായി മാതൃകാ ഉത്തരവാദിത്ത ടൂറിസം കേന്ദ്രം, പെപ്പർ , സ്ട്രീറ്റ്,



അഗ്രി ടൂറിസം നെറ്റ് വർക്ക് പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നു ഉത്തരവാദിത്ത ടൂറിസത്തിന്റെ ഏറ്റവും വലിയ നേട്ടം അതിലെ സ്ത്രീപങ്കാളിത്തം ആണ്. ടൂറിസത്തിലൂടെ പ്രാദേശിക സമ്പദ് വ്യവസ്ഥിതിയുടെ വളർച്ചയ്ക്കൊപ്പം സ്ത്രീ ശാക്തീകരണത്തിന്റെ വേദി കൂടിയായി അത് മാറുകയാണ്. അതിന്റെ തുടർച്ചയായി സ്ത്രീസൗഹാർദ ടൂറിസം പദ്ധതിക്കും രൂപം നൽകി. ഒന്നര ലക്ഷം കുടുംബങ്ങൾ ഉത്തരവാദിത്ത ടൂറിസം മാതൃകയിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കാളികളാണ്. ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകളിൽ 17632 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. 2017-18 ൽ 4.51 കോടി യായിരുന്നു വരുമാനമെങ്കിൽ 2024-25 (2024 ഡിസംബർ 31 വരെ): 21.15 കോടിയായി അത് വർധിച്ചു.

കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ലോകമെങ്ങും അംഗീകരിക്കപ്പെടുന്നു. നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങളാണ് ഈ മേഖലയിൽ നമുക്ക് ലഭിച്ചത്. ഈ വർഷം ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചു. കടലുണ്ടി, കുമരകം എന്നിവ മികച്ച ടൂറിസം വില്ലേജുകളായി ദേശീയതലത്തിൽ അംഗീകാരം നേടി. ലോക ടൂറിസം മാർട്ടിൽ സ്ട്രീറ്റ് പദ്ധതിക്കും അവാർഡ് ലഭിച്ചു.








ഹെലി ടൂറിസം പദ്ധതി മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

# പരാതികളില്ലാതെ ശബരിമല തീർഥാടനം

പരാതികളില്ലാതെ തീർഥാടകർക്ക് സുഗമമായ ദർശനം ഒരുക്കാൻ സംസ്ഥാന സർക്കാരിന്റെ ഏകോപനവും കാര്യക്ഷമതയോടുള്ള ക്രമീകരണങ്ങൾക്കും സാധിച്ചു. ഈ ശബരിമല തീർഥാടന കാലത്ത് പ്രതിദിനം 90,000ന് മുകളിൽ തീർഥാടകർ ശബരിമല ദർശനത്തിനായി എത്തിയിരുന്നു. അവർക്കെല്ലാം ഒരു ബുദ്ധിമുട്ടും കൂടാതെ ദർശനം നടത്താനായി.





സന്നിധാനത്തെ അന്നദാന കോംപ്ലക്സ്

കഴിഞ്ഞ വർഷം സീസണിൽ 46,77,922 പേരാണ് ശബരിമല ദർശനം നടത്തിയത്. എന്നാൽ ഈ വർഷം 53,09,906 പേർ ശബരിമല ദർശനം നടത്തി. ഈ വർഷം 6,31,984 പേർ അധികമായി ദർശനം നടത്തി. സുഖദർശനം സുരക്ഷിതദർശനം എന്ന ലക്ഷ്യത്തോടെ ഏകോപിതമായ പ്രവർത്തനമാണ് നടന്നത്. 18,866 പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക്, സുരക്ഷാ നിയന്ത്രണ ഡ്യൂട്ടിക്ക് നിയോഗിച്ചു. ആകെ 4,25000 വാഹനങ്ങൾ പാർക്കിങ്ങിന് എത്തി. കെ.എസ്. ആർ.ടി.സി 1,47,192 പമ്പാ - നിലയ്ക്കൽ ചെയിൻ സർവീസ് നടത്തി. 18,628 ദീർഘദൂര സർവീസുകൾ നടത്തി. സർക്കാർ ഇതുവരെ ശബരിമലയുടെ വികസനത്തിന് ആകെ 1033.62 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്.



നിലയ്ക്കലിൽ കിഫ്ബി ധനസഹായത്താൽ തീർഥാടകർക്കായി പണിത പുതിയ മന്ദിരം



# മനുഷ്യ-വന്യജീവി സംഘർഷം തടയാൻ ജാഗ്രതയോടെ

സോളാർ ഫെൻസിംഗ് സ്ഥാപിക്കൽ

വന്യജീവി പ്രതിരോധത്തിനായി 1051.53 കി.മീ സോളാർ വേലി, 120.37 കി.മീ സോളാർ ഹാങ്ങിങ്ങ് ഫെൻസിങ്ങും 10 കി.മീ റെയിൽ ഫെൻസിങ്ങും വിവിധ ഇടങ്ങളിൽ നിർമ്മിച്ചു. കൂടാതെ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നിവയും നിർമ്മിച്ചു.

വന്യജീവി ആക്രമണ പ്രതിരോധത്തിന് 10 മിഷനുകൾ വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി അറിയുന്നതിനായി മിഷൻ റിയൽ ടൈം മോണിറ്ററിങ്ങ് വന്യജീവി ആക്രമണ പ്രദേശത്ത് സമയബന്ധിത ഇടപെടൽ ഉറപ്പ് വരുത്തുന്നതിനായി മിഷൻ പ്രൈമറി റെസ്പോൺസ് ടീം ഗോത്രസമൂഹങ്ങൾ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സ്വീകരിച്ചു പോന്ന പരമ്പരാഗത അറിവുകൾ ശേഖരിക്കുന്നതിന് മിഷൻ ട്രൈബൽ നോളജ് വന്യജീവികൾക്ക് വനത്തിനുള്ളിൽ ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് മിഷൻ ഫുഡ്-ഫോഡർ- വാട്ടർ നാടൻ കുരങ്ങുകളുടെ ശല്യം നിയന്ത്രിക്കുന്നതിന് Mission Bonnet Macaque

കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കുന്നതിന് Mission Wild Pig പാമ്പ് കടിയേറ്റുള്ള മരണനിരക്ക് പൂർണ്ണമായി ഇല്ലാതാക്കാൻ മിഷൻ സർപ്പക വന്യജീവി സംഘർഷത്തിന്റെ കാരണം സംബന്ധിച്ച പഠന-ഗവേഷണങ്ങൾക്കായുള്ള മിഷൻ നോളജ് സൗരോർജവേലികൾ പരമാവധി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ്ങ്- പദ്ധതിയിലൂടെ 2024-25 വർഷത്തിൽ 848 കി.മീ. സോളാർ

ഫെൻസിങ്ങ് പ്രവർത്തനയോഗ്യമാക്കി.

മനുഷ്യ-വന്യജീവി സംഘർഷം ലഘുകരിക്കാൻ പുതുതായി രൂപീകരിച്ച ഒൻപത് ആർ.ആർ.റ്റികൾ അടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.റ്റികളെ വിന്യസിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി"പ്രഖ്യാപിച്ചുകൊണ്ട്, സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സ്റ്റേറ്റ് എമർജൻസി ഓപ്പറേറ്റിങ്ങ് സെന്ററും ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ എമർജൻസി ഓപ്പറേറ്റിങ്ങ് സെന്ററുകളും ആരംഭിച്ചു കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവ് നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും നൽകി. അവരെ ഹോണററി വൈൽഡ് ലൈഫ് വാർഡന്മാരായി നിയമിച്ച് ഉത്തരവിട്ടു.

എ ഐ ക്യാമറകൾ, പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം, ഏർളി വാർണിങ്ങ് സിസ്റ്റം ഡിജിറ്റൽ (സെൻസർ) വാളുകൾ,എന്നീ സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് കൊണ്ട് സ്മാർട്ട് ഫെൻസുകൾ അതിപ്രധാന സംഘർഷ മേഖലകളിൽ നിർമ്മിച്ചു വരുന്നു. വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് Animal Intrusion Detection and Repellent System (ANIDERS) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. വന്യജീവി നിരീക്ഷണത്തിനു ഡ്രോൺ ക്യാമറകൾ വാങ്ങാൻ തീരുമാനിച്ചു.

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതി പ്രകാരം വനത്തിനകത്ത് വന്യജീവി ആക്രമണം നേരിട്ടുകൊണ്ടിരിക്കുന്ന 818 കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി 160.5904 ഹെക്ടർ ഭൂമിയിൽ നിന്നും ആളുകളെ മാറ്റി താമസിപ്പിച്ചു.

മനുഷ്യ-വന്യജീവി സംഘർഷം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരമായി 2020-21 മുതൽ 2023-24 വരെ 33,784 അപേക്ഷകളിൽ 5584.35 ലക്ഷം രൂപ അനുവദിച്ചു. നഷ്ടപരിഹാരത്തുക ഉൾപ്പെടെ 2011 മുതൽ ഇതേവരെ ഉണ്ടായിരുന്ന കുടിശികയുടെ 95% വും കൊടുത്തു തീർത്തു.







# ഓഖി മുതൽ ചൂരൽമല-മുണ്ടക്കൈ വരെ ദുരന്തമുഖങ്ങളിൽ ചേർത്തുപിടിച്ച്

നാടിനൊരാപത്തുണ്ടായാൽ ഒറ്റക്കെട്ടായി നിന്ന് ദുരന്തനിവാരണവും പ്രതിരോധവും തീർക്കുന്ന മലയാളികൾ ലോകമെങ്ങുമുള്ള മാധ്യമങ്ങളിൽ പല തവണ വാർത്തയായതാണ്. 2018ലെ പ്രളയവും 2019ലെ ഉരുൾപൊട്ടലും കേരളത്തെ തകർത്തുകളയുമെന്ന് ലോകം കരുതിയപ്പോൾ, ഒത്തൊരുമയോടെനിന്ന് പൊരുതിക്കയറിയവരാണ് നാം. പിന്നീട് കോവിഡും നിപയും ഭയപ്പെടുത്തിയപ്പോഴും, ഒടുവിൽ ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടലുണ്ടായപ്പോഴും സമാനതകളില്ലാത്ത ഐക്യത്തോടെ നേരിടാൻ നമുക്കായി. ഓരോ പ്രതിസന്ധിയിലും പാഠങ്ങൾ ഉൾക്കൊണ്ട് പഴുതില്ലാത്ത ദുരന്തനിവാരണ പ്രവർത്തനങ്ങൾ പ്രവർത്തികമാക്കുകയാണ് കേരളം. ദുരന്തനിവാരണത്തിന് ശാസ്ത്രീയമായ പ്രോട്ടോക്കോൾ ഉണ്ടാക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നതിന് പുറമെ പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിലും സർക്കാർ മാതൃകയായി.

പ്രളയകാലത്തിനു ശേഷം ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകി. ഭക്ഷണം, പാർപ്പിടം എന്നിവ ഉറപ്പാക്കിയതിനുശേഷം സാമ്പത്തികമേഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രയത്നം ആരംഭിച്ചു. വിപണിയിൽ പണം ഇറങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

നിപ റിപ്പോർട്ട് ചെയ്തപ്പോൾ രോഗവ്യാപനവും മരണനിരക്കും പിടിച്ചുകെട്ടുന്നതിന് കേരളം സ്വീകരിച്ച നടപടികൾ മാതൃകാപരമായി വിവിധ ഏജൻസികൾ വിലയിരുത്തി. കോവിഡ് വ്യാപനം ലോകത്തെ സ്തബ്ധമാക്കിയപ്പോൾ പതറാതെ നിന്ന് പൊരുതിയ കേരളം വിവിധ രാജ്യങ്ങളിലെ മാധ്യമങ്ങളിൽ വാർത്തയായി. മതിയായ ചികിത്സ, ശക്തമായ നിരീക്ഷണം, പിശകില്ലാത്ത റിപ്പോർട്ടിങ്, ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ, ഫലപ്രദമായ ബോധവത്കരണം എന്നിവയോരോന്നും പഠനവിഷയമായി തന്നെ പല അന്താരാഷ്ട്ര ഏജൻസികളും ഏറ്റെടുത്തു. മറ്റു രാജ്യങ്ങളിലേക്ക് ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും അയയ്ക്കാനും നമുക്കായി.



വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരെ ആശ്വസിപ്പിക്കുന്ന മുഖ്യമന്ത്രി

# വീണ്ടെടുപ്പിന്റെ പുലരികൾക്കായി
## വയനാട് ടൗൺഷിപ്പിന് തറക്കല്ലിട്ടു



മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മാതൃക ടൗൺഷിപ്പ് പദ്ധതിയുടെ തറക്കല്ലിട്ടു. രാജ്യം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തങ്ങളിലൊന്നായിരുന്നു വയനാട് ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടൽ. നാനൂറിലേറെപ്പേറെ മരണം കവർന്ന, 32 പേരെ കുറിച്ച് ഒന്നും കണ്ടെത്താനാവാതെ പോയ മഹാദുരന്തത്തിന് എട്ടുമാസമിപ്പുറം ദുരന്തബാധിതർക്ക് വീടൊരുങ്ങുകയാണ്. വീടുകൾ മാത്രമല്ല, എൽസ്റ്റൺ എസ്റ്റേറ്റിൽ സംസ്ഥാന സർക്കാർ മാതൃക ടൗൺഷിപ്പ് തന്നെ ഒരുക്കുന്നതിനാണ് തുടക്കമായത്.

കല്പറ്റ ബൈപ്പാസിന് സമീപം എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഏക്കറിലാണ് മാതൃക ടൗൺഷിപ്പ് ഉയരുന്നത്. പിറന്ന മണ്ണും കെട്ടിപ്പൊക്കിയ വീടും കുടുംബാംഗങ്ങളെയും നഷ്ടമായവർക്ക് മുണ്ടക്കൈയിലും ചൂരൽമലയിലും പുഞ്ചിരിമട്ടത്തും ജീവിച്ചതുപോലെ അതേ അയൽക്കാരും

സുഹൃത്തുക്കളുമായി ടൗൺഷിപ്പിലും വേർപിരിയാതെ ഒന്നിച്ചു ജീവിക്കാൻ സാഹചര്യമൊരുക്കുകയാണ് സർക്കാർ.

കല്പറ്റ നഗര ഹൃദയത്തിൽ ഏഴ് സെന്റ് ഭൂമിയും അതിൽ 1000 ചതുരശ്ര അടി വിസ്തൃതിയിലുള്ള വീടും എല്ലാ സൗകര്യങ്ങളുമുള്ള ടൗൺഷിപ്പുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒറ്റ നിലയിൽ പണിയുന്ന കെട്ടിടം ഭാവിയിൽ ഇരുനിലയാക്കാനുള്ള അടിത്തറയോടെയാണ് നിർമ്മിക്കുന്നത്. പ്രധാന കിടപ്പുമുറി, രണ്ട് മുറികൾ, സിറ്റൗട്ട്, ലിവിങ്, സ്റ്റഡി റൂം, ഡൈനിങ്, അടുക്കള, സ്റ്റോർ ഏരിയ എന്നിവയാണ് ടൗൺഷിപ്പിലെ വീടിന്റെ ഭാഗമായി ഉൾപ്പെടുന്നത്.

ആരോഗ്യ കേന്ദ്രം, ആധുനിക അങ്കണവാടി, പൊതു മാർക്കറ്റ്, കമ്മ്യൂണിറ്റി സെന്റർ എന്നിവയും ടൗൺഷിപ്പിൽ നിർമ്മിക്കും. ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി, ഫാർമസി, പരിശോധന-വാക്സിനേഷൻ-ഒബ്സർവേഷൻ മുറികൾ, മൈനർ ഒ.ടി, ഒ.പി ടിക്കറ്റ് കൗണ്ടർ സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കും. ക്ലാസ് മുറി, കളിസ്ഥലം, ഡൈനിങ് റൂം, സ്റ്റോർ, അടുക്കള, അകത്തും പുറത്തും കളിസ്ഥലം എന്നിവയാണ് അങ്കണവാടിയിൽ നിർമ്മിക്കുന്നത്. പൊതു മാർക്കറ്റിൽ കടകൾ, സ്റ്റാളുകൾ, ഓപ്പൺ മാർക്കറ്റ്, കുട്ടികൾക്ക് കളി സ്ഥലം, പാർക്കിങ് എന്നിവ സജ്ജീകരിക്കും. മൾട്ടി പർപ്പസ് ഹാൾ, കളി സ്ഥലം, ലൈബ്രറി, സ്പോർട്സ് ക്ലബ്ബ്, ഓപ്പൺ എയർ തിയേറ്റർ എന്നിവ കമ്മ്യൂണിറ്റി സെന്ററിൽ നിർമ്മിക്കും.



**വയനാട് ഉരുൾപൊട്ടൽ അതിജീവിച്ച അവ്യക്തിനോട് ടൗൺഷിപ്പ് ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി സംസാരിക്കുന്നു**



# സ്ത്രീശാക്തീകരണത്തിന് പുത്തൻ ദിശാബോധം



കുടുംബശ്രീയുടെ പ്രധാനലക്ഷ്യമായ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധവും വേഗവും കൈവരിച്ച വർഷങ്ങളാണ് കടന്നുപോയത്. സ്ത്രീകൾക്ക് കേവലം വരുമാന ലഭ്യതയ്ക്കുള്ള അവസരങ്ങൾ നൽകുന്നതിനുപരിയായി അവരുടെ വ്യക്തിത്വത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികൾ കുടുംബശ്രീ നടപ്പാക്കുന്നുണ്ട്. മൂന്നുലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 46.16 ലക്ഷം വനിതകളാണ് കുടുംബശ്രീയുടെ കരുത്ത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വർഷവും കുടുംബശ്രീയുടെ പ്രയാണത്തിന് കരുത്തുപകരാൻ ആവശ്യമായ സാമ്പത്തിക പിന്തുണ ബജറ്റിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്.



സ്ത്രീപദവി സ്വയംപഠന പ്രക്രിയ, സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, വിജിലന്റ് ഗ്രൂപ്പുകൾ, ജെൻഡർ റിസോഴ്സ് സെന്ററുകൾ, ജെൻഡർ ക്ലബ്ബുകൾ, ആന്റി ഹ്യൂമൻ ട്രാഫിക്കിങ്ങ് പദ്ധതി എന്നിവയെല്ലാം മാതൃകാ പ്രവർത്തനം നടത്തി വരുന്നു.

2021-22ൽ കുടുംബശ്രീയുടെ കീഴിൽ ഉണ്ടായിരുന്ന സംരംഭങ്ങളുടെ എണ്ണം 85,039 ആയിരുന്നു. ഈ സർക്കാർ വന്നതിനുശേഷം 58,095 സംരംഭങ്ങൾ കൂടി പുതുതായി രൂപീകരിച്ചു. 2025-2026 വാർഷിക ബജറ്റിൽ കുടുംബശ്രീക്ക് 270 കോടി രൂപയാണ് അനുവദിച്ചത്. കഴിഞ്ഞ വർഷം 265 കോടി രൂപയായിരുന്നു. മുൻവർഷത്തെക്കാൾ ഇക്കുറി അഞ്ച് കോടി രൂപ അധികം അനുവദിച്ചു. ഇതിനു പുറമേ കുടുംബശ്രീ നോഡൽ ഏജൻസിയായി സംസ്ഥാനത്തു നടപ്പാക്കുന്ന ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, പി.എം.എ.വൈ നഗരം, ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതികൾക്കായി ആകെ 119.36 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

കുടുംബശ്രീയുടെ മുഴുവൻ ഉൽപന്നങ്ങളും സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി പോക്കറ്റ് മാർട്ട്-കുടുംബശ്രീ




സ്റ്റോർ എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കി. ഒ.എൻ.ഡി.സി., ആമസോൺ, സഹേലി, ഫ്ളിപ്കാർട്ട്, മീഷോ തുടങ്ങിയ ഓൺലൈൻ വ്യാപാര സൈറ്റുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ വിൽപനയ്ക്കായി സജ്ജീകരിക്കാനും കഴിഞ്ഞു. നാനോ മാർക്കറ്റുകൾ, മാർക്കറ്റിങ്ങ് കിയോസ്കുകൾ, ദേശീയ സരസ് മേളകൾ, ഭക്ഷ്യമേളകൾ, ട്രേഡ് ഫെയറുകൾ എന്നിവ വഴി ഉൽപന്നങ്ങൾ മികച്ച രീതിയിൽ വിപണനം ചെയ്യുന്നു. ന്യൂഡൽഹി ഇന്ത്യാ ഗേറ്റിലെ കുടുംബശ്രീ ഫുഡ് കിയോസ്ക്, കോഴിക്കോട് വിമാനത്താവളത്തിലെ കുടുംബശ്രീ പ്രീമിയം സ്റ്റോർ, കൊച്ചി മെട്രോയിലെ കുടുംബശ്രീ സിഗ്നേച്ചർ സ്റ്റോർ എന്നിവയുടെ പ്രവർത്തനങ്ങളും മികവുറ്റതാണ്.

സംസ്ഥാനത്ത് പൊതുഗതാഗത രംഗത്ത് വിപ്ലവാത്മകമായ മാറ്റം സൃഷ്ടിച്ച കൊച്ചി റെയിൽ മെട്രോയുടെ 24 സ്റ്റേഷനുകളിലും ജോലി ചെയ്യുന്ന 555 പേരും കുടുംബശ്രീ വനിതകളാണ്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' മുഖേന കുടുംബശ്രീ സംരംഭകത്വ വികസന പദ്ധതി നടപ്പാക്കി. കാർഷിക, മൃഗസംരക്ഷണ മേഖലയിലും കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 14 ജില്ലകളിലായി കേരള ചിക്കന്റെ 434 ബ്രോയിലർ ഫാമുകളും 136 കേരള ചിക്കൻ ഔട്ട് ലെറ്റുകളും പ്രവർത്തിക്കുന്നു. ഇതിലൂടെ 700ഓളം കുടുംബങ്ങൾക്കാണ് സ്ഥിരവരുമാനം കണ്ടെത്താൻ കഴിയുന്നത്. പദ്ധതിയുടെ രണ്ടാംഘട്ടമായി കുടുംബശ്രീ കേരള ചിക്കൻ എന്ന ബ്രാൻഡ് നാമത്തിൽ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനും കഴിഞ്ഞു.



അയൽക്കൂട്ട വനിതകളുടെ സുസ്ഥിര സാമ്പത്തിക വികസനം ലക്ഷ്യമിട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉപജീവന മേഖലയിൽ വൺ സ്റ്റോപ്പ് ഫെസിലിറ്റി സെന്റർ, ഇൻക്യുബേഷൻ സെന്റർ, പോക്കറ്റ് മാർട്ട് ഇ കൊമേഴ്സ് ആപ്ലിക്കേഷൻ, സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം ആറാം ഘട്ടം, നേച്ചേഴ്സ് ഫ്രഷ് അഗ്രി കിയോസ്ക് രണ്ടാം ഘട്ടം, ഹരിതസമൃദ്ധി ക്യാമ്പയിൻ എന്നീ പദ്ധതികൾക്ക് തുടക്കമിട്ടു.

# മാറ്റത്തിന്റെ പതാകവാഹകരായി കേരളം



സഹകരണമേഖലയുടെ കരുത്ത് ലോകത്തിന് മുന്നിൽ അടയാളപ്പെടുത്തിയ വർഷമാണ് കടന്നുപോയത്. ജോർദ്ദാനിൽ നടന്ന ഏഷ്യ-പസഫിക് മേഖലയിലെ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് സംഘടിപ്പിച്ച പതിനൊന്നാമത് ഏഷ്യാ പസഫിക് സഹകരണ മന്ത്രിമാരുടെ ഉച്ചകോടിയിൽ കേരളമാണ് ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന്റെ പതാകവാഹകരായി പങ്കുകൊണ്ടത്. 29 രാജ്യങ്ങളിൽ നിന്നുള്ള സഹകരണകാര്യ ചുമതലയുള്ള മന്ത്രിമാർ പങ്കെടുത്ത കോൺഫറൻസിൽ കേരള സഹകരണ വകുപ്പ് രാജ്യത്തെ പ്രതിനിധീകരിച്ച് സഹകരണ നേട്ടങ്ങൾ അവതരിപ്പിച്ചത് കേരളം തുടർന്നുവരുന്ന പ്രവർത്തനങ്ങളുടെ മികവ് അടയാളപ്പെടുത്തലായി.

സഹകരണ മേഖലയ്ക്ക് പുതിയ ദിശാബോധം നൽകി സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും ഒറ്റപ്പെട്ട അനഭിലഷണീയ പ്രവണതകൾ തടയുന്നതിനും ലക്ഷ്യമിട്ട് തയ്യാറാക്കിയ കേരള സഹകരണ സംഘം സമഗ്ര നിയമ ഭേദഗതി സഹകരണ പ്രസ്ഥാനത്തിനാകെ മാതൃകയാണ്. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ നിയമ വകുപ്പിലെ സെപ്ഷ്യൽ സെക്രട്ടറിയായിരിക്കും. സഹകരണ നിയമത്തിലെ ഭേദഗതി വ്യവസ്ഥയ്ക്ക് അനുസൃതമായി ചട്ട ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘം ഭരണസമിതിയിൽ കോ-ഓപ്റ്റ് ചെയ്യുന്ന അംഗങ്ങളുടെ വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം എന്നിവ സംബന്ധിച്ച വ്യവസ്ഥ, കോ-ഓപ്റ്റഡ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച് രജിസ്ട്രാറുടെ അംഗീകാരം ലഭ്യമാക്കണമെന്നുള്ള വ്യവസ്ഥ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം നിർബന്ധമാക്കി.

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവിടങ്ങളുടെ ക്ലറിക്കൽ നിയമനത്തിന് സബ്സ്റ്റാഫിൽ നിന്നുള്ള പ്രമോഷൻ നേരിട്ടുള്ള



**സഹകരണ സർവീസിൽ പുതുതായി നിയമനം ലഭിച്ചവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗിൽ പങ്കെടുത്തവർക്ക് മന്ത്രി വി എൻ വാസവൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു**



നിയമനം എന്നിവയ്ക്കുള്ള അനുപാതം നിലവിലുള്ള ചട്ടത്തിലെ 1:4 എന്നത് 1:2 എന്ന് മാറ്റം വരുത്തിയിട്ടുള്ളത് ക്ലാസ് 2 മുതൽ ഏഴ് വരെയുള്ള സൊസൈറ്റികൾക്ക് ബാധകമാക്കി. ഉദ്യോഗക്കയറ്റം ലഭിക്കുന്നവരുടെ യോഗ്യതയും കഴിവും സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന യോഗ്യത പരീക്ഷയിൽകൂടി വിലയിരുത്തി മാത്രം അനുവദിക്കുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തി. ഉദ്യോഗാർഥിയുടെ പൂർവചരിത്രവും സ്വഭാവവും പോലീസ് വെരിഫിക്കേഷനിലൂടെ നടത്തുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ നിർണ്ണയിച്ചു. സംഘങ്ങളിൽ വസ്തുക്കൾ പണയപ്പെടുത്തി 10 ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ ലഭിക്കുന്നതിന് വസ്തുക്കളുടെ മൂല്യം നിർണ്ണയിക്കുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഭേദഗതിയിൽ ഉൾപ്പെടുത്തി. സംഘത്തിൽ ഒഴിവുവരുന്ന തസ്തികകൾ മൂന്ന് മാസത്തിനകം സഹകരണ പരീക്ഷാബോർഡിനെ അറിയിക്കണം എന്നതും ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ മേഖലയെ സഹായിക്കുന്നതിനായി സഹകരണ സംരക്ഷണ നിധി എന്ന പദ്ധതി ആരംഭിച്ചു. ഇന്ത്യയിൽ ആദ്യമായാണ് സഹകരണമേഖലയിൽ ഇത്തരത്തിൽ ഒരു പദ്ധതി.




2019 നവംബർ 29ന് നിലവിൽ വന്ന കേരള ബാങ്കിന്റെ വായ്പാ ബാക്കിനിൽപ്പ് ബാങ്കിന്റെ ചരിത്രത്തിലാദ്യമായി 50000 കോടി രൂപ പിന്നിട്ടു. വ്യക്തികളും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ഉൾപ്പെട്ട ഉപഭോക്താക്കൾക്കാണ് ഇത്രയും തുക വിതരണം ചെയ്തിരിക്കുന്നത്. മറ്റ് ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപം കേരളത്തിൽ തന്നെ വായ്പയായി വിതരണം ചെയ്ത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കൂടുതൽ കരുത്തേകുന്നു എന്നതാണ് ഈ വായ്പയുടെ പ്രത്യേകത.

# ദേശീയാംഗീകാരത്തോടെ വികസനപാതയിൽ

വികസനത്തിന്റെയും നേട്ടങ്ങളുടെയും പാതയിലാണ് നമ്മുടെ സർക്കാർ മെഡിക്കൽ കോളേജുകൾ. സൗകര്യങ്ങൾ വർധിപ്പിച്ച് ജനഹിതത്തിനൊപ്പം സഞ്ചരിച്ച തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിനെ രാജ്യത്തെ മികച്ച ആശുപത്രികളിലൊന്നായി കേന്ദ്ര സർക്കാർ അംഗീകരിച്ചു. അത്യാഹിതവിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് - ഐ.സി.എം.ആർ തിരഞ്ഞെടുത്ത രാജ്യത്തെ അഞ്ച് മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്. കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുക്കപ്പെടുന്നത് ചരിത്രത്തിൽ ആദ്യമായാണ്. ഓരോ വർഷവും രണ്ടു കോടി രൂപ ഇതുവഴി മെഡിക്കൽ കോളേജിന് ലഭിക്കും. മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയെ അപൂർവ്വ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി അടുത്തിടെ കേന്ദ്ര സർക്കാർ ഉയർത്തിയിരുന്നു. ഇതേ കാലയളവിൽ ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിങ്ങിൽ തുടർച്ചയായ രണ്ട് വർഷങ്ങളിലായി മെഡിക്കൽ കോളേജ് ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് നൂതന എമർജൻസി മെഡിസിന് സംവിധാനങ്ങളൊരുക്കി പുതിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ

**തൃശൂർ ഗവ മെഡിക്കൽ കോളേജിൽ 200 കോടി രൂപ മുതൽമുടക്കിൽ സർജിക്കൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്തത് ഈ വർഷമാണ്**






നൂതന സംവിധാനങ്ങളോട് കൂടിയ പൊള്ളലേറ്റവർക്കായി ബേൺസ് ഐ.സി.യു പ്രവർത്തന സജ്ജമായി. ബേൺസ് ഐ.സി.യു.വിനോടനുബന്ധിച്ച് കേരളത്തിലെ ആദ്യ സ്കിൻ ബാങ്കും സജ്ജമാക്കി.

തൃശൂർ ഗവ മെഡിക്കൽ കോളേജിൽ 200 കോടി രൂപ മുതൽമുടക്കിൽ സർജിക്കൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്തത് ഈ വർഷമാണ്. 500 കോടി രൂപയ്ക്കു മുകളിൽ മുതൽമുടക്കിൽ പണിത സൂപ്പർ സ്പെഷ്യാൽറ്റി ബ്ലോക്ക്, 80 കോടിയുടെ കാർഡിയോളജി ബ്ലോക്ക് എന്നിവയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ്, ഓഡിറ്റോറിയം കോംപ്ലക്സ് എന്നിവയും ഉടൻ നിർമ്മാണം ആരംഭിക്കും. മെഡിക്കൽ പരിശീലനത്തിൽ മികവ്, ചികിത്സാ സേവനത്തിൽ വൈദഗ്ധ്യം എന്നിവയാണ് കോട്ടയം മെഡിക്കൽ കോളേജിന്റെ മുഖമുദ്ര. വിവിധ ദുരന്തങ്ങൾ ഉണ്ടായപ്പോഴും കോവിഡ് മഹാമാരിയെ നേരിട്ടപ്പോഴും കോട്ടയം മെഡിക്കൽ കോളേജിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾ ദേശീയശ്രദ്ധ നേടി.

പുതുതായി ആരംഭിച്ചവ ഉൾപ്പെടെ മറ്റു മെഡിക്കൽ കോളേജുകളും അടിസ്ഥാന സൗകര്യവികസനം നടപ്പാക്കിയും പുതിയ കോഴ്സുകൾ ആരംഭിച്ചും വികസനപാതയിലാണ്.



# ഡിജിറ്റൽ വിദ്യാഭ്യാസത്തിലെ കേരളമാതൃക

കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ വിദ്യാകിരണം എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45,000 സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗം ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

കാലഘട്ടത്തിനനുസൃതമായി സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിതബുദ്ധി (എ.ഐ) പ്രയോജനപ്പെടുത്തി പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ



പഠനപ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏഴാം ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാഥമിക പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിലെ പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 29,000 റോബോട്ടിക് കിറ്റുകളുടെ വിതരണം പൂർത്തിയാക്കി. സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും കൈറ്റിന്റെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതികസാഹചര്യത്തിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. സീമാറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ വിവിധ തലങ്ങളിൽ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ മേധാവികളും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്ക് മാനേജ്മെന്റ് വിഷയങ്ങളിലും ലീഡർഷിപ്പിലും അനുബന്ധ മേഖലകളിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നയങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമായി വിദഗ്ധ പരിശീലനം നൽകി വരുന്നു. നിർമ്മിതബുദ്ധിയുടെ സ്വാധീനം വ്യാപകമാകുന്നതോടൊപ്പം തന്നെ അവയുടെ ഉപയോഗം 80,000 അധ്യാപകരെ പരിശീലിപ്പിക്കുന്നതിന്റേയും എ.ഐ.യുടെ അടിസ്ഥാനാശയങ്ങൾ ഐ.സി.ടി. പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയതിന്റേയും തുടർച്ചയായി അക്കാദമിക ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് സ്വന്തമായ എ.ഐ. എഞ്ചിൻ കൈറ്റിന്റെ നേതൃത്വത്തിൽ ഈ വർഷം തയ്യാറാക്കും.

പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിൽ എ.ഐ. യുടെ സാങ്കേതികസഹായം ഉപയോഗപ്പെടുത്തും. കൂടാതെ ഓരോ വിദ്യാർഥിക്കും അവരവരുടെ കഴിവിനനുസരിച്ച് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ ലേണിങ്ങ് സംവിധാനം ഒരുക്കികൊടുക്കുക എന്നതിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഊന്നൽ കൊടുക്കുന്നത്. മൂല്യനിർണയ രീതികൾ കൂടുതൽ സമഗ്രവും സുതാര്യവുമാക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തും.

**നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതികസാഹചര്യത്തിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിൽ എ.ഐ. യുടെ സാങ്കേതികസഹായം ഉപയോഗപ്പെടുത്തും**





# കുരുന്നുകൾക്ക് പുസ്തകങ്ങളും യൂണിഫോമും നേരത്തെതന്നെ



**പത്താം ക്ലാസിലെ പാഠപുസ്തകങ്ങൾ ഏറ്റുവാങ്ങുന്ന ചടങ്ങിൽ തിരുവനന്തപുരം, പട്ടം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിലെ കുട്ടികൾ മുഖ്യമന്ത്രിയ്ക്കൊപ്പം**



**അധ്യയന വർഷം അവസാനദിനം... മുണ്ടക്കൈ ചൂരൽമലയിലെ വിദ്യാർഥികൾ**

പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ചു വിതരണം ചെയ്യുന്നതിലും ഭാവിതലമുറയുടെ രൂപവൽക്കരണത്തിൽ സുപ്രധാനമായ അവ കാലോചിതമായി പരിഷ്കരിക്കുന്നതിലും പൊതുസമൂഹത്തിന്റെ മതിപ്പ് സർക്കാരിന് ലഭിച്ചു. ചരിത്രത്തിൽ ആദ്യമായി, ഒമ്പതാം ക്ലാസിലെ പരീക്ഷ കഴിയുന്നതിന് മുൻപ് പത്താം ക്ലാസിലെ പാഠപുസ്തകങ്ങൾ പുറത്തിറക്കി. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായാണ് പാഠപുസ്തകങ്ങൾ വിദ്യാർഥികൾക്ക് ലഭ്യമാക്കിയത്. ഒമ്പതാം ക്ലാസിലെ പരീക്ഷ കഴിയുമ്പോൾ വിദ്യാർത്ഥികൾക്ക് അടുത്ത അധ്യായന വർഷത്തെ പുസ്തകങ്ങൾ ലഭിക്കും. എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രീ പ്രൈമറി മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആദ്യഘട്ടത്തിൽ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തീകരിച്ചു. ഹയർ സെക്കൻഡറി പരിഷ്കരണം അടുത്ത വർഷം നടക്കും. ഒന്നു മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. 40 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് 3.8 കോടി പാഠപുസ്തകങ്ങളാണ് അച്ചടിക്കുന്നത്.

സൗജന്യ യൂണിഫോം പദ്ധതി രണ്ട് ഘടകങ്ങളായാണ് നടപ്പിലാക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ വരുന്ന സൗജന്യ യൂണിഫോം പദ്ധതിയും സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയും സംസ്ഥാനത്തെ സ്റ്റാൻഡ് എലോണ് എൽ.പി, യു.പി സർക്കാർ സ്കൂളുകളിലും, 1 മുതൽ 4 വരെയുള്ള എയ്ഡഡ് എൽ.പി സ്കൂളുകളിലും കൈത്തറി വകുപ്പ് വഴി കൈത്തറി യൂണിഫോം നൽകിവരുന്നു. കൈത്തറി യൂണിഫോം ലഭിക്കാത്ത 1 മുതൽ 8 വരെയുള്ള ഗവ ഹൈസ്കൂളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും, 1 മുതൽ 8 വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും ഇതോടൊപ്പം 1 മുതല് 5 വരെയുള്ള എയ്ഡഡ് എൽ.പി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോമിന് 600/ രൂപ നിരക്കിൽ അലവൻസ് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും നൽകിവരുന്നു.

# എല്ലാവര്‍ക്കും കുടിവെള്ളം



എല്ലാവര്‍ക്കും എല്ലായിടവും ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികളുമായി സംസ്ഥാന സര്‍ക്കാര്‍ മുന്നോട്ടുപോവുകയാണ്. നിലവില്‍ 54.50 ശതമാനം ഗ്രാമീണ വീടുകള്‍ക്കും കുടിവെള്ള കണക്ഷന്‍ ലഭ്യമാക്കിയിട്ടുണ്ട്. വെല്‍ സെന്‍സെസ് വഴി സംസ്ഥാനത്തെ മുഴുവന്‍ കിണറുകള്‍, കുഴല്‍ കിണറുകള്‍, കുളങ്ങള്‍, നീരുറവകള്‍ എന്നിങ്ങനെ എല്ലാവിധ ഭുജല സ്രോതസ്സുകളുടെയും സ്ഥാനം, തരം, ആഴം, ജല ലഭ്യത, ഉപയോഗം മണ്ണിന്റെ ഘടന തുടങ്ങിയ വിവരങ്ങള്‍ ശേഖരിക്കും. ഈ വെല്‍ സെന്‍സസ് പൂര്‍ത്തിയാകുന്നതോടെ കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലെയും ഭൂജല വിഭവ ശേഷി മനസ്സിലാകുവാനും വരള്‍ച്ച സാധ്യതാ



**സർക്കാരിന്റെ 4 -ാം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ മഴവെള്ളസംഭരണികളുടെ ഉദ്ഘാടനം ഇടുക്കി തടിയംപാട് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു**

മേഖലകൾ കണ്ടെത്തി ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുവാനും വരൾച്ചാ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും ശുദ്ധജല ലഭ്യത ഉറപ്പാക്കുവാനും ജലജന്യ രോഗങ്ങൾ തടയുവാനും സാധിക്കും.

ഗ്രാമീണ വീടുകളിൽ ടാപ്പുകളിലൂടെ കുടിവെള്ളം എത്തിക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി കേരളത്തിൽ പുതിയ ചരിത്രം കുറിക്കുകയാണ്. ജലവിഭവ വകുപ്പ് ഇതു വരെ ഏറ്റെടുത്ത ഏറ്റവും വലിയ പദ്ധതിയാണിത്. കൊല്ലം, ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 65 ശതമാനത്തിലധികം ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു. 111 പഞ്ചായത്തുകൾ ഇതിനോടകം 100 ശതമാനം ലക്ഷ്യം നേടി.



ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റ് അവതരണത്തിനു മുമ്പ് മുഖ്യമന്ത്രിക്കൊപ്പം

# പ്രതിസന്ധികൾക്കിടയിലും കൈവിടാതെ

ഏറ്റവും സമഗ്രമായ സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിലാണ്. കഴിഞ്ഞ പിണറായി സർക്കാർ 35,154 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തു. ഈ സർക്കാർ ഇതുവരെ 36,200 കോടി രൂപ വിതരണം ചെയ്തു. നിലവിൽ 63.67 ലക്ഷം പേർക്ക് 1600 രൂപ വീതം സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നുണ്ട്. 600 രൂപയായിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ 1600 രൂപയാക്കി ഉയർത്തി. 18 മാസത്തെ പെൻഷൻ കുടിശികയായിരുന്നിടത്തുനിന്ന് അത് പൂർണമായും കൊടുത്തുതീർത്താണ് ഒന്നാം പിണറായി സർക്കാർ മുന്നോട്ടുപോയത്. പിന്നീട് ഘട്ടം ഘട്ടമായി പെൻഷൻ തുക ഉയർത്തി.

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിഹിതത്തിൽ 98 ശതമാനവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെൻഷനുകളിൽ വാർധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നു പെൻഷനുകൾക്കുമാത്രമാണ് കേന്ദ്ര വിഹിതം. 6.8 ലക്ഷം പേർക്ക് 300 രൂപ വീതമാണ് കേന്ദ്ര വിഹിതമുള്ളത്. 2023 ജൂലൈ മുതൽ അനുവദിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാരാണ് നൽകിയത്. അതിനായി 429 കോടി രൂപ ചെലവഴിച്ചു. സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ടു ഗഡു പെൻഷൻകൂടി ജനുവരിയിൽ അനുവദിച്ച് വിതരണം ചെയ്തു. ഇതിനായി 1604 കോടി രൂപയാണ് അനുവദിച്ചത്. 62 ലക്ഷത്തോളം പേർക്കാണ് 3200 രൂപവീതം ലഭിച്ചത്. ജനുവരിയിലെ പെൻഷനും ഫെബ്രുവരിയിലെ പെൻഷനും വിതരണം ചെയ്തു.




# സമ്പൂർണ്ണ ഇ – സ്റ്റാമ്പിങ്ങ് സംസ്ഥാനം

സംസ്ഥാനത്ത് 2023 ഏപ്രിൽ ഒന്ന് മുതൽ സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് പദ്ധതി നടപ്പിലായി. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപ്പത്രങ്ങൾക്ക് 2017 മുതൽ ഇ-സ്റ്റാമ്പിങ് നിലവിലുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള മുദ്രപ്പത്രങ്ങൾക്ക് കൂടി ഇ-സ്റ്റാമ്പിങ് ആരംഭിക്കുകയാണ് ചെയ്തത്.

നോൺ ജുഡീഷ്യൽ ആവശ്യങ്ങൾക്കുള്ള എല്ലാ മുദ്രപ്പത്രങ്ങൾക്കുമാണ് ഇത് ബാധകമാക്കിയിരിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ 14 ജില്ലകളിലെ തിരഞ്ഞെടുത്ത ഓരോ സബ് രജിസ്ട്രാർ ഓഫീസ് ഇ-സ്റ്റാമ്പിങ് സംവിധാനത്തിലേക്ക് മാറി. ഡിജിറ്റൽ സേവനങ്ങളിലൂടെ ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യം. തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള ഡിജിറ്റലൈസേഷനാണ് നടപ്പിലാക്കിയത്. പുതിയ സംവിധാനം നിലവിൽ വരുമ്പോഴും ഒരു ലക്ഷം രൂപ വരെയുള്ള മുദ്രപ്പത്രങ്ങളുടെ വിൽപന അംഗീകൃത സ്റ്റാമ്പ് വെണ്ടർമാരിലൂടെ തന്നെ ആയിരിക്കും.

ഇ-സ്റ്റാമ്പിങ്ങ് നടപ്പിലാക്കുന്നതുമായി മാർഗനിർദേശങ്ങളും സർക്കാർ പുറത്തിറക്കിയിട്ടുണ്ട്.

## നോർക്ക
# വിദേശ റിക്രൂട്ട്മെന്റിൽ മുന്നിൽ




വെയിൽസിലേക്കുള്ള റിക്രൂട്ട്മെന്റിലേക്കായി വെയിൽസ് ആരോഗ്യമന്ത്രിയുമായി ധാരണാപത്രം കൈമാറുന്നു

കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് ഏജൻസി കൂടിയാണ് നോർക്ക റൂട്ട്സ്. നിലവിൽ സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, കുവൈറ്റ് എന്നീ ഗൾഫ് രാജ്യങ്ങളിലേക്കും, യു.കെ, ജർമ്മനി, കനഡ എന്നിവിടങ്ങളിലേക്കും  ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ  ടെക്നീഷ്യൻമാർ, ഗാർഹിക ജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെ നോർക്ക റൂട്ട്സ് തിരഞ്ഞെടുത്ത് അയച്ചുവരുന്നു. നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം വഴി ഇതിനോടകം 3834 റിക്രൂട്ട്മെന്റുകൾ നടത്താൻ സാധിച്ചു. 2021 ഏപ്രിൽ മുതൽ ഇതുവരെ 2378 യുവ പ്രൊഫഷണലുകൾക്കാണ് വിദേശജോലി ലഭ്യമാക്കിയത്. ഇക്കാലയളവിൽ തിരഞ്ഞെടുത്ത 1176 ഉദ്യോഗാർഥികളുടെ നിയമനനടപടികൾ പുരോഗമിക്കുകയാണ്.

**കേരള പ്രവാസികാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിലൂടെ പ്രവാസത്തിന്റെ സർവ മേഖലകളെയും സ്പർശിക്കുന്ന പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും ഏറ്റവും ഫലപ്രദമായി നടപ്പാക്കാൻ സംസ്ഥാന സർക്കാരിന് കഴിയുന്നുണ്ട്**

### യുകെ റിക്രൂട്ട്മെന്റ് (ഇംഗ്ലണ്ട്, വെയിൽസ്)

യു.കെ.യിലെ ദേശീയ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് കെയർ പാർട്ണർഷിപ്പുകളിൽ ഒന്നായ 'ഹംബർ & നോർത്ത് യോക്ക് ഷെയർ ഹെൽത്ത് & കെയർ പാർട്ടണർഷിപ്പ്', നോർത്ത് ഈസ്റ്റ് ലിങ്കൺ ഷെയറിലെ ഹെൽത്ത് സർവീസിന്റെ മാനസിക ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന 'നാവിഗോ' എന്നിവരുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ലണ്ടനിൽധാരണാപത്രം ഒപ്പിട്ടു. യു.കെ -യിലെ വെയിൽസിലേയ്ക്ക് കേരളത്തിൽ നിന്നുള്ള ആരോഗ്യ മേഖലയിലെ പ്രൊഫഷണലുകളെ റിക്രൂട്ട്ചെയ്യുന്നതിനുള്ള ധാരണാപത്രം 2024 മാർച്ച് ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയന്റെയും വെയിൽസ് ആരോഗ്യമന്ത്രിയുടേയും സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ഒപ്പിട്ടു. വർഷം 250




ആരോഗ്യ പ്രവർത്തകരെ റിക്രൂട്ട് ചെയ്യുന്നതിനാണ് ധാരണ.

2021 ഏപ്രിൽ മുതൽ ഇതുവരെ യു.കെ യിലെ ഇംഗ്ലണ്ടിലേയും വെയിൽസിലേയും എൻ.എച്ച്. എസിലേയ്ക്ക് നഴ്സ്, ഡോക്ടർ തസ്തികകളിലേയ്ക്ക് 639 ആരോഗ്യപ്രവർത്തകർ ജോലിയിൽ പ്രവേശിച്ചു.

ജർമ്മനിയിലേക്കുളള നഴ്സിംങ് റിക്രൂട്ട്മെന്റ് (ട്രിപ്പിൾ വിൻ കേരള) വഴി 625 നഴ്സിങ്ങ് പ്രൊഫഷണലുകൾ ജർമ്മനിയിലെത്തി.

നോർക്ക ട്രിപ്പിൾ വിൻ പദ്ധതിയുടെ ഭാഗമായാണ് സംഘടിപ്പിക്കുന്നത്. പ്ലസ്ടുവിനുശേഷം (സയൻസ്) ജർമ്മനിയിൽ പ്രതിമാസ സ്റ്റൈപ്പന്റോടെ സൗജന്യ നഴ്സിങ് പഠനത്തിനും തുടർന്ന് രജിസ്ട്രേഡ് നഴ്സായി നിയമനം ലഭിക്കുന്നതിനും അവസരമൊരുക്കുന്നതാണ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം പദ്ധതി.

കാനഡയിലെ ന്യൂ ഫോണ്ട്ലൻഡ് & ലാബ്രഡോർ പ്രവിശ്യയിലേയ്ക്കുളള നഴ്സിംങ് റിക്രൂട്ട്മെന്റുവഴി ഇതുവരെ 65 പേർ ജോലിയിൽ പ്രവേശിച്ചു.

നോർക്ക റൂട്ട്സും ഇന്തോ ജർമ്മൻ ചേംബർ ഓഫ് കൊമേഴ്സുമായി സഹകരിച്ച് കേരളത്തിൽ നിന്നും ജർമ്മനിയിലേക്ക് ടെക്നീഷ്യൻമാരെ നിയമിക്കുന്നതിന് ധാരണയായി. ഇതിന്റെ ആദ്യഘട്ടമായി ഇലക്ട്രിക്കൽ എൻജിനിയറിംഗ്, ഡിപ്ലോമ, ഐറ്റിഐ യോഗ്യതയുള്ളവരെ റിക്രൂട്ട് ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചു.

സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിലേക്ക് 2021 ഏപ്രിൽ മുതൽ ഇതുവരെ കേരളത്തിൽ നിന്നുളള 420 ആരോഗ്യപ്രവർത്തകരെ റിക്രൂട്ട് ചെയ്തു വിദേശങ്ങളിൽ തൊഴിൽ തേടുന്ന കേരളത്തിൽ നിന്നുള്ള ഉദ്യോഗാർഥികൾക്ക് വിദേശഭാഷാപ്രാവീണ്യവും, തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന നോർക്ക റൂട്ട്സിന്റെ പുതിയ സംരംഭമാണ് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (എൻ.ഐ.എഫ്.എൽ). തിരുവനന്തപുരത്തും കോഴിക്കോടുമാണ് സെന്ററുകൾ



# ലിംഗസമത്വ നവകേരളം



ഹയർ ആന്റ് റസ്ക്യു സേനയിലെ ആദ്യ ബാച്ച് വനിതാ ഓഫീസർമാരുടെ പാസിംഗ് ഔട്ട് പരേഡിനുശേഷം കുട്ടിയുമായി സന്തോഷം പങ്കിടുന്ന സേനാംഗം

ലിംഗസമത്വ നവകേരളം എന്നത് പ്രഖ്യാപനത്തിനപ്പുറം നയരൂപവൽക്കരണത്തിന്റെ ഓരോ ചുവടിലും ഉറപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. അസമത്വം ചൂണ്ടിക്കാണിക്കപ്പെടുന്ന ഇടങ്ങളിൽ നിന്നെല്ലാം അവയെ തുടച്ചുമാറ്റുന്നതിനും പുതിയ ലിംഗസമത്വ കേരളം കെട്ടിപ്പടുക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ് സർക്കാർ. ലിംഗാവബോധം ചെറുപ്പത്തിലേ ബോധ്യപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

വനിതകളായ തൊഴിലാളികൾക്ക് മാളുകൾ, വസ്ത്ര വില്പന കേന്ദ്രങ്ങൾ എന്നിങ്ങനെ തൊഴിലിടങ്ങളിൽ ഇരിക്കുന്നതിനുള്ള അവകാശം ഉൾപ്പെടുത്തി ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് ഭേദഗതി ചെയ്തത് ചരിത്രപരമായ നടപടിയായിരുന്നു. 2018ലെ നിയമഭേദഗതി വകുപ്പ് 21 ബി യിലാണ് ഭേദഗതി കൊണ്ടുവന്നത്. അത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലും സർക്കാർ ശ്രദ്ധിക്കുന്നു.

ലിംഗ വ്യത്യാസമില്ലാതെ അധ്യാപകർക്ക് ഇഷ്ടമുള്ള, മാന്യമായ ഏതു വസ്ത്രവും ധരിക്കുന്നതിന് അവകാശം ഉറപ്പാക്കിയതും ഏറെ ചർച്ചചെയ്യപ്പെട്ടു. തൊഴിൽ ചെയ്യാൻ സൗകര്യപ്രദമായതും മാന്യമായതുമായ ഏതു വസ്ത്രവും ധരിച്ചും അധ്യാപകർക്ക് സ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ സർക്കാർ അനുമതി നൽകി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകരുടെ വസ്ത്രധാരണവുമായി ബന്ധപ്പെട്ട് കാലാനുസൃതമല്ലാത്ത പിടിവാശികൾ ചില സ്ഥാപനമേധാവികളും മാനേജ്മെന്റുകളും അടിച്ചേല്പിക്കുന്നതായി അധ്യാപകർ പരാതിപ്പെട്ട സാഹചര്യത്തിലാണ് 2021ൽ ഉത്തരവിറങ്ങിയത്.

സർവകലാശാലകളിലും ഐടിഐകളിലും പഠിക്കുന്ന പെൺകുട്ടികൾക്ക് ആർത്തവ ദിവസങ്ങളിൽ ശാരീരികവും മാനസികവുമായി വലിയരീതിയിൽ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മാസത്തിൽ രണ്ടു ദിവസം ആർത്തവാവധി അനുവദിച്ചു. 2023 ജനുവരിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സർവകലാശാലകളിലെയും 18 വയസുകഴിഞ്ഞ വിദ്യാർഥിനികൾക്ക് പരമാവധി 60 ദിവസം പ്രസവാവധിയും അനുവദിച്ച് ഉത്തരവായി.

**സർവകലാശാലകളിലും ഐടിഐകളിലും പഠിക്കുന്ന പെൺകുട്ടികൾക്ക് ആർത്തവ ദിവസങ്ങളിൽ ശാരീരികവും മാനസികവുമായി വലിയരീതിയിൽ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മാസത്തിൽ രണ്ടു ദിവസം ആർത്തവാവധി അനുവദിച്ചു**

രാജ്യത്ത് തന്നെ ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചും കേരളം മാതൃകയായി. പ്രത്യേകരേഖയായി വകുപ്പുകളിലുടനീളം പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി അടയാളപ്പെടുത്തിയ വിഭവങ്ങൾ ഉൾപ്പെടുത്തി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. സ്ത്രീകൾക്കുള്ള വിഹിതം മൊത്തം പദ്ധതിവിഹിതത്തിന്റെ 21.12 ശതമാനം എന്ന ഉയർന്ന തലത്തിലെത്തി. സ്ത്രീകളുടെ പുരോഗതിക്കായി പ്രത്യേകം തുകയനുവദിക്കുന്ന കേരളത്തിന്റെ ജെൻഡർ ബജറ്റിനെ യു.എൻ.വിമൺ കഴിഞ്ഞ വർഷം അഭിനന്ദിച്ചിരുന്നു.

ലിംഗവിവേചനം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി കേരള പോലീസിന്റെ പാസിങ്ങ് ഔട്ട് പരേഡിലെ പ്രതിജ്ഞാവാചകത്തിൽ മാറ്റം വരുത്തി. ഒരു പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ എന്നിൽ അർപ്പിതമായ കർത്തവ്യങ്ങളും ചുമതലകളും നിർവഹിക്കുമെന്നു സർവാത്മനാ പ്രതിജ്ഞ ചെയ്യുന്നു എന്നതിന് പകരം ഒരു പോലീസ് സേനാംഗമെന്ന നിലയിൽ എന്നാണ് മാറ്റം വരുത്തിയത്. വനിതകൾക്ക് അപ്രാപ്യമായ ഒരു മേഖലയും ഇല്ല എന്ന് തെളിയിച്ചുകൊണ്ട്, ചരിത്രത്തിലാദ്യമായി ഫയർ ആൻഡ് റെസ്ക്യൂ സേനയിൽ വനിത ഓഫീസർമാരെ നിയമിച്ചു. കുട്ടികളിൽ ചെറുപ്രായം മുതൽതന്നെ ലിംഗസമത്വത്തിന്റെ പ്രാധാന്യവും അവബോധവും നൽകാനുള്ള പദ്ധതിയാണ് ജെൻഡറി അങ്കണപ്പൂമഴ ജെൻഡർ ഓഡിറ്റഡ് പാഠപുസ്തകം.

4 ക്ഷീരവികസനം

# പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത

പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന വലിയ ലക്ഷ്യം സംസ്ഥാനത്തിന് പൂർത്തീകരിക്കാനായി. വിവിധ ക്ഷീരവികസന പദ്ധതികളായ ഉരുക്കളെ വാങ്ങുന്നതിനുള്ള പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, പുൽകൃഷി വികസന പദ്ധതികൾ, ഡെയറി ഫാം നവീകരണ / ആധുനികവത്ക്കരണ പദ്ധതി എന്നിവയിലൂടെയെല്ലാം ക്ഷീരവികസന വകുപ്പ് കഴിഞ്ഞ 10 വർഷമായി നടപ്പാക്കിയ ഹെർഡ് ഇൻഡക്ഷൻ പ്രോഗ്രാമുകൾ സംസ്ഥാനത്തിന്റെ പാലുൽപാദനം സുസ്ഥിരമാക്കാനും അതിലൂടെ ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനും സഹായിച്ചു. പശുഗ്രാമം പദ്ധതിയിലൂടെ വകുപ്പ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ വാങ്ങുന്ന പദ്ധതി ആരംഭിച്ചു. കേരളത്തിൽ സ്വീകരിച്ചു വരുന്ന ശാസ്ത്രീയ പ്രജനന നയത്തിന്റേയും പുതിയ പശുക്കളെ കൊണ്ടുവരുന്ന പദ്ധതിയുടേയും ഫലപ്രാപ്തിയെന്നവണ്ണം കേരളത്തിലെ സങ്കരയിനം പശുക്കളുടെ പ്രതിദിന പാലുൽപാദനശേഷി 10.77 ലിറ്റർ ആയി ഉയർന്നു. ഇക്കാര്യത്തിൽ അഖിലേന്ത്യാതലത്തിൽ രണ്ടാംസ്ഥാനത്താണ് കേരളം.

ക്ഷീരകർഷകരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം കൂടെ ലക്ഷ്യംവച്ച് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട സംയോജിത ക്ഷീരവികസന പദ്ധതിയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി. എം.എസ്.ഡി.പിയിൽ ഉൾപ്പടുത്തി ഉരുക്കളെ വാങ്ങുന്ന പദ്ധതിയിൽ പശു വളർത്തൽ യൂണിറ്റുകൾക്ക് ധനസഹായം നൽകി വരുന്നു. ക്ഷീരഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട





**വിഷപ്പുല്ല് കഴിച്ച് പശുക്കൾ മരണപ്പെട്ട ക്ഷീരകർഷകനായ രവി കെ സി യ്ക്ക് കേരള ഫീഡ്സിന്റെ DONATE A COW പദ്ധതിയിൽ ഉൾപ്പെടുത്തി 2 പശുക്കളെ വിതരണം ചെയ്തപ്പോൾ**

ഗ്രാമപഞ്ചായത്തുകളെ മാതൃകാ ക്ഷീരഗ്രാമങ്ങളാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

ദാരിദ്ര്യനിർമ്മാർജനത്തിന്റെ ഭാഗമായി സർക്കാർ തയ്യാറാക്കിയിരിക്കുന്ന അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സ്ഥായിയായ വരുമാനമാർഗം ഉറപ്പാക്കി അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഒരു പശുഡെയറി യൂണിറ്റ് 90 ശതമാനം ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അതിദരിദ്രർക്കുള്ള പശുവിതരണം.

ക്ഷീരമേഖലയുടെ സാധ്യതകളും സ്രോതസ്സുകളും കണക്കിലെടുത്ത് വയനാട് ജില്ലയ്ക്ക് 50 ലക്ഷം രൂപയുടെ പ്രത്യേക ക്ഷീരവികസന പദ്ധതി (ഡയറി പാക്കേജ്) നടപ്പിലാക്കുന്നു. കേരളത്തിലെ ക്ഷീരമേഖല സംരക്ഷിക്കുന്നതിനും ഒരു സുസ്ഥിര ക്ഷീര വ്യവസ്ഥ സജ്ജീകരിക്കുന്നതിനും നമ്മുടെ നാട്ടിലെ കന്നുകുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും നല്ല ഇനം കിടാരികളെ സംരക്ഷിച്ച് ഭാവിയിലെ കറവപ്പശുക്കളായി മാറ്റുന്നതിനുമുള്ള കർമ്മപദ്ധതിയുടെ ഭാഗമായി 2018-19 മുതൽ ക്ഷീര സഹകരണസംഘങ്ങളിൽ 50 കിടാരികൾ അടങ്ങിയ കിടാരി പാർക്ക് പദ്ധതി ആവിഷ്കരിച്ചു.





# കാർഷിക മേഖലയ്ക്ക് കൈത്താങ്ങ്

**കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'പോഷകസമൃദ്ധി മിഷൻ' രൂപീകരിച്ചു.**

നെൽക്കൃഷി രണ്ടരലക്ഷം ഹെക്ടറിലേക്കും പച്ചക്കറിക്കൃഷിയുടെ വിസ്തൃതി 1.20 ലക്ഷം ഹെക്ടറിലേക്കും വ്യാപിപ്പിക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഉൽപാദന-വിപണന മേഖലകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചു. യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാനുള്ള നടപടികൾ സ്വീകരിച്ചു. നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽ നിന്നും 34 രൂപയായി വർധിപ്പിച്ചു. നാളികേര ഉൽപാദനം വർധിപ്പിക്കുന്നതിനായി ആരംഭിച്ച കേരഗ്രാമം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. റബ്ബർ സബ്സിഡിക്കുള്ള തുക 600

കോടി രൂപയായി ഉയർത്തി. റബ്ബർ റീപ്ലാൻറിങ് സബ്സിഡി 50,000 രൂപയായി ഉയർത്തണമെന്നും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ റബ്ബറിന്റെ താങ്ങുവില 180 രൂപയായി പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിനൊപ്പം ദ്വിതീയ കാർഷിക മേഖലയുടെ ഉന്നമനത്തിലൂടെ കാർഷിക സ്വയംപര്യാപ്തത കൈവരിക്കുക, കർഷകരുടെ വരുമാന വർധനവ് ഉറപ്പാക്കുക, സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാനവ്യാപകമായി 'കൃഷി സമൃദ്ധി' പദ്ധതി നടപ്പിലാക്കി. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ബഹുജന പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിനായി പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കേരളത്തെ പച്ചക്കറിയുൽപാദനത്തിൽ സ്വയം പര്യാപ്തതയിലെത്തിക്കുകയാണ് ലക്ഷ്യം. പരിസ്ഥിതി സംരക്ഷണവും കർഷകരുടെ വരുമാനവും ഉറപ്പാക്കി ജൈവകൃഷി പ്രോത്സാഹനത്തിനായി ജൈവ കാർഷിക മിഷൻ ആരംഭിച്ചു. ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ച് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'പോഷകസമൃദ്ധി മിഷൻ' രൂപീകരിച്ചു.

കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ) പദ്ധതിക്ക് ലോക ബാങ്ക് അനുമതിയായി. കാലാവസ്ഥാ വ്യതിയാനത്തിനെതിരായ കേരളത്തിന്റെ പ്രതിരോധം ശക്തിപ്പെടുത്തുകയാണ് കേര വഴി ലക്ഷ്യമിടുന്നത്. മില്ലറ്റ് ജനകീയമാക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം മില്ലറ്റ് കഫെകൾ ആരംഭിക്കുകയാണ്. ഇതിൽ ആദ്യത്തേത് തിരുവനന്തപുരം ഉള്ളൂരിൽ ആരംഭിച്ചു. മില്ലറ്റ് കഫെകളോട് ചേർന്ന് കർഷക ഉൽപന്നങ്ങളുടെ വിപണന കേന്ദ്രമായ കേരളഗ്രോയും വ്യാപിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പ് കേരളഗ്രോ ബ്രാൻഡിൽ വിവിധ മൂല്യവർധിത ഉൽപന്നങ്ങളുടെ ഓൺലൈൻ വിൽപന ആരംഭിച്ചിട്ടുണ്ട്.

**മില്ലറ്റ് ജനകീയമാക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം മില്ലറ്റ് കഫെകൾ ആരംഭിക്കുകയാണ്.**



# സമ്പൂർണ്ണ കായികനയമുള്ള സംസ്ഥാനം



**സംസ്ഥാനത്ത് 2500 കോടി രൂപ മുടക്കി കായികരംഗത്ത് അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കി വരികയാണ്**

രാജ്യത്ത് ആദ്യമായി സമ്പൂർണ കായിക നയം രൂപീകരിച്ച സംസ്ഥാനമായി കേരളം മാറി. കായിക മികവിലേക്ക് കേരളത്തെ എത്തിക്കുകയും കായികസമൂഹത്തിന് മാത്രമല്ല, പൊതുസമൂഹത്തിന് ഒന്നാകെ കായിക മേഖലയോടുള്ള സമീപനത്തിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാനും ഉതകുന്ന തരത്തിലാണ് കായിക നയം തയ്യാറാക്കിയത്. സംസ്ഥാനത്ത് 2500 കോടി രൂപ മുടക്കി കായികരംഗത്ത് അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കി വരികയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, ഫുട്ബോൾ ടർഫ്, സിന്തറ്റിക് ട്രാക്ക്, സ്വിമ്മിങ്പൂൾ, ഫിറ്റ്നസ് സെന്റർ, ഓപ്പൺ ജിം തുടങ്ങിയവ നിർമ്മിക്കുന്നു. വലുതും ചെറുതുമായ നാനൂറോളം പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. കായികമേഖലയിലെ സുപ്രധാന ചുവടുവെപ്പായിരുന്നു തദ്ദേശ സ്ഥാപനതല സ്പോർട്സ് കൗൺസിൽ രൂപീകരണം. കോർപ്പറേഷൻ, മുൻസിപ്പൽ, പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ നിലവിൽ വന്നു. അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ

ഇന്ത്യയിൽ ആദ്യമായി, കായിക സമ്പദ്ഘടന വികസിപ്പിക്കുക എന്നതാണ് പുതിയ കായികനയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്



പരിശീലനം നൽകുന്ന ഗോൾ പദ്ധതിയ്ക്ക് തുടക്കമായി. വിവിധ ജില്ലകളിലായി 18 ഫിറ്റ്നസ് സെന്ററുകൾ സജ്ജമായിട്ടുണ്ട്.

കായിക സാക്ഷരതപ്രായഭേദമെന്യേ എല്ലാവർക്കും ലഭ്യമാക്കും. ശാസ്ത്രീയമായ സെലക്ഷനും പരിശീലനരീതികളും വഴി ലോക നിലവാരമുള്ള താരങ്ങളെ വളർത്തിയെടുക്കാനുള്ള വ്യക്തമായ മാർഗനിർദ്ദേശങ്ങളുണ്ട് ഈ നയത്തിൽ. സ്കൂൾ തല സ്പോർട്സിന്റെ പ്രാധാന്യം വ്യക്തമാക്കുകയും പ്രൈമറി തലം മുതൽ സ്പോർട്സ് നിർബന്ധമാക്കേണ്ടതിന്റെ പ്രാധാന്യം സൂചിപ്പിക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ ആദ്യമായി, കായിക സമ്പദ്ഘടന വികസിപ്പിക്കുക എന്നതാണ് പുതിയ കായികനയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. വലിയതോതിൽ തൊഴിൽ നൽകുന്ന ഒന്നായി കായികമേഖലയെ വളർത്തും. ഈ രംഗത്തെ തൊഴിലവസരങ്ങളിൽ അടുത്ത 5 വർഷത്തിനകം 100 ശതമാനം വളർച്ച നേടാനും ലക്ഷ്യമിടുന്നു. ഒരു വർഷത്തിനകം ഏകദേശം പതിനായിരം തൊഴിൽ സൃഷ്ടിക്കാമെന്നാണ് കണക്കാക്കുന്നത്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന വിപുലമായ പദ്ധതി തുടങ്ങി. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളം ഒരുക്കുകയാണ് ലക്ഷ്യം. തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാടാണ് ആദ്യ കളിക്കളം ഒരുക്കിയത്. ആകെ നാല് കളിക്കളങ്ങൾ പൂർത്തിയായി. 28 കളിക്കളങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.



**കുന്നംകുളത്ത് മഡ് ഫുട്ബോൾ കോർട്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, ഫെൻസിംഗ്, ഗ്യാലറി എന്നിവയുടെ ഉദ്ഘാടനം മന്ത്രി വി അബ്ദുറഹിമാൻ നിർവഹിക്കുന്നു.**

# കടലോര ജനതയ്ക്ക് കരുതൽ

തീരദേശ ജനതയുടെ സമഗ്രവികസനത്തിനായി നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നത്. കടൽമത്സ്യ പ്രജനനത്തിന് സഹായകരമാകുന്ന കൃത്രിമ ആവാസ കേന്ദ്രങ്ങൾ കൃത്രിമപ്പാര് മൊഡ്യൂളുകൾ ഉപയോഗിച്ച് ഉൾക്കടലിൽ സ്ഥാപിക്കുന്ന പദ്ധതി തീരദേശ വികസന കോർപ്പറേഷൻ കേരളത്തിൽ നടപ്പാക്കി. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ നിക്ഷേപം പൂർത്തീകരിച്ചു. പശ്ചാത്തല സൗകര്യവികസനവും മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള മാതൃക പിന്തുടരുന്നതിനായി ആന്ധ്രാപ്രദേശ് സർക്കാർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനുമായി കരാർ ഒപ്പിട്ടതും കേരളത്തിന് അഭിമാന നേട്ടമായി.

തലസ്ഥാനത്തെ തീരദേശ വികസനത്തിന്റെ മുന്നേറ്റത്തിന് കരുത്തായി സംസ്ഥാനത്തെ രണ്ടാമത്തെ വലിയ മത്സ്യബന്ധന തുറമുഖം പൊഴിയൂരിൽ യാഥാർത്ഥ്യമാകുന്നു. ഏത് കാലാവസ്ഥയിലും വള്ളമിറക്കാൻ കഴിയുന്ന ആധുനിക മത്സ്യബന്ധന തുറമുഖമാകും പൊഴിയൂർ. തമിഴ്നാട് തീരത്ത് പുലിമുട്ട് നിർമ്മിച്ചതിനെ തുടർന്ന് കൊല്ലങ്കോട് മുതലുള്ള ഒരു കിലോമീറ്ററോളം ദൂരം കടൽകയറി വള്ളം ഇറക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ഇതിനുപുറമെ കാലാവസ്ഥാ

**മത്സ്യത്തൊഴിലാളി മേഖലയിലുള്ളവരുടെ പുനരധിവാസത്തിനായി സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്ന 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് പുനർഗേഹം പദ്ധതി**





**പൊഴിയൂർ മത്സ്യബന്ധന തുറമുഖം ആദ്യഘട്ടനിർമ്മാണത്തിന്റെ ഉദ്ഘാടനം**

വ്യതിയാനവും മത്സ്യബന്ധനത്തിന് ദൂരസ്ഥലങ്ങളിൽ പോകേണ്ടിവരുന്നതും മൂലം തൊഴിലാളികൾക്ക് അധിക ചെലവും തൊഴിൽ ദിനങ്ങളിൽ നഷ്ടവും സംഭവിക്കാറുണ്ട്. ഇതിനൊരു പരിഹാരമാണ് പൊഴിയൂർ മത്സ്യബന്ധന തുറമുഖം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണ ചെലവ് 343 കോടി രൂപയാണ്.

മത്സ്യത്തൊഴിലാളി മേഖലയിലുള്ളവരുടെ പുനരധിവാസത്തിനായി സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്ന 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് പുനർഗേഹം പദ്ധതി. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മൂലം രൂക്ഷമായി കടലാക്രമണം നേരിടുന്ന മേഖലകളിലെ 2321 കുടുംബങ്ങളെ സംസ്ഥാന സർക്കാർ പുനർഗേഹം പദ്ധതിയിലൂടെ പുനരധിവസിപ്പിച്ചു.

21,220 കുടുംബങ്ങൾ ഇത്തരത്തിൽ തീരദേശത്ത് അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 8,675 കുടുംബങ്ങൾ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 390 ഫ്ലാറ്റുകളും 1931 വ്യക്തിഗത ഭവനങ്ങളും നിർമ്മിച്ചു കഴിഞ്ഞു. 1184 ഫ്ലാറ്റുകളും 1373 ഭവനങ്ങളും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിൽ നിന്നും 8 ഏക്കർ വസ്തു ലഭ്യമാക്കി 50 കെട്ടിട സമുച്ചയം നിർമ്മിച്ച് 400 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിക്കും തുടക്കമിട്ടു.

**പുനർഗേഹം ഫ്ളാറ്റുകൾ**



# ജനപ്രിയമായി സ്വിഫ്റ്റ് സർവീസുകൾ



കെഎസ്ആർടിസി-സ്വിഫ്റ്റ് എന്ന സ്വതന്ത്രകമ്പനി 2021 നവംബർ ഒമ്പതിന് രജിസ്റ്റർ ചെയ്തു. കേരള സർക്കാർ പ്ലാൻ ഫണ്ടിൽ അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ച് വാങ്ങിയ 116 കെഎസ്ആർടിസി-സ്വിഫ്റ്റ് ബസുകൾ ദീർഘദൂര സർവീസുകളായാണ് പദ്ധതിയുടെ തുടക്കം. പിന്നീട് കിഫ്ബി ഫണ്ടും സ്മാർട്ട് സിറ്റി പദ്ധതി വിഹിതവും ഉപയോഗിച്ച് ഇലക്ട്രിക് ബസുകൾ വാങ്ങി. 2022 ഓഗസ്റ്റിൽ കിഫ്ബി ധനസഹായമായ 57.50 കോടി രൂപയ്ക്ക് സിറ്റി സർക്കുലർ സർവീസിനായി 50 ഇലക്ട്രിക് ബസുകൾ ചാർജിംഗ് ഫെസിലിറ്റി ഉൾപ്പെടെ വാങ്ങി. 2024ൽ സ്മാർട്ട് സിറ്റി ഫണ്ട് ഉപയോഗിച്ച് രണ്ട് ഇലക്ട്രിക് ഡബിൾ ഡെക്കർ ബസുകൾ വാങ്ങുകയും തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം സംരംഭത്തിന് കീഴിൽ സർവീസ് ആരംഭിക്കുകയും ചെയ്തു. ഇത് വലിയ രീതിയിൽ സ്വീകരിക്കപ്പെട്ടു.

444 സർവീസുകൾ ആരംഭിച്ചത് വഴി 1734 പേരെ ഡ്രൈവർ കം കണ്ടക്ടർ, ഡ്രൈവർ, കണ്ടക്ടർ ആയും ദിവസ വേതന അടിസ്ഥാനത്തിൽ ജോലിക്ക് നിയമിച്ചു. സ്വിഫ്റ്റിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ദീർഘദൂര സർവീസുകൾക്കായി മൂന്ന് എസി പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ വാങ്ങിച്ചിട്ടുണ്ട്. ഇവ ഉടൻ സർവീസ് ആരംഭിക്കും. 27 എസി പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ വാങ്ങുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്.



# ഭിന്നശേഷി സൗഹൃദ, വയോജന സൗഹൃദ കേരളം

വയോജനസംഖ്യ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ വയോജനസംരക്ഷണം കൂടുതൽ കാര്യക്ഷമമായി ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ വയോജന കമ്മിഷൻ രൂപവൽക്കരിക്കാൻ നിയമനിർമാണ നടപടികൾ പൂർത്തിയാക്കി.

മുതിർന്ന പൗരർക്ക് ടോൾഫ്രീ ഹെൽപ്പ് ലൈൻ സംവിധാനമായി എൽഡർ ലൈൻ, അടിയന്തര സാഹചര്യങ്ങളിൽ വയോജനങ്ങൾക്ക് പരിചരണവും സംരക്ഷണവും ഉറപ്പാക്കുവാനായി വയോരക്ഷ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി, വൃദ്ധസദനങ്ങളെ ആധുനികവത്കരിച്ചുകൊണ്ട് എല്ലാ സൗകര്യവുമുള്ള വാസസ്ഥലമാക്കാൻ സെക്കൻഡ് ഇന്നിംഗ്സ് ഹോം പദ്ധതി എന്നിവ നടപ്പാക്കുന്നു. വയോജന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്ന വയോജന വെബ് പോർട്ടൽ ആരംഭിക്കുന്നതിന് തുടക്കമായി. 82 സായംപ്രഭ ഹോമുകൾ പകൽ വീടുകളായി പ്രവർത്തിക്കുന്നു. എല്ലാ




നഗരസഭകളിലും തിരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതിയിലൂടെ മരുന്നുവിതരണം, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം, വയോജന ക്ലബ്ബ് പ്രവർത്തനങ്ങ. വയോ അമൃതം പദ്ധതി, മന്ദഹാസം പദ്ധതി തുടങ്ങി നിരവധി ആരോഗ്യസേവനങ്ങളും നൽകുന്നു. ഓർമ്മക്കുറവുമായി ബന്ധപ്പെട്ട അവസ്ഥകളുള്ള വയോജനങ്ങൾക്കായി ഓർമ്മത്തോണി പദ്ധതി.

കേരളത്തെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹൃദസംസ്ഥാനമാക്കാൻ ബാരിയർ ഫ്രീ കേരള പോലുള്ള പദ്ധതികൾ മുന്നേറുന്നു. 1452 തസ്തികകൾ ഭിന്നശേഷി നിയമനത്തിന് അനുയോജ്യമായി കണ്ടെത്തി റിപ്പോർട്ട് ചെയ്തു. കാഴ്ചപരിമിതർക്കുള്ള കാഴ്ച പദ്ധതി, ശ്രവണ സഹായികൾ നൽകുന്ന ശ്രവണ പദ്ധതി, ഇലക്ട്രോണിക് വീൽചെയർ നൽകുന്ന ശുഭയാത്ര പദ്ധതി എന്നിവ മികച്ച രീതിയിൽ മുന്നേറുന്നു.

ഭിന്നശേഷി പുനരധിവാസ ശാക്തീകരണ പ്രവര്ത്തനങ്ങളിൽ നിഷും നിപ്മറും ദേശീയ ശ്രദ്ധ നേടിയ മികവിന്റെ കേന്ദ്രങ്ങളായി. സാമൂഹ്യ പുനരധിവാസ പദ്ധതിയായ അനുയാത്ര പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട്, മലപ്പുറം, തൃശൂർ, കൊല്ലം ജില്ലകളിൽ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിന് സംസ്ഥാനത്ത് മൂന്ന് സംയോജിത പുനരധിവാസ ഗ്രാമങ്ങൾ തയ്യാറാക്കാൻ നടപടികൾ ആരംഭിച്ചു.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാസർഗോഡ് മൂളിയാർ വില്ലേജിൽ സഹജീവനം സ്നേഹഗ്രാമം ഒന്നാംഘട്ടം പ്രവർത്തനമാരംഭിച്ചു.

4 **സ്ത്രീശാക്തീകരണം**

# സ്ത്രീപക്ഷ നവകേരളം



**സ്ത്രീ**കൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ കർശന നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നത്. ഇതിനായി സ്വീകരിച്ച നടപടി ഫലപ്രദമായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ 5903 കേസുകളാണ് 2023 ൽ രജിസ്റ്റർ ചെയ്തത്. 2024ൽ ഇത് 4727 ആയി കുറഞ്ഞു. 2024 ൽ 22 കുട്ടികളാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. മുൻവർഷം ഇത് 33 ആയിരുന്നു. 102 കുട്ടികളെ കഴിഞ്ഞ വർഷം തട്ടിക്കൊണ്ട് പോയെന്നാണ് കണക്കുകൾ. 2023ൽ ഇത് 191 ആയിരുന്നു.

സ്ത്രീകൾക്കെതിരായ അതിക്രമത്തിൽ 18,980 കേസുകളാണ് 2023ൽ രജിസ്റ്റർ ചെയ്തത്. ഇത് 17,152 ആയി കുറഞ്ഞു. 2636 ബലാത്സംഗ കേസുകളും 3949 അതിക്രമ കേസുകളുമാണ് കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടത്. സ്ത്രീധന പീഡനത്തിൽ മൂന്ന് പേർക്കാണ് ജീവൻനഷ്ടമായത്. മുൻവർഷം ഇത് എട്ടായിരുന്നു. ഭർത്താക്കന്മാരുടെ ക്രൂരതയ്ക്ക് ഇരയാക്കപ്പെട്ട 4710 കേസുകൾ 2023ൽ രജിസ്റ്റർ ചെയ്തപ്പോൾ കഴിഞ്ഞ കൊല്ലം ഇത് 4172 ആയി ചുരുങ്ങി.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചത്. പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് ഇതിൽപ്രധാനമാണ്. സ്ത്രീകൾക്കെതിരായ അതിക്രമം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യാനും നിയമ വിഷയങ്ങളിൽ അവഗാഹമുണ്ടാക്കാനും വനിതാ പൊലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിരുന്നു. അപരാജിത, വനിതാ ഹെൽപ് ലൈൻ, സ്വയം പ്രതിരോധത്തിനായി സെൽഫ് ഡിഫൻസ് തുടങ്ങിയ പദ്ധതികൾആവിഷ്കരിച്ചു. ഡൊമസ്റ്റിക് കോൺഫ്ളിക്ട് റെസലുഷൻസെന്ററിന്റെ സഹായവും സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്.

**രാത്രി വൈകിയും പുലർച്ചെയും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിത താമസത്തിനായി വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിൽ സഖി വൺ സ്റ്റോപ്പ് സംവിധാനവുമുണ്ട്**

അപകടത്തിൽപ്പെട്ടാൽ സംരക്ഷണം ഉറപ്പാക്കാൻ ആരംഭിച്ച നിർഭയം ആപ്പിന്റെ സേവനവും സ്ത്രീകൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. സ്ത്രീകൾക്കെതിരെ സമൂഹമാധ്യമങ്ങൾ ദുരുപയോഗിക്കുന്നത് തടയാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്നു. രാത്രി വൈകിയും പുലർച്ചെയും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിത താമസത്തിനായി വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിൽ സഖി വൺ സ്റ്റോപ്പ് സംവിധാനവുമുണ്ട്. അസമയത്ത് ഒറ്റപ്പെട്ടുപോകുന്നവർക്കായി നിഴൽപദ്ധതിയുമുണ്ട്.

# അഭിമാനമായി ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ

നവീനാശയങ്ങളെ സംരംഭങ്ങളാക്കി മാറ്റാനുള്ള വഴിതുറന്നുകൊണ്ട് 2019ൽ ശാസ്ത്രനയം പരിഷ്കരിച്ചത് കേരളത്തിന്റെ ശാസ്ത്രമേഖലയിൽ ആഗോളനിലവാരമുള്ള സ്ഥാപനങ്ങൾ ഉയരാൻ വഴിതെളിച്ചു.

വിക്രം സാരാഭായ് സ്പേസ് സെന്റർ ഉൾപ്പെടെ ബഹിരാകാശരംഗത്തെ നിരവധി ഉന്നത സ്ഥാപനങ്ങൾ നിലയുറപ്പിച്ചിരിക്കുന്നത് കേരളത്തിലാണ്. ഈ സാമീപ്യം കൈമുതലാക്കി ബഹിരാകാശ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വ്യവസായങ്ങളെയും വ്യോമയാന, പ്രതിരോധ മേഖലകളിലെ വ്യവസായങ്ങളെയും കേരളത്തിലേക്ക് എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തിലാണ് കേരള സ്പേസ് പാർക്ക് അഥവാ കെ - സ്പേസ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഐഎസ്ആർഒയുടെ പിന്തുണയിൽ, കേരളത്തിലെ 150 ഓളം ചെറുകിട ഇടത്തരം കമ്പനികൾ ഒരു ശൃംഖലയായി പ്രവർത്തിച്ച് ആഗോളതലത്തിൽ കൂടുതൽ വാണിജ്യാവസരങ്ങൾ സൃഷ്ടിക്കും. ഐഎസ്ആർഒയ്ക്കൊപ്പം മറ്റ് ശാസ്ത്ര-വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് മൂന്ന് കേന്ദ്രങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. 2026ൽ ആദ്യഘട്ടം കടന്ന് 2030ഓടെ കേരള സ്പേസ് പാർക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ശ്രമം.



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, തിരുവനന്തപുരം

വലിയമലയിലും വേളിയിലുമായി മറ്റ് രണ്ട് അനുബന്ധ പദ്ധതികളും ആരംഭിക്കും.

സംസ്ഥാനത്ത് നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കാൻ 2022-23 ലെ ബജറ്റിൽ ഉൾപ്പെടുത്തി 1000 കോടി രൂപ അനുവദിച്ചു. വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി സർക്കാരിനും സർവകലാശാലകൾക്കും വ്യവസായങ്ങൾക്കും സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന ആവാസവ്യവസ്ഥ ഒരുക്കുക എന്നതാണ് ലക്ഷ്യം. കിഫ്ബിയിൽ നിന്ന് 200 കോടി രൂപ വീതം ധനസഹായത്തോടെ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചത്.

ലൈഫ് സയൻസസ് മേഖലയിലെ ആദ്യ സുപ്രധാന ചുവടുവയ്പ്പായ ലൈഫ് സയൻസ് പാർക്ക്, ബയോടെക്നോളജി മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ, സയൻസ്-ടെക് അക്കാദമികൾ, കമ്പനികൾ എന്നിവയുടെ ക്ലസ്റ്ററാണ്. വൈറോളജി മേഖലയിലെ പുത്തൻ ഗവേഷണകേന്ദ്രം എന്ന നിലയിലാണ് തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജി സ്ഥാപിതമായത്.

ബാക്ടീരിയയും വൈറസും ഫംഗസുമൊക്കെ ഉൾക്കൊള്ളുന്ന സൂക്ഷ്മജീവികളുടെ സമൂഹമായ മൈക്രോബയോം അഥവാ സൂക്ഷ്മാണു വ്യവസ്ഥയെക്കുറിച്ചുള്ള വിപുലമായ പഠനത്തിനായി ഇന്ത്യയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട സ്ഥാപനമാണ് സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോം.

അടിസ്ഥാനപോഷകാഹാരങ്ങൾക്ക് പുറമേ ആരോഗ്യപരമായ ഗുണങ്ങൾ നൽകുന്ന ഭക്ഷ്യ ഉൽപന്നങ്ങളായ ന്യൂട്രാസ്യൂട്ടിക്കലുകൾക്ക് ആധുനിക കാലത്തുള്ള പ്രാധാന്യം കണക്കിലെടുത്താണ് സംസ്ഥാന സർക്കാർ ഇതിനായി ഒരു മികവിന്റെ കേന്ദ്രം ഒരുക്കുന്നത്. കേരളത്തിന്റെ പ്രകൃതി കനിഞ്ഞുനൽകിയ സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, സമുദ്രഭക്ഷണം, ആയുർവേദം എന്നിവയുടെ തനത് ഉൽപന്നങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്തുക എന്നതാണ് ന്യൂട്രാസ്യൂട്ടിക്കൽസ് മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേരള ശാസ്ത്ര സാങ്കേിക പരിസ്ഥിതി കൗൺസിലും കെ-ഡിസ്കും കെഎസ്ഐഡിസിയും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്തെ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും.

53,000 കോടി ഡോളർ മൂല്യമുള്ള മെഡിക്കൽ ഉപകരണ വ്യവസായത്തിൽ ഇന്ത്യയുടെ സ്ഥാനം വളരെ പിറകിലാണ്. അതേസമയം, ഗവേഷണശേഷിയും വിദഗ്ധരുമടക്കമുള്ള വിഭവശേഷി ധാരാളമുള്ളതിനാൽ ഈ മേഖല നമുക്ക് തുറന്നിടുന്ന സാധ്യത വളരെ വലുതാണ് താനും. ഇത് പരമാവധി ഉപയോഗപ്പെടുത്തുക എന്ന



ലക്ഷ്യത്തോടെയാണ് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചത്. അടുത്ത 10 വർഷത്തിനുള്ളിൽ കേരളത്തെ ഇന്ത്യയുടെ മെഡിക്കൽ ഡിവൈസ് ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം.

സംസ്ഥാന സർക്കാരിന്റെ ഡിജിറ്റൽ രംഗത്തെ ശക്തമായ ചുവടുവെപ്പാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി). വിജ്ഞാനാധിഷ്ഠിത സമൂഹമാകാനുള്ള കേരളത്തിന്റെ വാഞ്ഛയ്ക്ക് ഊർജമേകിക്കൊണ്ട് ഉന്നത പഠനത്തിന്റെയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും ആഗോള കേന്ദ്രമാക്കി കേരളത്തെ മാറ്റുന്നിനായി തിരുവനന്തപുരം മംഗലപുരം ടെക്നോസിറ്റി ആസ്ഥാനമാക്കിയാണ് സർക്കാർ 2021 ൽ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചത്.

# സാംസ്കാരിക സമ്പത്തിന്റെ സംരക്ഷണം



കേരളത്തിന്റെ സമ്പന്നമായ ചരിത്ര പൈതൃകത്തിന്റെ സംരക്ഷകരാണ് പുരാവസ്തു വകുപ്പ്. വകുപ്പിനു കീഴിൽ17 മ്യൂസിയങ്ങളും, 192 സംരക്ഷിത സ്മാരകങ്ങളുമാണ് നിലവിലുള്ളത്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ മ്യൂസിയങ്ങളെയും സ്മാരകങ്ങളെയും കൂടുതൽജനകീയമാക്കുന്നതിനുള്ള പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം സമഗ്ര പുനസജ്ജീകരണം, പത്മനാഭപുരം കൊട്ടാരം മ്യൂസിയം സമഗ്ര പുനസജ്ജീകരണം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്.

## സ്മാരകങ്ങളുടെ ശാസ്ത്രീയ സംരക്ഷണം

കൊച്ചി രാജവംശം എന്ന് പിന്നീട് അറിയപ്പെട്ട പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനമായിരുന്ന മലപ്പുറം പൊന്നാനിക്കടുത്തുള്ള വന്നേരിയിലെ പെരുമ്പടപ്പിൽഅതിന്റെ ഏക തെളിവായി അവശേഷിക്കുന്ന വലിയ കിണറിന്റെ ശാസ്ത്രീയ സംരംക്ഷണപ്രവൃത്തി പൂർത്തിയാക്കി. സംരക്ഷിത സ്മാരകങ്ങളായ തിരൂരങ്ങാടിയിലെ പഴയ ഹജൂർകച്ചേരി മന്ദിരം, ചരിത്രപ്രസിദ്ധമായ ആറ്റിങ്ങൽകൊട്ടാരം, നിയമസഭാ സുവർണ ജൂബിലി മ്യൂസിയം മന്ദിരം,



കടവുംഭാഗം സിനഗോഗ്, അറയ്ക്കൽകെട്ട്, പത്മനാഭപുരം കൊട്ടാരത്തിലെ മ്യൂസിയം കെട്ടിടം, ഹിൽപാലസ് സമുച്ചയത്തിലെ പത്തുമുറി, വിളമ്പുപുര, ചെറിയ ഊട്ടുപുര, തൃശൂർഎരട്ടച്ചിറ കോവിലകം, വടകര കുഞ്ഞാലി മരയ്ക്കാർസ്മാരകം, ആലുവ യു.സി കോളജിലെ കച്ചേരി മാളിക, തിരൂരങ്ങാടി സബ് രജിസ്ട്രാർഓഫീസ്, തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം, പുനലൂർതൂക്കുപാലം, നെടുമ്പ്രയൂർതളി ക്ഷേത്രം, കോട്ടയം ജില്ലയിലെ പുണ്ഡരീകപുരം ക്ഷേത്രം, തൃക്കൊടിത്താനം ക്ഷേത്രം, കൊല്ലം ജില്ലയിലെ ഇളയിടത്ത് വലിയ കോയിക്കൽകൊട്ടാരം, എറണാകുളം ജില്ലയിലെ വരാപ്പുഴ സെന്റ് ജോർജ് ചർച്ച്, ഹിൽപ്പാലസ് സമുച്ചയത്തിലെ നാലുകെട്ട് എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി.

## പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ

ശ്രീകണ്ഠാപുരം, ചെമ്പന്തൊട്ടിയിലെ ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം സജ്ജീകരണം, പത്മനാഭപുരം കൊട്ടാരസമുച്ചയത്തിലെ ഹോമപ്പുര, ഹിൽപ്പാലസ് കൊട്ടാര സമുച്ചയത്തിലെ നേത്യാരമ്മ ബംഗ്ലാവ്, തിരുന്നാവായയിലെ മാമാങ്ക സ്മാരകങ്ങൾ, കോഴിക്കോട് കോർപ്പറേഷന്റെ പൈതൃക മന്ദിരം, തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനു ചുറ്റുമുള്ള കോട്ടമതിലുകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. വയനാട് ജില്ലയിലെ കുഞ്ഞോം പ്രദേശത്തെ സമഗ്ര പുരാവസ്തു സർവേയും പുരോഗമിക്കുകയാണ്.



# ഏറ്റവുമധികം പി.എസ്.സി നിയമനങ്ങൾ

യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം രാജ്യത്തെ ആകെ പി.എസ്.സി നിയമനങ്ങളുടെ 66 ശതമാനവും നടക്കുന്നത് കേരളത്തിലാണ്. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഒരു ലക്ഷത്തിലേറെ നിയമന ശുപാർശകൾ നൽകിക്കഴിഞ്ഞു. പതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു.

2016 മെയ് മുതൽ ഒന്നാം സർക്കാരിന്റെ കാലയളവിൽ ആകെ 161361 ഉം രണ്ടാം സർക്കാരിന്റെ കാലയളവിൽ 02/04/25 വരെ 1,14,701

| | | |
|---|---|---|
| 2016 | - | 26,247 |
| 2017 | - | 35,911 |
| 2018 | - | 28,025 |
| 2019 | - | 35,422 |
| 2020 | - | 25,914 |
| 2021 | - | 26,724 |
| 2022 | - | 22,393 |
| 2023 | - | 34,110 |
| 2024 | - | 34,196 |
| 2025 | - | 8297 up to 02/04/2025 |

നിപ, പ്രളയം, കോവിഡ് പ്രതിസന്ധി കാലഘട്ടങ്ങളിൽ പോലും പി.എസ്.സി നിയമനങ്ങൾ നടത്താൻ സർക്കാർ ജാഗ്രത പുലർത്തിയെന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു.



# വനിതകൾക്കും, എസ്.സി / എസ്.ടി സംവിധായകർക്കും ധനസഹായം

**2019**ലാണ് വനിതാ സംവിധായകരുടെ ചലച്ചിത്രം നിർമ്മിക്കുന്ന പദ്ധതി സംസ്ഥാന സർക്കാർആവിഷ്കരിച്ചത്. കെ.എസ്.എഫ്.ഡി.സി-ക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. വനിതാ സംവിധായകർ നിർമ്മിക്കുന്ന രണ്ട് സിനിമകൾക്കും എസ്.സി/ എസ്ടി വിഭാഗത്തിലുള്ളവർ നിർമ്മിക്കുന്ന രണ്ട് സിനിമകൾക്കും 1.5 കോടി രൂപ വീതം ധനസഹായം നൽകുന്നതാണ് പദ്ധതി. വനിതാ സംവിധായകരുടെ ചിത്രങ്ങൾക്ക് പുറമെ, എസ്.സി/എസ്.ടി വിഭാഗത്തിലെ രണ്ട് പേരുടെ ചലച്ചിത്രങ്ങൾക്കായി നിർമ്മിക്കുന്നതിനായി ബജറ്റിൽ മൂന്ന് കോടി രൂപ കൂടി ചേർത്തു. സംസ്ഥാന സർക്കാരിന്റെ വനിതകളുടെ സംവിധാനത്തിലുള്ള സിനിമ പദ്ധതി പ്രകാരം കോർപ്പറേഷൻ നിർമ്മിക്കുന്ന ആറാമത്തെ ചലച്ചിത്രമാണ് ഇപ്പോൾചിത്രീകരണം നടക്കുന്നത്



# വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവുമായി കേരളം



**യുവതലമുറയിൽ രാസലഹരി ഉൾപ്പെടെയുള്ള നിരോധിത ലഹരി ഉത്പന്നങ്ങളുടെ വർധിച്ചുവരുന്ന ഉപയോഗം, അക്രമണോത്സുകത തുടങ്ങിയ വിപത്തുകളെ ചെറുക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി നിയസഭാ ശങ്കരനാരായണൻ തമ്പി ഹാളിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു**

സമൂഹത്തെയാകെ ഉത്കണ്ഠപ്പെടുത്തുന്ന ഗൗരവതരമായ രണ്ടു വിഷയങ്ങളാണ് കുട്ടികളിലെ വർധിച്ചുവരുന്ന ആക്രമണോത്സുകതയും മാരകമായ മയക്കുമരുന്നുകളുടെ ഉപയോഗവും. ഭൗതിക കാരണങ്ങൾ മാത്രമല്ല, സാമൂഹിക - മാനസിക കാരണങ്ങൾ കൂടി ലഹരിവ്യാപനത്തിന് പിന്നിലുണ്ട്. ലഹരിവിപത്തിനെ ചെറുക്കാൻ എല്ലാ വിഭാഗം ജനങ്ങളെയും വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് അതിശക്തമായ ക്യാമ്പയിനാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. നിലവിലുള്ള എല്ലാ ക്യാമ്പയിനുകളും സംയോജിപ്പിച്ച് 2025 ഏപ്രിൽ മധ്യത്തോടെ സർക്കാർ അതിവിപുലമായ ലഹരി വിരുദ്ധ കർമ്മപദ്ധതി അവതരിപ്പിക്കും.

വിദഗ്ധരുടെയും വിദ്യാർഥി-യുവജന സംഘടനകളുടെയും സിനിമ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകളുടെയും അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗം മാർച്ച് 30 ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന് നിർദേശങ്ങൾ സമാഹരിച്ചു. യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗവും വർധിച്ചുവരുന്ന അക്രമവാസനയും സൂക്ഷ്മമായി നിരീക്ഷിക്കാൻ 'തിങ്ക് ടാങ്ക്' രൂപീകരിച്ചു.

രാജ്യത്തിന്റെ പല ഭാഗങ്ങളിലായി വിമാനങ്ങളിലൂടെയും കപ്പലുകളിലൂടെയും കൊണ്ടിറക്കുന്ന മയക്കുമരുന്നുകൾ നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി

കടന്ന് ഇവിടേക്കു വരുന്നതു തടയാൻ  ഭരണനടപടി ഉണ്ടാവും. ഒരു വർഷം പിടിക്കപ്പെടുന്ന മയക്കുമരുന്നിന്റെ കണക്കിൽ ദേശീയ തലത്തിൽ 55 ശതമാനം (25,000 കോടിരൂപയുടെ) വർധനയാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിൽ  പിടിച്ചെടുത്ത മയക്കുമരുന്നിന്റെ മൂല്യം 100 കോടിക്കു താഴെയാണ്. എങ്കിലും  സർക്കാർ തികഞ്ഞ ഗൗരവത്തോടെയാണ് ലഹരിവ്യാപനത്തെ കാണുന്നത്.

ലഹരിവസ്തുക്കളുടെ വിൽപ്പന, ഉപയോഗം തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ജനങ്ങൾക്ക് രഹസ്യമായി അധികൃതരെ അറിയിക്കാൻ  സഹായിക്കുന്ന വെബ് പോർട്ടൽ സജ്ജീകരിക്കും. വിവരങ്ങൾ നൽകുന്ന വ്യക്തിയുടെ ഐഡന്റിറ്റി ഒരുതരത്തിലും വെളിപ്പെടുത്തേണ്ടതില്ല. നിലവിൽ ഇതിനായി വാട്സ്ആപ് നമ്പർ ഉണ്ട് (9497979794, 9497927797).

ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി ജൂണിൽ അക്കാദമിക വർഷം ആരംഭിക്കുമ്പോൾ വിപുലമായ തോതിൽ അക്കാദമിക് സ്ഥാപനങ്ങളിലും എല്ലാ വിദ്യാലയങ്ങളിലും കർമ്മപദ്ധതി തയ്യാറാക്കും. ഇതിനായുള്ള പ്രധാന നിർദേശങ്ങൾ:

1. എല്ലാ വിദ്യാലയങ്ങളിലും അധ്യാപക-വിദ്യാർഥി ജാഗ്രതാ സമിതി.  കോളേജുകളിലും വിദ്യാലയങ്ങളിലും സ്റ്റുഡന്റ് ഗൈഡൻസ് സപ്പോർട്ട് പ്രോഗ്രാം.
2. വിദ്യാർഥികളിൽ കായികക്ഷമത വികസിപ്പിക്കാൻ പദ്ധതികൾ.
3. എൻ.എസ്.എസ്, സ്കൗട്ട്, എസ്.പി.സി തുടങ്ങിയ വോളന്റിയർമാരെ ഉൾപ്പെടുത്തി മെന്ററിങ്ങ്  ശൃംഖല ഉണ്ടാക്കുക.
4. ട്യൂഷൻ സെന്ററുകളും കോച്ചിങ്ങ് സെന്ററുകളും നിരീക്ഷണത്തിൽ കൊണ്ടുവരിക.
5. വിദ്യാർഥികളിൽ നിന്നു വരുന്ന പരാതികൾ പരിശോധിക്കാൻ സ്പെഷ്യൽ മോണിറ്ററിങ്ങ് ടീം എല്ലാ കലാലയങ്ങളിലും.
6. വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിൻ.
7. ആറു മാസത്തിലൊരിക്കൽ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള മെഡിക്കൽ ചെക്കപ്പ്.
8. ലഹരിക്ക് അടിമയായവരെ പുനരധിവസിപ്പിച്ചശേഷം അവരെ പൊതുസമൂഹത്തോടൊപ്പം ഇണക്കിച്ചേർക്കുന്നതിന്  വേണ്ട പിന്തുണാസംവിധാനം ഒരുക്കുക.
9. ലഹരിക്കച്ചവടക്കാർ ക്യാരിയേഴ്സ് ആക്കുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് കൗൺസിലിങ്ങും മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള മറ്റു സംവിധാനങ്ങളും ഉറപ്പുവരുത്തുക.
10. ടൂറിസം മേഖലയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, മോണിറ്ററിങ്  ശക്തിപ്പെടുത്തുക.




യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാകും കർമപദ്ധതി തയ്യാറാക്കുക.  എൽ.പി ക്ലാസുകൾ മുതൽ തന്നെ ലഹരിവിരുദ്ധ ബോധവത്ക്കരണം ആരംഭിക്കും. കുട്ടികളെ കായിക രംഗത്ത് ആകർഷിക്കാൻ കൂടുതൽ പരിപാടികൾ സംഘടിപ്പിക്കും. ഹോസ്റ്റലുകളും പൊതുവിടങ്ങളും ലഹരിമുക്തമാണെന്ന് ഉറപ്പാക്കാൻ നടപടികൾ കൈക്കൊള്ളും.

പോലീസിന്റെയും എക്സൈസിന്റെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കും. ലഹരിവിൽപന നടത്തുന്ന കടകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് കൈക്കൊള്ളും. മയക്കുമരുന്ന് സാന്നിധ്യം കണ്ടെത്താനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങും. സ്നിഫർ ഡോഗ് സാന്നിധ്യം വർധിപ്പിക്കും.  ഓൺലൈൻ ലഹരി വ്യാപാരം തടയാനുള്ള നടപടികൾ ശക്തമാക്കും. എയർപോർട്ട്, റെയിൽവേ, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് പരിശോധന ശക്തമാക്കും. അതിർത്തികളിലെ പോലീസ് പരിശോധന ശക്തമാക്കും. കൊറിയറുകൾ, പാഴ്സലുകൾ, ടൂറിസ്റ്റ് വാഹനങ്ങൾ തുടങ്ങി കേരളത്തിന്റെ അതിർത്തിയിലേക്ക് കടന്നുവരുന്ന വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കും.

# കേരളീയ കലകൾക്ക് വജ്രജൂബിലി ഫെലോഷിപ്പ്



സാംസ്ക്കാരിക വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ്. കേരളീയ കലാരൂപങ്ങളായ ക്ലാസിക്കൽകല, അഭിനയ കല, ചിത്രകല, ശിൽപകല, ഫോക്‌ലോർ കലാരൂപങ്ങൾ തുടങ്ങിയ കലകളിലാണ് സൗജന്യപരിശീലനം നൽകുന്നത്.  തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 17500 രൂപ ഫെലോഷിപ്പ് ലഭിക്കും. നാളിതുവരെയായി 15.98 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു. 925 കലാകാരന്മാരാണ് ഗുണഭോക്താക്കളായിട്ടുള്ളത്.



# പുരസ്കാരത്തിളക്കത്തിൽ കേരളം

- നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ (2023-24) ഒന്നാം സ്ഥാനം നിലനിർത്തി കേരളം. തുടർച്ചയായി നാലാം തവണയാണ് എസ്ഡിജി സൂചികയിൽ സംസ്ഥാനം ആദ്യസ്ഥാനം നേടുന്നത്.
- നീതി ആയോഗിന്റെ ദേശീയ ആരോഗ്യസൂചികയിൽ കേരളം ഒന്നാമത്
- വ്യവസായസൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ഒന്നാമത്.
- 2024ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡിലെ (NECA) സംസ്ഥാന ഊർജ കാര്യക്ഷമതയിൽ കേരളത്തിന് നേട്ടം. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ ഊർജകാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിലാണ് കേരളത്തിന് രണ്ടാംസ്ഥാനം ലഭിച്ചത്.
- ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചിക-2024ൽ തുടർച്ചയായി രണ്ടാംവർഷവും ഒന്നാംസ്ഥാനം.
- കേന്ദ്ര തീരദേശ ജല ഗുണനിലവാര സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്. മൂന്ന് വ്യത്യസ്ത തീരപ്രദേശങ്ങളിൽ നിന്നെടുത്ത ജലസാംപിളുകൾ ശേഖരിച്ച് നടത്തിയ

**രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം**

പഠനത്തിലാണ് ശുചിത്വത്തിൽ കേരളം ഒന്നാമതെന്ന് കണ്ടെത്തിയത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തിറക്കിയ എൻവിസ്റ്റാറ്റ്സ് 2024 റിപ്പോർട്ടിലാണ് അംഗീകാരം.

- നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിംവർക്ക് (എൻഐആർഎഫ്) 2024ൽ  രാജ്യത്തെ ഏറ്റവും മികച്ച കോളേജുകളുടെയും സർവകലാശാലകളുടെയും പട്ടികയിൽ കേരളത്തിലെ നാല് സർവകലാശാലകളും 16 കോളേജുകളും ആദ്യ നൂറിൽ. മികച്ച സ്റ്റേറ്റ് പബ്ളിക് യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ യഥാക്രമം 9, 10, 11 സ്ഥാനങ്ങളിൽ കേരള, കൊച്ചി, എംജി സർവകലാശാലകൾ. രാജ്യത്തെ സർവകലാശാലകളുടെ മാത്രം റാങ്കിങ്ങിൽ കേരള സർവകലാശാല 21-ാം സ്ഥാനത്തും കൊച്ചിൻ സർവകലാശാല 34-ാമതും.
- 2024 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരത്തിൽ ഇരട്ട പുരസ്ക്കാര നേട്ടവുമായി തിളങ്ങി കേരളം. ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതിന് ദീൻ ദയാൽ ഉപാധ്യായ് പഞ്ചായത്ത് സതത് വികാസ് പുരസ്കാരം മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് സ്വന്തമാക്കി. ദേശീയ തലത്തിൽ രണ്ടാം സ്ഥാനമാണ് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് നേടിയത്. പഞ്ചായത്ത് ക്ഷമത നിർമാൺ സർവോത്തം സംസ്ഥാന പുരസ്ക്കാരം കില നേടി.
- ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം.  സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങളിലെ ഡിജിറ്റൽ ഫോറൻസിക് മികവ് കണ്ടെത്തുന്നതിനുള്ള വിഭാഗത്തിലാണ് ഗുജറാത്തിലെ ഗാന്ധിനഗർ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുമായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറി രണ്ടാം സ്ഥാനം പങ്കിട്ടത്. രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്ന പുരസ്കാരമാണിത്.
- രാജ്യത്ത് യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ മികച്ച നേട്ടവുമായി കേരളം. പതിനൊന്നാമത് ഗ്ലോബൽ സമ്മിറ്റ് ഓൺ സ്കിൽ ഡെവലപ്മെന്റ് 2024ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025 പ്രകാരം 22നും 25നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ കേരളം രണ്ടാം സ്ഥാനമാണ് കരസ്ഥമാക്കിയിരിക്കുന്നത്.
- രാജ്യത്ത് ആദ്യമായി ആന്റി ബയോഗ്രാം (എഎംആർ സർവെയലൻസ് റിപ്പോർട്ട്) മൂന്നാം തവണയും പുറത്തിറക്കി കേരളം. കേരളത്തിലെ ആന്റി മൈക്രോബിയൽ

റെസിസ്റ്റൻസ് (എ.എം.ആർ) തോത് വിലയിരുത്താനും അതിനനുസരിച്ച് ആന്റി മൈക്രോബ്രിയൽ റെസിസ്റ്റൻസ് പ്രതിരോധിക്കാനും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമാണ് റിപ്പോർട്ട്.

- രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.
- കൊച്ചി വാട്ടർ മെട്രോ ലോകനഗരങ്ങൾക്ക് മാതൃകയെന്ന് യുഎൻ ഹാബിറ്റാറ്റ് റിപ്പോർട്ട്. കാലാവസ്ഥാവ്യതിയാനം നേരിടുന്നതിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിലും ലോകത്തിലെ മറ്റുനഗരങ്ങൾക്കുള്ള സുസ്ഥിര നഗരവികസനമാതൃകയാണ് കൊച്ചി വാട്ടർ മെട്രോയെന്നാണ് റിപ്പോർട്ട്.
- ശുചിത്വത്തിലും മാലിന്യനിർമ്മാർജനത്തിലും ദേശീയ നേട്ടം കൊയ്ത് കിൻഫ്ര പാർക്കുകൾ. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്ഐസിസിഐ) അഖിലേന്ത്യാതലത്തിൽ ഏർപ്പെടുത്തിയ സ്വച്ഛ് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ രണ്ടെണ്ണം കിൻഫ്ര പാർക്കുകൾ സ്വന്തമാക്കി. എൻവയൺമെന്റ് സസ്റ്റെയ്നബിലിറ്റി ചാമ്പ്യൻസ്  വിഭാഗത്തിൽ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും ഇൻഫ്രാസ്ട്രക്ചർ ചാമ്പ്യൻസ് വിഭാഗത്തിൽ കളമശ്ശേരി ഹൈടെക് പാർക്കുമാണ് പുരസ്കാരങ്ങൾ നേടിയത്.
- ഇന്ത്യയിലെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള കേന്ദ്ര ഫിഷറീസ് മന്ത്രാലയ പുരസ്കാര നേട്ടവുമായി കേരളം.  2024 ലെ ലോക ഫിഷറീസ് ദിനത്തോട് അനുബന്ധിച്ച് മത്സ്യബന്ധന മേഖലയിൽ കേരളം നടത്തുന്ന സമഗ്രപ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലത്തെ തെരഞ്ഞെടുത്തു.
- ആരോഗ്യമേഖലയിൽ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ഹെൽത്ത് സംവിധാനം നടപ്പാക്കി കേരളം. സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം പ്രവർത്തനസജ്ജമായി.
- ഏറ്റവും മികച്ച സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരത്തിനായുള്ള പുരസ്കാരം ഇത്തവണയും കൊച്ചിയെ തേടിയെത്തി. ഏറ്റവും സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരം എന്ന വിഭാഗത്തിലാണ് കൊച്ചിക്ക് അർബൺ ട്രാൻസ്പോർട്ടിലെ മികവിനുള്ള പുരസ്കാരം ലഭിച്ചത്. ഗവൺമെന്റ് ഓഫ് ഹൗസിംഗ് ആൻഡ് അർബൺ അഫയേഴ്സ് നടത്തുന്ന അർബൺ മൊബിലിറ്റി ഇന്ത്യ 2024 ദേശീയ

**രാജ്യത്ത് ആദ്യമായി ആന്റി ബയോഗ്രാം (എഎംആർ സർവെയലൻസ് റിപ്പോർട്ട്) മൂന്നാം തവണയും പുറത്തിറക്കി കേരളം**



**പബ്ലിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ' നൽകുന്ന 'ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ" അംഗീകാരം സംരംഭക വർഷം പദ്ധതിക്ക്. സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി അംഗീകരിക്കപ്പെടുന്നത്**

മത്സരത്തിന്റെ ഭാഗമായാണ് ഈ അംഗീകാരം.

- വിനോദസഞ്ചാരികൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ട്രെൻഡിങ്ങ് ഡെസ്റ്റിനേഷൻ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടി തിരുവനന്തപുരം. പ്രമുഖ ട്രാവൽ വെബ്സൈറ്റ് സ്കൈ സ്കാനറിന്റെ 2025 ലെ പട്ടികയിൽ പത്താം സ്ഥാനത്താണ് തിരുവനന്തപുരം.

- നഗര ഭരണ- ശുചിത്വ പ്രവർത്തനങ്ങളിലും നഗരസഭ നൽകിയ സമഗ്ര സംഭാവനകൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിനു കീഴിലെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷന്റെ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയ്ക്ക് നൂതന മാലിന്യസംസ്കരണ രീതികൾ സ്വീകരിക്കുക, സുസ്ഥിര ശുചിത്വ പദ്ധതികൾ നടപ്പാക്കുക, നഗര ശുചിത്വസംരംഭങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം

പ്രോത്സാഹിപ്പിക്കുക എന്നിവ ഉൾപ്പെടുന്ന നഗരഭരണത്തിൽ നടപ്പിലാക്കിയ നൂതന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ്.

- കേരള സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും. അന്താരാഷ്ട്ര തലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം അളക്കുന്നതിനുള്ള ആഗോള റാങ്കിങ്ങ് സംവിധാനമായ ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ (QS Quacquarelli Symonds World University Rankings) കേരള സർവകലാശാലയും ടൈംസ് ആഗോള റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാലയും മികച്ച പോയിന്റാണ് നേടിയിരിക്കുന്നത്.
- സ്റ്റാർട്ടപ്പ് മേഖലയിലെ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് പെർഫോമർ പുരസ്കാരം കേരളത്തിന്.
- കേന്ദ്രത്തിന്റെ ആരോഗ്യമന്ഥൻ പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേരളത്തിന്. ഏറ്റവും കൂടുതൽ ചികിത്സ നൽകിയ സംസ്ഥാനം, കാഴ്ചപരിമിതർക്കായി പ്രത്യേകം ലഭ്യമാക്കിയ സേവനങ്ങൾക്ക് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്നീ രണ്ട് വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ.
- വയോജനപരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ
- മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിങ്ങ് സ്റ്റേറ്റ് ദേശീയ പുരസ്കാരം കേരളത്തിന്
- രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം വില്ലേജുകളുടെ കേന്ദ്രസർക്കാർ പട്ടികയിൽ കടലുണ്ടിയും കുമരകവും തെരഞ്ഞെടുക്കപ്പെട്ടു.
- ഭിന്നശേഷി ആരോഗ്യമേഖലയിലെ രാജ്യാന്തരസ്ഥാപനമായി വികസിച്ച തൃശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (നിപ്മർ) യു.എൻ കർമ്മസേന പുരസ്കാരം.
- ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം(എൻ.യു.എൽ.എം.) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 2023-24ലെ സ്പാർക്ക് റാങ്കിങ്ങിൽ കേരളത്തിന് ഒന്നാം സ്ഥാനം. ഇതോടെ തുടർച്ചയായി ഏഴു തവണ സ്പാർക്ക് അവാർഡ് നേടുന്ന ഏക സംസ്ഥാനമായി കേരളം മാറി.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള പോലീസിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം.
- മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്.
- ബേപ്പൂർ സമഗ്ര ഉത്തരവാദിത്വ

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള പോലീസിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം**



ടൂറിസം പദ്ധതിക്ക് ഐസിആർടി (ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം) ഇന്ത്യ ചാപ്റ്ററിന്റെ 2024ലെ സുവർണ പുരസ്കാരം.

- സുസ്ഥിര വികസനത്തിനായുള്ള ഷാങ്ഹായ് ഗ്ലോബൽ അവാർഡിന് തിരുവനന്തപുരം കോർപറേഷൻ തെരഞ്ഞെടുക്കപ്പെട്ടു. യുഎൻ ഹാബിറ്റാറ്റിന്റെയും ഷാങ്ഹായ് മുനിസിപ്പാലിറ്റിയുടെയും നേതൃത്വത്തിലുള്ള ആഗോള സംരംഭമാണ് നഗരങ്ങളിലെ സുസ്ഥിര വികസനത്തിനുള്ള ആഗോള അവാർഡിന് തിരുവനന്തപുരം കോർപ്പറേഷനെ തെരഞ്ഞെടുത്തത്.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ രാജ്യത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് - ഐ.സി.എം.ആർ തിരഞ്ഞെടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗം ഇടം നേടിയത്. കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് ഈ സ്ഥാനത്ത് എത്തുന്നത് ചരിത്രത്തിൽ ആദ്യമായാണ്.
- ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിങ്ങ് ഏജൻസിക്കുള്ള ദേശീയ അംഗീകാരവുമായി തുടർച്ചയായി രണ്ടാം തവണയും സംസ്ഥാന വനിതാവികസന കോർപ്പറേഷൻ. സംസ്ഥാനത്ത് വനിതകളുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ ഒന്നാംസ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്.
- പബ്ലിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ' നൽകുന്ന 'ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ" അംഗീകാരം സംരംഭക വർഷം പദ്ധതിക്ക്. സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി അംഗീകരിക്കപ്പെടുന്നത്.



Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Government Press, Mannanthala, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala, Government Secretariat, Thiruvananthapuram 695001.